Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ഡിസംബർ 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 113 വൃശ്ചികം 28 | ലക്കം 19

## തിരുസഭാഭരണം

[ജെ. കെ. തയ്യിൽ എസ്. ജെ.]

ലോകത്തിന്റെ ഒരററംമുതൽ മററെ അററംവരെ പടർന്നുകിടക്കുന്ന കത്തോലിക്കാതിരുസ്സഭയുടെ ഭരണം പ്രജാധിപത്യത്തിൽ അധിഷ്ഠിതമായ ഏകാധിപത്യമാണ്. ഇതിനെ ഒന്നുകൂടി വിശദമാക്കുന്നുവെങ്കിൽ ആഗോളവ്യാപകമായ തിരുസ്സഭയുടെ ഏതൊരു സന്താനത്തിനും— ഔദ്യോഗികഭരണഭാരം ക്രിസ്തു പുരുഷന്മാരെയാണ് ഭരമേല്പിച്ചിരിക്കുന്നത്— പുരുഷനാകുന്നുവെങ്കിൽ തിരുസ്സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാവരെ ഉയരുവാൻ സാദ്ധ്യമാണ്; ഉയർന്നിട്ടുമുണ്ട്. ഉദാഹരണമായി ഈ ഇരുപതാംനൂററാണ്ടിന്റെ ആരംഭത്തിൽ, കൃത്യമായി പറയുന്നുവെങ്കിൽ 1903 ആഗസ്റ്റ് 4-ാംനു മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. ആഗസ്റ്റ് 9-ാംനു കിരീടധാരണം ചെയ്യപ്പെട്ട പീയൂസ് ദശമൻ ഇററലിയിലുള്ള ട്രെവിസോ എന്ന രൂപതയിൽ റീയെസ് എന്ന കുഗ്രാമത്തിൽ ദരിദ്രകുടുംബത്തിൽ ജനിച്ചുവളർന്ന എട്ടുസന്താനങ്ങളിൽ ഒന്നാമത്തവനായിരുന്നു. ഇന്ന് അദ്ദേഹം തന്റെ തിരുസ്സഭാഭരണപാടവംകൊണ്ടുമാത്രമല്ല, പുണ്യപരിപാകംകൊണ്ടും പ്രഖ്യാതനായി പുണ്യവാനായി പ്രഖ്യാപനംചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെ വി. പീയൂസ് ദശമൻ ഇരുപതാംനൂററാണ്ടിലെ "പരിശുദ്ധനായ" പരിശുദ്ധ പിതാവും സുമാർ നാനൂറുകൊല്ലങ്ങൾക്കുമുൻപു ജീവിച്ചിരുന്ന വി. പീയൂസ് പഞ്ചമനുശേഷം പുണ്യപദത്തിലേക്കുയർത്തപ്പെട്ട മാർപ്പാപ്പായുമാണ്.

ഒരു മാർപ്പാപ്പാ ദിവംഗതനാകുമ്പോൾ കർദ്ദിനാൾ തിരുസംഘത്തിന്റെ ഡീൻ അഥവാ പ്രധാനി തിരുസ്സഭയിലെ സകല കർദ്ദിനാളന്മാരെയും വിവരമറിയിച്ച് അവരെ റോമിലേക്കു ക്ഷണിച്ച് പരിശുദ്ധ പിതാവു മരിച്ച് പതിനഞ്ചോ പതിനെട്ടോ ദിവസത്തിനുള്ളിൽ കർദ്ദിനാൾ തിരുസംഘം ഔദ്യോഗികമായി പുതിയ മാർപ്പാപ്പായെ തെരഞ്ഞെടുക്കുവാൻ സമ്മേളനം കൂടുന്നു. ഈ സമ്മേളനം രഹസ്യസമ്മേളനമാണ്. അതിനാൽ ഇതിനെ കോൺക്ലേവ് എന്നു വിളിക്കുന്നു. കോൺക്ലേവിന്റെ ആരംഭത്തിൽ കർദ്ദിനാളന്മാരെല്ലാവരും സിസ്റ്റൈൻ കപ്പേളയിൽ സമ്മേളിച്ച് ദിവ്യബലി അർപ്പിച്ചശേഷം ഓരോരുത്തർക്കും നിശ്ചയിച്ചിരിക്കുന്ന മുറിയിൽ പ്രവേശിച്ച് പരമരഹസ്യമായി അവരുടെ സമ്മതിദാനം അവർ ദിവ്യബലി അർപ്പിക്കുവാൻ ഉപയോഗിച്ച തിരുക്കാസായിൽതന്നെ പരിശുദ്ധാരൂപിയോടുള്ള തീവ്രപ്രാർത്ഥനയ്ക്കുശേഷം നിക്ഷേപിക്കുന്നു. 1945 ഡിസംബർ 8-ാംനു പ്രഖ്യാപനംചെയ്യപ്പെട്ട ഔദ്യോഗികനിയമപ്രകാരം ഒരാളെ മാർപ്പാപ്പായായി തിരഞ്ഞെടുക്കണമെങ്കിൽ $\frac{2}{3}+1$ വോട്ടുകിട്ടേണ്ടതു് ആവശ്യമാണ്. അങ്ങനെ 68% വോട്ടുകിട്ടിയാൽ മാത്രമേ ഒരാൾക്കു മാർപ്പാപ്പായാകുവാൻ സാദ്ധ്യമാകൂ. മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട ആൾ തന്റെ സമ്മതവും നൽകണം മാർപ്പാപ്പായാകുവാൻ. നിശ്ചിതതമാനം കിട്ടുന്നതുവരെ കാലത്തും വൈകുന്നേരവും വോട്ടു നടക്കും. നിശ്ചിതതമാനം കിട്ടാത്തപ്പോൾ സമ്മതിദാനം വിജയപ്രദമായില്ല എന്നു കാണിക്കുവാൻ നനഞ്ഞ വയ്ക്കോൽ ചേർത്തുകൂടി വോട്ടുകൾ കത്തിച്ചു അല്പമിരുണ്ട പുക ചിമ്മിനിയിൽക്കൂടെ പുറത്തേക്കയക്കും. സമ്മതിദാനം വിജയപ്രദമായാൽ വയ്ക്കോൽ കൂടാതെ വോട്ടുകൾ കത്തിച്ച് ധവളധൂമം ബഹിർഗമിപ്പിക്കും. അപ്പോൾ അക്ഷമരായി ചത്വരത്തിൽ തടിച്ചുകൂടിയിരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾ "വിവാ ഇൽ പാപ്പാ" "പോപ്പുരാജൻ വിജയിക്കട്ടെ" എന്ന ജയജയാരവങ്ങൾ മുഴക്കും. മുൻപു പറഞ്ഞതുപോലെ കത്തോലിക്കാസഭയിലെ ഏതൊരു പുരുഷനെയും മാർപ്പാപ്പായായി തെരഞ്ഞെടുക്കാം. തെരഞ്ഞെടുക്കപ്പെട്ട ആൾ ഒരു പ്രത്യേക വർണ്ണത്തിനോ, വർഗ്ഗത്തിനോ, ദേശത്തിനോ, കാലത്തിനോ വിധേയനായ ആളായിരിക്കണമെന്നുമില്ല. അൽമേനിയാകുന്നുവെങ്കിൽ അദ്ദേഹം വൈദികപട്ടം സ്വീകരിച്ച് മെത്രാനാകണമെന്നുമാത്രം.

ഒരിക്കൽ ഒരാൾ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട് അഭിഷേചിക്കപ്പെട്ടുകഴിഞ്ഞാൽ അദ്ദേഹം പരമാധികാരിയായിക്കഴിഞ്ഞു. ഇനിമേൽ അദ്ദേഹത്തിന്റെ മരണംവരെ ഏകാധിപത്യമെന്നു വിളിക്കാം. അദ്ദേഹം അപ്രമാദിത്വമുള്ള പരമാദ്ധ്യക്ഷനായി ഇന്നത്തെ നിലയ്ക്കു റോമാരൂപതയുടെ മെത്രാനായി, ക്രിസ്തുവിന്റെ പരമപ്രതിനിധിയായി, തിരുസ്സഭയുടെ ദൃശ്യതലവനായി, വി. പത്രോസിന്റെ അനന്തരഗാമിയായി, അപ്പസ്തോലപട്ടത്തിന്റെ നേതാവായി, അത്യുന്നത ധർമ്മാദ്ധ്യക്ഷനായി, അഭിമാനത്തിലും അധികാരത്തിലും സർവ്വലോകവ്യാപകമായ കത്തോലിക്കാതിരുസ്സഭയുടെ പരമാധികാരിയായി പാശ്ചാത്യസഭയുടെ പാത്രിയർക്കീസായി (ഉന്നതപിതാവായി) ഇററലിയുടെ പ്രൈമേററായി (പ്രഥമാദ്ധ്യക്ഷനായി), റോമൻപ്രവിശ്യയുടെ മെത്രാപ്പോലീത്തയായി. വത്തിക്കാൻ രാജ്യത്തിന്റെ ഭരണാധിപനായി, മാർപ്പാപ്പായെന്ന സ്ഥാനത്തിൽ പുതിയ നാമധാരിയായി വാണരുളുന്നു.

മാർപ്പാപ്പായെ തിരുസ്സഭാഭരണത്തിൽ സഹായിക്കുവാൻ പ്രഥമവും പ്രധാനവുമായി നിലകൊള്ളുന്നതു് കർദ്ദിനാൾ തിരുസംഘമാണ്. ഈ തിരുസംഘത്തിലെയും ഓരോ ആളിനെയും തിരഞ്ഞെടുക്കുന്നതാണ്. മാർപ്പാപ്പായാണ് അവസാനമായി തിരഞ്ഞെടുക്കപ്പെട്ട ആളെ കർദ്ദിനാൾപദത്തിലേക്കുയർത്തുന്നതെങ്കിലും തന്റെ ആലോചനാസംഘത്തിന്റെ സശ്രദ്ധമായ പര്യന്വേഷണത്തിനുശേഷമാണ് ഒരാളെ ഈ അത്യുന്നതസ്ഥാനത്തിലേക്ക് ആരോഹണം ചെയ്യുന്നത് കർദ്ദിനാൾസംഘത്തെ മൂന്നായി തരംതിരിച്ചിരിക്കുന്നു 1. കർദ്ദിനാൾ ബിഷപ്പന്മാർ, 2 കർദ്ദിനാൾ വൈദികർ, 3 കർദ്ദിനാൾ ഡീക്കൻസ്. ആകെ സംഖ്യ എഴുപതാണ്. 1953-ൽ മാത്രമാണ് ഇന്നു ഭാഗ്യമായി വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ കർദ്ദിനാൾസംഘത്തെ പൂർത്തിയാക്കിയതു്. അപ്പോൾ മാത്രമാണ് ഇന്ത്യക്കും ഒരു കർദ്ദിനാളിനെ ലഭിച്ചതു്.



Photo by Royal Studio, Ekm.

ഇന്ത്യയുടെ ഇന്റർനൺഷിയോ മോസ്റ്റ് റവ. ഡോ. മർട്ടിൻ ലൂക്കാസ് എസ്. വി. ഡി. തിരുമനസ്സിലെ ബഹുമാനാർത്ഥം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു അരമനയിൽവച്ചു നടത്തിയ സൽക്കാരത്തിൽ പങ്കെടുത്ത എറണാകുളത്തെ കത്തോലിക്കാ ഉദ്യോഗസ്ഥന്മാർ, ഡോക്ടറന്മാർ, വക്കീലന്മാർ മുതലായവർ.

ഭാരതാംബികയുടെ മാതൃസ്തന്യം പാനംചെയ്തു. അവളുടെ അഭിമാനസ്തംഭമായി വിരാജിക്കുന്ന കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസിനെ 1953 ജനുവരിയിൽ മാത്രമാണ് അത്യുന്നത കർദ്ദിനാളായി പീയൂസ് ദ്വാദശൻ മകുടം ചൂട്ടിയതു്. അപ്പോൾ നമ്മുടെ കർദ്ദിനാളുൾപ്പെടെ 6 കർദ്ദിനാൾ ബിഷപ്പന്മാരും, 50 കർദ്ദിനാൾ വൈദികരും 14 കർദ്ദിനാൾ ഡീക്കൻസുമുണ്ടായിരുന്നു. അതിൽ 8 പേർ ഇതിനകം ദിവംഗതരായി.

കർദ്ദിനാൾ സംഘത്തിനുശേഷം മാർപ്പാപ്പായെ പ്രത്യേകം ഭരണത്തിൽ സഹായിക്കുന്നതു രൂപതാദ്ധ്യക്ഷന്മാരാണ്. ഈ രൂപതാദ്ധ്യക്ഷന്മാർ. പാത്രിയർക്കീസന്മാർ, ആർച്ചുബിഷപ്പന്മാർ, മെത്രാന്മാർ, ഉപമെത്രാന്മാർ, അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാമാർ,

വികാരിഅപ്പസ്തോലിക്കമാർ എന്നിങ്ങനെ പല തരത്തിലുണ്ട്. 1953-ലെ കണക്കിൻപ്രകാരം 1948 ഭരണഘടനകളും 1123 രൂപതകളുമുണ്ട്. ഈ 1948 ധർമ്മാദ്ധ്യക്ഷഘടനകളിൽ 709 യൂറോപ്പിലും 406 ഏഷ്യയിലും (ഇൻഡ്യയിൽ 86), 229 ആഫ്രിക്കയിലും, 549 അമേരിക്കകളിലും, 55 ഓഷ്യാനിയായിലുമാകുന്നു. ഈ ഘടനകളിൽ എല്ലാംകൂടി 10 സ്ഥിരപാത്രിയർക്കീസ് ഭരണഘടനകളും, 282 മെത്രാപ്പോലീത്തൻ ഭരണാധികാരങ്ങളും, 42 ആർച്ച്ഡയോസിസുകളും (അതിരൂപതകളും), 1123 രൂപതകളും (മെത്രാന്മാർ ഭരിക്കുന്ന ഘടനകൾ), 69 ആബാസധികാരങ്ങളും (സന്യാസമേല്പട്ടക്കാരുടെ ഭരണം), 13 അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർഭരണാധികാരങ്ങളും, 18 പൗരസ്ത്യധർമ്മാദ്ധ്യക്ഷഘടനകളും, 250 വികാരിഅപ്പസ്തോലിക്കകളും, 129 പ്രിഫക്ട് അപ്പസ്തോലിക്കകളും, 10 പ്രേഷിതകേന്ദ്രങ്ങളുമുണ്ട്. ഇവയ്ക്കും പുറമെ അഭിമാനപരമായി (Titular) നാലു പാത്രിയർക്കീസന്മാരും, 882 ആർച്ചുബിഷപ്പന്മാരും, ബിഷപ്പന്മാരുമുണ്ട്. 1953 ജനുവരി 31 വരെ ഇന്നു അജയ്യകീർത്തിയോടെ ഭരിക്കുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 483 ധർമ്മാദ്ധ്യക്ഷഘടനകൾ സ്ഥാപിച്ചുകഴിഞ്ഞു. അതിനുശേഷം ഈ 1954 ലും 55 ലും പല രൂപതകളും പുതുതായി രൂപംപ്രാപിച്ചിട്ടുണ്ട്.

പാത്രിയർക്കീസന്മാരും മെത്രാപ്പോലീത്തന്മാരും മെത്രാന്മാരും മററു രൂപതാദ്ധ്യക്ഷന്മാരും ഭരിക്കുന്ന ഭരണഘടനകളുടെ ധർമ്മാദ്ധ്യക്ഷനേതാക്കന്മാരുമാണ്. ഇങ്ങനെ നമ്മുടെ ഭാരതത്തിൽ പാക്കിസ്ഥാൻ, ബർമ്മാ, സിലോൺ ഉൾപ്പെടെ ഒരു അപ്പസ്തോലിക്ക് ഇൻറർനൺഷിയോയും (രാഷ്ട്രവും സഭയും തമ്മിലുള്ള ഔദ്യോഗികകാര്യങ്ങളുടെ പ്രതിനിധി), ഒരു ലത്തീൻ പാത്രിയർക്കീസും, പതിനേഴ് മെത്രാപ്പോലീത്തന്മാരും 70 മെത്രാന്മാരും (രൂപതാദ്ധ്യക്ഷന്മാരിൽ ചിലർ ഇനിയും മെത്രാൻപദം സ്വീകരിച്ചിട്ടില്ല) ഉണ്ട്. ഈ രൂപതാതിരൂപതകളിൽ പതിനാറെണ്ണവും നമ്മുടെ മലബാറിലാണെന്നു അഭിമാനസമേതം എടുത്തു പറഞ്ഞുകൊള്ളട്ടെ.

രൂപതയുടെ ഒരു വിധത്തിൽ പറഞ്ഞാൽ, പരമാദ്ധ്യക്ഷനാണ് മെത്രാൻ. അദ്ദേഹം മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിലല്ല, ഔദ്യോഗികമായ അധികാരത്തിലാണ് രൂപതയെ ഭരിക്കുന്നതു്. അതുകൊണ്ടു അദ്ദേഹം മാർപ്പാപ്പായുടെ കീഴിലല്ലെന്നോ, മാർപ്പാപ്പായുടെ ഇഷ്ടംപോലെ അദ്ദേഹത്തെ മാററുവാൻ പാടില്ലെന്നോ അർത്ഥമില്ല. രൂപതാഭരണത്തിൽ അദ്ദേഹം നേരിട്ടു മാർപ്പാപ്പായ്ക്കു ഉത്തരവാദപ്പെട്ടിരിക്കുന്നു. അഞ്ചുകൊല്ലത്തിൽ ഒരിക്കൽ ഔദ്യോഗികമായി അദ്ദേഹം വിശുദ്ധ നഗരി സന്ദർശിച്ചു മാർപ്പാപ്പായെ തിരുമുഖം കാണിച്ചു രൂപതാഭരണത്തിൻെറ ഒരു ഔദ്യോഗികറിപ്പോർട്ട് രേഖാമൂലം തിരുസിംഹാസനത്തിനു സമർപ്പിക്കേണ്ടതാണ്.

ഒരു രൂപതയുടെ മെത്രാനെ തെരഞ്ഞെടുക്കുന്നതും മാർപ്പാപ്പാ സ്വമേധയാ അല്ല, വേണ്ട പര്യന്വേഷണങ്ങൾ നടത്തിയ ശേഷമാണ്. ഓരോ രൂപതയേയും ഭരിക്കുന്ന മെത്രാൻ 1916 ജൂലൈ 25-ാംനു നടപ്പിൽ വരുത്തിയ ഔദ്യോഗികനിയമപ്രകാരം രണ്ടു കൊല്ലം കൂടുമ്പോൾ മെത്രാൻപദത്തിനു അർഹരായ വൈദികരുടെ ഒരു പട്ടിക തിരുസിംഹാസനത്തിനു അയച്ചുകൊടുക്കണം. ഈ പട്ടിക അയച്ചുകൊടുക്കുന്നതും നേരിട്ടല്ല, പിന്നെയോ മെത്രാൻ തൻെറ ധർമ്മാദ്ധ്യക്ഷഘടനയിലെ മെത്രാപ്പോലീത്താവഴിക്കും, മെത്രാപ്പോലീത്താ നിരീക്ഷണപരീക്ഷണം നടത്തിയശേഷം ലെഗാട്ടപ്പസ്തോലിക്ക അല്ലെങ്കിൽ ഒരു രാജ്യത്തിൻെറ മുഴുവൻ ധർമ്മാദ്ധ്യക്ഷഘടനയുടെ നേതാവായ മെത്രാനും (ഇന്നു ഇന്ത്യയിൽ ഇൻറർനൺഷിയോ) അയക്കുന്നു. ഈ ഉന്നത ധർമ്മാദ്ധ്യക്ഷനേതാവ് കൂലങ്കഷമായി പര്യന്വേഷണം നടത്തി ഈ പട്ടിക തിരുസിംഹാസനത്തിനു സമർപ്പിക്കുന്നു. ഇങ്ങനെ തിരുസിംഹാസനത്തിലെ തിരുസംഘത്തിൻെറ


For favours received



Mrs. Mary Sebastian
Trichur


കൈവശം ഇരിക്കുന്ന ദീർഘമായ പട്ടികയിൽ നിന്നാണ് യോഗ്യരായ വൈദികവരേണ്യരെ പുതിയ പുതിയ രൂപതാദ്ധ്യക്ഷന്മാരായി പ്രഖ്യാപനം ചെയ്യുന്നതു്.

രൂപതാദ്ധ്യക്ഷന്മാരായ മെത്രാന്മാർക്കു വ്യക്തിപരമായി അപ്രമാദിത്വം ഇല്ലെങ്കിലും സാമൂഹ്യപരമായി മാർപ്പാപ്പായോടു യോജിച്ചുനിന്നു വിശ്വാസത്തിനും സന്മാർഗ്ഗത്തിനും അടുത്ത വിഷയങ്ങളെപ്പററി ഔദ്യോഗികമായി പഠിപ്പിക്കുമ്പോൾ അപ്രമാദിത്വവരമുണ്ട്. ഇങ്ങനെയാണ് മാർപ്പാപ്പായുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും നടത്തുന്ന പൊതുസൂനഹദോസുകൾക്കു വിശ്വാസസന്മാർഗ്ഗവിഷയങ്ങളിൽ തെററാവരം ലഭിക്കുന്നതു്.

ഇങ്ങനെ പ്രജാധിപത്യത്തിൽ സ്ഥാപിതമായ ഏകാധിപത്യഭരണം ക്രിസ്തുവിൻെറ ദിവ്യസന്ദേശത്തെ ലോകമെങ്ങും പ്രചുരപ്രചാരമാക്കി ലോകത്തിൻെറ നാനാഭാഗങ്ങളിലായി നിവസിക്കുന്ന 46 കോടി കത്തോലിക്കരെ മാത്രമല്ല, 30 കോടിഅകത്തോലിക്കരെയും, 160 കോടി അക്രിസ്ത്യയരെയും നിത്യസത്യദൈവമായ രക്ഷകൻെറ വിജയക്കൊടിയിൻ കീഴിലാക്കട്ടെ. സത്യം ജയതി.

—o—



ആഖ്യായിക

## ബറാബാസ്

അദ്ധ്യായം 11 [തുടർച്ച]

### "ഈ മലമുകളിലും ജെറുസലേമിൽപോലും ഇല്ല"

[വി. സി. ജോർജ് ബി. എ. എൽ. ററി.]

ബറാബാസ് വളരെ വികാരഭരിതനായി ചാടിയെണീററു എങ്കിലും ഉലോം ശാന്തമായിട്ടാണ് സംസാരിച്ചതു്: "അവർ പോയിട്ടെന്തു സമയമായി?"

"രണ്ടുമണിക്കൂറിലധികം. നമ്മുടെ പാച്ചിൽക്കൂടിയ മൃഗങ്ങളെയാണ് കൊണ്ടുപോയിരിക്കുന്നതു്." ബറാബാസ് മന്ദഹസിച്ചതേയുള്ളു. "അവർ കരുതിക്കൂട്ടിചെയ്തതാണ്. വരാനിരുന്ന അനുഭവം അവർ മുൻകൂട്ടിക്കണ്ടു. ഏതെങ്കിലുമാകട്ടെ, ഇവരുടെ ഈ പോക്കു മററുള്ളവരുടെയിടയിൽ എന്തു ഫലമാണുണ്ടാക്കിയിരിക്കുന്നതു്?"

"ഓടിപ്പോയവരെ എല്ലാവരും പഴിക്കുകയാണ്. അവരെപ്പററി സർവ്വത്ര വെറുപ്പുണ്ടു്."

"അങ്ങനെ വരുമെന്നുതന്നെ എനിക്കു തോന്നി. ഒരു കണക്കിനു ഈ ഒളിച്ചോട്ടം നമുക്കുപകാരമായിത്തീർന്നിട്ടുണ്ടു്."

"അവർ നമ്മളെ ഒററിക്കൊടുത്താലോ?" യൂദാ ആവേശപൂർവ്വം ചോദിച്ചു.

"അവർ അത്രയ്ക്കു ഭോഷരോ! നമ്മെ റോമന്മാർക്കൊററിക്കൊടുത്താൽ കിട്ടുന്ന സമ്മാനം കുരിശിലേററമാണെന്നു ജോയലിനു നല്ലവണ്ണമറിയാം. എതിർന്യായമൊന്നും യൂദാ കൊണ്ടുവരേണ്ടാ. സംഗതി ഒളിച്ചോട്ടത്തിൽ കലാശിച്ചതിൽ എനിക്കു സന്തോഷമേയുള്ളു. ഞാൻ നമ്മളുടെ ആളുകളോടു സംസാരിക്കട്ടെ. അതിനുശേഷം സമരായരോടുള്ള പിണക്കം പറഞ്ഞുതീർക്കണം. താൻ പോയി, ആളുകൾ ഒന്നിച്ചുകൂടുവാൻ പറയൂ."

ഏതോ സംസാരിക്കുവാൻ യൂദാ ഭാവിച്ചതുപോലെ തോന്നി. എന്നാൽ പുനരാലോചനയുടെ ഫലമായി പൊങ്ങിവന്ന വാക്ക് അയാൾ വിഴുങ്ങുകയാണു ചെയ്തതു്. അയാൾ നടന്നുതുടങ്ങിയപ്പോൾ ബറാബാസ് വിളിച്ചുപറഞ്ഞു: "ഒരു കാര്യംകൂടെ, എസ്രായ്ക്കു കൊടുക്കുവാൻ അന്ധൻ ഏലിയാസ്സറിൻെറ പക്കൽ ആട്ടിൻപാലുണ്ടോയെന്നന്വേഷിക്കണം. അയാളുടെ ക്ഷീണം മാറിയിട്ടില്ല."

യൂദാ തലകുലുക്കിക്കൊണ്ടു മറഞ്ഞു. ബറാബാസിൻെറ സ്വഭാവവൈചിത്ര്യം അയാൾക്കു ധ്യാനവിഷയമായി. ഏതാനും നിമിഷങ്ങൾക്കുമുമ്പ് രക്തക്കളിക്കു വട്ടംകൂട്ടിയ ആൾ ഇപ്പോൾ എസ്രായ്ക്കു ചൂടുപാലന്വേഷിക്കുന്നു!

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ പൊതുസമ്മേളനങ്ങൾക്കായുപയോഗിക്കാറുണ്ടായിരുന്ന തുറന്ന സ്ഥലത്തു് ബറാബാസിൻെറ ആളുകൾ ഹാജരായി. ഏകദേശം ആയിരത്തിഇരുന്നൂറുപേരുണ്ടായിരുന്നു. പ്രഭാഷണചതുരത തീരെ ഇല്ലാതിരുന്ന ബറാബാസ് ഇപ്രാവശ്യം വാഗ്വിലാസം ഒട്ടും കുറച്ചില്ല. റോമന്മാരുടെമേലുള്ള അവസാനവിജയത്തിൻെറ തീയതി അനിശ്ചിതം നീട്ടിവയ്ക്കുന്നതുകൊണ്ടും സമരായരോടു പിണങ്ങിയതു് വളരെ ബുദ്ധിമോശമായി എന്നയാൾ അനുയായികളെ ധരിപ്പിച്ചു. അനന്തകാലം നാം വേട്ടമൃഗങ്ങളായി കാട്ടിലും പാറക്കെട്ടുകളിലും കഴിയുകയോ? ഒരിക്കലുമില്ല. ഒളിച്ചോടിപ്പോയ ജോയലും കൂട്ടരും അവരുടെ വിധി എഴുതിത്തീർത്തു. അവർ റോമന്മാരുടെ അടുത്തു സ്വന്ത മനസ്സാലെ ചെന്നാലും റോമന്മാർ അവരെ യാദൃച്ഛികമായി പിടിച്ചാലും മരണവക്ത്രത്തിൽ എത്തുകതന്നെയായിരിക്കും അനുഭവം. വഞ്ചിയി റോമന്മാർക്കിഷ്ടമാണെങ്കിലും ദ്രോഹികളേയും വഞ്ചകരേയും കൊല്ലുകയാണവരുടെ പതിവു്. എന്നാൽ ബറാബാസിൻെറ കൂടെ ഇടരുന്നവർക്ക്, സുരക്ഷിതാവസ്ഥയും സമ്മാനങ്ങളും സ്ഥാനമാനങ്ങളും തീർച്ചയായും കൈവരികതന്നെചെയ്യും. അതുകൊണ്ടു് യോഗത്തിൻെറ അഭിപ്രായം ബറാബാസ് ആരാഞ്ഞു. "സമരായരെ തിരിച്ചുവരുത്തണമോ?" എന്ന ചോദ്യത്തിനു് "സമരായരെ തിരിച്ചുകൊണ്ടുവരണം", "ജോയലിനു ശാപം!" എന്നിങ്ങനെ എല്ലാവരും വിളിച്ചുപറഞ്ഞു. സമരായരോടു മുമ്പു കൂടുതൽ അനാദരം പ്രകടിപ്പിച്ചവരുടെ ശബ്ദമാണ് അധികം പൊങ്ങിയതു്.

പിറേറദിവസം പ്രഭാതത്തിൽ ബറാബാസ് ഏകനായി പശ്ചിമാഭിമുഖം യാത്രതിരിച്ചു പാളയത്തിലെ പരമാധികാരം യൂദായെ ഏല്പിച്ചുവെന്നു മാത്രമല്ല യൂദായുടെ ആജ്ഞ സർവ്വദാ ആദരണീയമാകത്തക്കവണ്ണം സുശക്തമായ ഒരു അംഗരക്ഷകസംഘത്തെ അയാൾക്കു നൽകുകയുംചെയ്തു. ജോയലിനേയും കൂട്ടുകാരേയും അനുധാവനംചെയ്ത ചെറുസംഘം രാത്രിയിൽ മടങ്ങിവന്നു്, ഒളിച്ചോടിപ്പോയവരെപ്പററി യാതൊരു വിവരവും കിട്ടിയില്ലെന്നു റിപ്പോർട്ടുചെയ്തിരുന്നു.

പ്രതീചീദിനാക്കി സവാരിചെയ്ത ബറാബാസിൻെറ മുഖത്തു് ചൂടുകാററു വീശി. ശോഭനമായ ഒരു ദിനത്തിൻെറ പ്രതീതിയാണുണ്ടായിരുന്നതു്. ആസന്നവസന്തത്തെ പ്രഖ്യാപിച്ചുകൊണ്ടു് മേഘരഹിതമായ നീലാമ്പരത്തിൽ സൂര്യൻ വിളങ്ങി. അത്യുസുന്ദരാകാശത്തിൽ പക്ഷികൾ അങ്ങുമിങ്ങും പറന്നു. ബറാബാസ് സവാരിചെയ്തു കൊണ്ടിരുന്ന മൈതാനം പച്ചവിരിച്ച ഒരു വലിയ പായ്കണക്കെ അതിവിസ്താരത്തിൽ ദൃശ്യമായി. അടുത്തുവന്ന ശല്യകാലത്തിൻെറ ലാഞ്ഛനങ്ങളിൽ ബറാബാസിൻെറ ദൃഷ്ടി ചെന്നില്ല. ശത്രുക്കളിൽനിന്നൊളിക്കുന്നതിനു യാതൊരു സ്ഥാനവുമില്ലാതെ നീണ്ടു നിവന്നുകിടന്ന മൈതാനത്തിൽ കൂടിയുള്ള സവാരി അയാൾക്കു രോചകമായിരുന്നു. പോരെങ്കിൽ അതിമോഹത്തിൻെറയും അക്ഷമയുടേയും തൻെറ പദ്ധതി പൂരോഗമിക്കായ്കമൂലം ഉളവായ അസംതൃപ്തിയുടേയും ഇരുളടഞ്ഞ വിചാരങ്ങൾ അയാളെ അലട്ടുകയുംചെയ്തു. ജറുസലേമിൽ തനിക്കുണ്ടായിരുന്ന പ്രോത്സാഹകന്മാർ അവരുടെ പണസഞ്ചികൾ മുറുക്കിക്കെട്ടി, തൻെറ ആളുകൾക്കു് ആയുധത്തിനും ആഹാരത്തിനുംവേണ്ടിയിരുന്ന പണം വാദങ്ങൾക്കും വിലപേശലുകൾക്കുംശേഷം മനസ്സില്ലാമനസ്സോടെ പിച്ചച്ചട്ടിയിലേക്കെന്നോണം അല്പാല്പമായിട്ടാണ് നൽകിയിരുന്നതെന്നുള്ള സംഗതി ബറാബാസിനു മറക്കുവാൻകഴിഞ്ഞില്ല. സമരായരോടുള്ള സഹകരണത്തിൽ അവർ വിപ്രതിപത്തി പ്രകടിപ്പിക്കുകയും നസ്രായനെതിരായി എന്തെങ്കിലും ചെയ്യണമെന്നു നിർബന്ധിക്കുകയും ചെയ്തിരുന്നതു് അയാളുടെ ആലോചനാവിഷയമായി "ഒരു ജനസമുദായം നശിക്കുന്നതിലും ഭേദം ഒരുവൻ മരിക്കുന്നതാണ്" എന്നു് ഈശോയെ ഉദ്ദേശിച്ചു് പ്രധാനാചാര്യൻ ഹന്നാസ് ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. നഥാനിയേൽ റാബി ബറാബാസിനോടു് ആ വാക്യം ഉദ്ധരിക്കുകയുംചെയ്തു. നിരുപദ്രവിയായ ആ അരക്കിറുക്കനോടു് പ്രധാനാചാര്യനു തോന്നിയ വിരോധത്തിനു് ഹേതു കണ്ടുപിടിക്കുവാൻ ബറാബാസിനു കഴിഞ്ഞില്ല. ലാസറസിൻെറ ഭവനത്തിലെ വാതില്പ്പുറം പ്രകാശം കവിഞ്ഞൊഴുകുന്ന മുഖത്തോടുകൂടി നിന്നിരുന്ന നസ്രായൻെറ ഒററ നോട്ടത്താൽ താനും തൻെറ അനുയായികളും മതിമറന്നു് മയങ്ങിയ അനുഭവം അയാൾ സ്മരിച്ചു.

സ്ഥിരവാസമില്ലാതെ കാലിക്കൂട്ടങ്ങളുമായി അലഞ്ഞുനടന്ന സഞ്ചാരിവർഗ്ഗത്തിൽപ്പെട്ട ഒരു

(ശേഷം 11-ാംപേജിൽ)


# ചുമയുടെ ഉത്ഭവം

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു് നിരാശരായിതീർന്നിട്ടുള്ളവർ, ചുമയുടെ ഉത്ഭവം എപ്രകാരമാണെന്നു് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേക്കുന്നു.

വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനംകുറഞ്ഞോ, അല്പാല്പമായോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിതുടങ്ങുന്നതുമുതൽ (മലബന്ധമൊ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കടലുകളിൽകൂടി മന്ദം മന്ദം കീഴ്പോട്ടിറങ്ങി മലദ്വാരം വഴി സ്വാപി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിൻെറ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണ്. ദേഹമാസകലം സഞ്ചരിക്കമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയറുവീക്കൽ" എന്നും, "ഗ്യാസ്ട്രബിൾ" എന്നും മററും പറയുന്നു. പ്രകൃത്യാതന്നെ ലഘുവും, ഇളകുന്ന സ്വഭാവത്തോടുകൂടിയതുമായ വായു ചൂടുപിടിക്കപ്പെടുംതോറും പൂർവ്വാധികം വേഗത്തിൽ സഞ്ചരിക്കാറുള്ളതുപോലെ, ഉദരത്തിനുള്ളിൽ കെട്ടിനില്ക്കുമൂലം പിന്നെയും പിന്നെയും ദുഷിക്കുകയും, ചൂടുപിടിക്കപ്പെടുകയും, ഘനംകുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന വായുവിൻെറ, ഉദരത്തിങ്കൽനിന്നു് അതിവേഗത്തിലുള്ള ഒരുതരം ഊർദ്ധ്വഗമനത്തെയാണ് "വരട്ടുചുമ" എന്നും, "വായുകത്തിച്ചുമ" എന്നും, "കഫമില്ലാത്തതരം ചുമ" എന്നും "എക്കിൾ" എന്നും മററും പറയുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ ഉഷ്ണാധികൃതാലോ, നീർവീഴ്ച, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, മൂത്രാധിക്യം മുതലായ രോഗങ്ങൾകൊണ്ടോ മററോ കഫത്തിനും ധാതുക്കൾക്കും ക്ഷയം സംഭവിക്കുന്നതിന്നിടവരുമ്പോഴും (ദേഹം മെലിയുമ്പോഴും) വാത-വായു-കോപത്താലുണ്ടാവുന്നതരം (കഫമില്ലാത്തതരം) ചുമ പിടിപെടുന്നതാണ്.

# പ്രതിവിധികൾ

വായുവിനേയും ചൂടിനേയും വർദ്ധിപ്പിക്കുന്നവകളായ എരുവ്, കയ്പ്, ചവർപ്പ്, പുളി എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, കടല, പയറ്, മോര് മുതലായ രൂക്ഷദ്രവ്യങ്ങളേയും, യഥാസമയങ്ങളിൽ ഭക്ഷണം കഴിയ്ക്കാതിരിക്കുക, ഉറക്കമൊഴിക്കുക, അമിതമായി സംസാരിക്കുക, കോപിക്കുക (ദ്വേഷ്യപ്പെടുക) വഴിനടക്കുക, മുറുക്കുക, പുകവലിക്കുക മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,
കടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടുനില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനെ) വർദ്ധിപ്പിക്കുന്നതിനും, വർദ്ധിച്ചിരിക്കുന്ന വാതപിത്തങ്ങളെ (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന ദ്രാക്ഷാഘൃതം യുക്തമെന്നു് തോന്നുന്നമാത്രയിൽ സേവിക്കുകയും, ശാരിബാതൈലം രണ്ടോ, രണ്ടരയോ ഔൺസ്‌വീതം ആദ്യത്തെ നാലഞ്ചുദിവസംവരെ കഴുത്തിനു് കീഴ്പ്പോട്ടുമാത്രവും, പിന്നീട്ടു് തലയിലും (ദേഹമാസകലവും) തേച്ചു് ഒന്നോ ഒന്നരയോ മണിക്കൂർ കഴിഞ്ഞശേഷം ദേഹത്തിൽനിന്നു് മെഴുക്കമയം അധികമായി നഷ്ടപ്പെടാത്തവിധത്തിൽ കുളിക്കുകയും ചെയ്യുന്നതായാൽ "കഫമില്ലാത്തതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ കച്ചയടപ്പ്, നെഞ്ചുവേദന, പള്ളവേദന, പനി, മൂത്രാധിക്യം, തൊണ്ടവരൾച്ച, അഗ്നിമാന്ദ്യം, അരുചി, ഉറക്കക്കുറവ് മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിനു് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷദൃഷ്ടാന്തമാണ്. "കഫംവരുന്നതരം ചുമ" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമുള്ളതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണ്.

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് 4-0-0
ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്ക് 3-0-0

9-6-0 ഉറുപ്പിക അയക്കുന്നവർക്ക് ഉപയോഗക്രമങ്ങളടക്കം മേൽ ഔഷധങ്ങൾ രണ്ടും രജിസ്റ്റേർഡ് പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചു് കൊടുക്കുന്നതാണ്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ്സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**

# അങ്കമാലി ചെറുപുഷ്പാസ്പത്രിയിൽ മറേറണിററി വാർഡിൻെറ ഉൽഘാടനം

## ഇൻറർനൂൺഷിയോ തിരുമേനി നിർവഹിച്ചു

എറണാകുളം അതിരൂപതവകയായി അങ്കമാലിയിൽ പ്രശസ്തമായി നടത്തിവരുന്ന ചെറുപുഷ്പാസ്പത്രിയിൽ പുതുതായി പണികഴിച്ചിരിക്കുന്ന മറേറണിററിവാർഡിൻെറ ഉൽഘാടനം ഇൻറർനൂൺഷിയോ തിരുമനസ്സുകൊണ്ട് ഡിസമ്പർ 4 ാംനു- സായാഹ്നത്തിൽ മംഗളപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു.

കൃത്യം 4-30 നു് ആസ്പത്രിയിൽ എത്തിച്ചേൎന്ന ഇൻറർനൂൺഷിയോ തിരുമേനിയെ എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് ഹാരമണിയിച്ചു സ്വീകരിച്ചു.

തിരുമേനിയെ സ്വാഗതംചെയ്തുകൊണ്ട് ആസ്പത്രി മാനേജർ വെരി റവ. ഫാദർ വർഗ്ഗീസ് കവലക്കാട്ട് അവർകൾ ചെയ്ത പ്രസംഗത്തിൽ ആതുരരക്ഷയിലും ആരോഗ്യസംരക്ഷണത്തിലും മറേറണിററിവാർഡിനുള്ള പ്രാധാന്യത്തെപ്പററി പരാമർശിക്കുകയും പൊതുജനാരോഗ്യസംരക്ഷണവിഷയത്തിൽ കത്തോലിക്കാസഭ ചെയ്യുന്ന സേവനങ്ങൾ വിവരിക്കുകയുമുണ്ടായി ആതുരരക്ഷയ്ക്കായി ദീനാനുകമ്പിയായ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചുപോരുന്ന വിശിഷ്ടമായ സേവനങ്ങളേയും അങ്കമാലി ചെറുപുഷ്പാസ്പത്രിയുടെ കാര്യത്തിൽ തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ചുപോരുന്ന പിതൃനിർവ്വിശേഷമായ വാത്സല്യപ്രകർഷത്തേയുംപററി അദ്ദേഹം കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചു.

ഇൻറർനൂൺഷിയോ തിരുമേനിചെയ്ത ഉൽഘാടനപ്രസംഗത്തിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സേവനങ്ങളെ അഭിനന്ദിക്കുകയും ക്രിസ്തുനാഥൻ സേവനാത്മകമായ ജീവിതചര്യയാൽ പ്രായോഗികമായി കാണിച്ച മാതൃകയേയും ആസ്പത്രിസേവനത്തിൻെറ മാഹാത്മ്യത്തേയും അനുസ്മരിപ്പിക്കുകയുമുണ്ടായി. രോഗം മാറിയശേഷം ആസ്പത്രി വിട്ടുപോകുന്നവർ പിന്നീടും ആസ്പത്രിയോടും ശുശ്രൂഷാസഹായങ്ങൾ നൽകിയ സിസ്റ്റേഴ്സ് തുടങ്ങിയ ആസ്പത്രിസ്റ്റാഫിനോടും സ്നേഹവും കൃതജ്ഞതയുമുള്ളവരായിരിക്കേണ്ടതാണെന്നു തിരുമേനി അനുസ്മരിപ്പിച്ചു. തനിക്കു നൽകിയ സ്വീകരണവും വൻപിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യവും തന്നെ അത്യധികം സന്തുഷ്ടനാക്കിയിട്ടുണ്ടെന്നും ഈ ജനക്കൂട്ടം ആസ്പത്രിയുടെ പ്രയോജനകരമായ സേവനത്തിലുള്ള മതിപ്പിൻേറയും വിശ്വാസത്തിൻേറയും ലക്ഷ്യമായി കണക്കാക്കാമെന്നും തിരുമേനി പ്രസ്താവിക്കുകയുണ്ടായി.

തിരുമനസ്സിലെ പ്രസംഗം ഷെവലിയർ ജോസഫ് പെട്ട മലയാളത്തിലേക്കു വിവർത്തനംചെയ്തു.

തുടൎന്നു പുതിയ വാർഡ് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നതായി തിരുമനസ്സുകൊണ്ട് പ്രഖ്യാപിച്ചു. ആസ്പത്രിയുടെ ചാർജ്ജുവഹിക്കുന്ന ഡോക്ടർ പോൾ ജെമാമ്പിള്ളി സമ്മാനിച്ചതും ആശുപത്രിയങ്കണത്തിൽ സ്ഥാപിച്ചിട്ടുള്ളതുമായ വി. കൊച്ചുത്രേസ്യായുടെ മനോഹരമായ പൂർണ്ണകായ പ്രതിമയുടെ ആശീർവ്വാദകർമ്മവും ഇൻറർനൂൺഷിയോ തിരുമേനി നിർവ്വഹിച്ചു

ആസ്പത്രിയുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ദന്തനിർമ്മിതമായ ഒരു രൂപം ഇൻറർനൂൺഷിയോ തിരുമേനിക്കു സമർപ്പിക്കപ്പെടുകയുമുണ്ടായി.

അനന്തരം തിരുമേനി വാർഡുകളിൽ സഞ്ചരിച്ച് ഓരോ രോഗിയേയും സമീപിച്ച് അവർക്കു മധുരപലഹാരങ്ങൾ വിതരണം ചെയ്തു പഞ്ചായത്തുപ്രസിഡൻറ് ശ്രീ എം. എൽ. പോൾ കൃതജ്ഞത പ്രകാശിപ്പിച്ചു

പുതുതായി പണികഴിപ്പിച്ചിരിക്കുന്ന മറേറണിററിവാർഡിൽ 12 ബെഡ്ഡുകളാണുള്ളത്. ഈ ആസ്പത്രിയിൽ ഔട്ട്പേഷ്യൻറ് സെക്ഷനു പുറമെ ഇൻപേഷ്യൻസിനെ ഉദ്ദേശിച്ച് നേരത്തെതന്നെ 40 ബെഡ്ഡുകളുണ്ട്. പുതിയ വാർഡിൻെറ ഉൽഘാടനത്തോടുകൂടി അവയുടെ സംഖ്യ 52 ആയി വർദ്ധിച്ചിരിക്കുന്നു. ഒരു ഡൻറൽക്ലിനിക്കും മററു സജ്ജീകരണങ്ങളുമുണ്ട്. കൂടാതെ വിഷചികിത്സയ്ക്കും പ്രത്യേകസജ്ജീകരണങ്ങൾ ഇവിടെയുണ്ട്. ഇന്നാട്ടിലും പരിസരങ്ങളിലുമുള്ള ജനങ്ങൾക്ക് ഒരു വലിയ അനുഗ്രഹമായ ഈ ആസ്പത്രി അധികതാമസമെന്യേ ഒരു ഒന്നാംകിട ആസ്പത്രിയായി വികസിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്.

—o—





Photo by Royal Studio, Ekm.

അങ്കമാലി ചെറുപുഷ്പ ആസ്പത്രിയുടെ മറേറണിററി വാർഡ് ഇൻറർനൂൺഷിയോ തിരുമേനി ആശീർവദിക്കുന്നു. ചിത്രത്തിൽ ഇൻറർനൂൺഷിയോ തിരുമനസ്സിലെ വലത്തുവശത്തു് റൈററ് റവ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും ഇടത്തുവശത്തു് ആസ്പത്രിമാനേജർ വെരി റവ ഫാദർ വറുതീസ് കവലക്കാട്ടുമാണ്. 2 ആശീർവാദാനന്തരം ഇൻറർനൂൺഷിയോ തിരുമേനി രോഗികളെ സന്ദർശിക്കുകയും അവർക്കു് മധുരപലഹാരങ്ങൾ വിതരണംചെയ്യുകയും ഉണ്ടായി.

# ഇടവകവായനശാലകൾ

[എ. ജി. അഗസ്റ്റിൻ ബി. എ. ബി എൽ.]

ഓരോ ഇടവകയിലും ഓരോ വായനശാല ഉണ്ടായിരിക്കേണ്ടതാണെന്നുള്ള അഭിപ്രായം ഇതിനുമുമ്പ് പലരും പ്രകാശിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ആ അഭിപ്രായമനുസരിച്ച് പല ഇടവകകളിലും വായനശാലകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. എന്നാൽ ഈ വായനശാലാപ്രസ്ഥാനം നമ്മൾ ആശിക്കുന്നതരത്തിൽ വിജയപ്രദമായിട്ടുണ്ടെന്നു ഒരിക്കലും അവകാശപ്പെടുവാൻ വഹിയാ. എന്താണ് ഇതിനു കാരണം? ഉപയോഗപ്രദമായ ഒരു പ്രസ്ഥാനമെന്നതിനേക്കാൾ കേവലം ഒരു അലങ്കാരമായിട്ടാണ് വായനശാലകളെ പലരും പരിഗണിക്കുന്നതു്. ഈ നില മാറണം. വായനശാലകൾക്കു സാമൂഹ്യജീവിതത്തിലുള്ള സ്ഥാനം മനസ്സിലാക്കി അതനുസരിച്ച് അവ നടത്തിക്കൊണ്ടുപോകുന്നപക്ഷം ഈ പ്രസ്ഥാനം ക്രമേണ വിജയപര്യവസായിയായിത്തീരാതിരിക്കയില്ല.

കത്തോലിക്കാസംസ്കാരം പ്രസരിപ്പിക്കുന്ന ശക്തികേന്ദ്രങ്ങളായി ഇടവകവായനശാലകളെ പുഷ്ടിപ്പെടുത്തണം. മതവിഷയകമായി അറിവുസമ്പാദിക്കുന്നതിനു് ഇന്നുള്ള സൗകര്യങ്ങൾ പരിമിതങ്ങളാണല്ലോ. വിദ്യാലയങ്ങളിൽനിന്നും മതപാഠക്ലാസുകളിൽനിന്നും ലഭിച്ച അറിവിനെ വർദ്ധിപ്പിക്കുന്നതിനും അദ്യുനാതനമാക്കുന്നതിനും ഈ വായനശാലകൾക്കു വളരെയേറെ കഴിവുകളുണ്ട്. മതവിഷയകമായും സാമൂഹ്യശാസ്ത്രസംബന്ധമായും നിരവധി നല്ല ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ഇന്നു ധാരാളമായി പുറത്തു വന്നുകൊണ്ടിരിക്കുന്നുണ്ട്. അവയെ എല്ലാം വാങ്ങിവായിക്കുന്നതിനു സാധാരണക്കാരനു സാദ്ധ്യമല്ലതന്നെ. എന്നാൽ ഈ വക ഗ്രന്ഥങ്ങളും മററു പ്രസിദ്ധീകരണങ്ങളും ഇടവകയിൽനിന്നു വാങ്ങി വായനശാലയിൽ സൂക്ഷിക്കുന്നപക്ഷം അതു ഇടവകജനങ്ങളിലും മററും വായിക്കാനുള്ള അഭിരുചി സംജാതമാക്കാനും കത്തോലിക്കാസംസ്കാരം വർദ്ധിപ്പിക്കാനും അത്യധികം ഉപകരിക്കും. വിശ്രമവേളകൾ ഉപയോഗപ്രദമായവിധം വിനിയോഗിക്കുവാനുള്ള ഒരു നല്ല ഉപാധിയാണല്ലോ ഗ്രന്ഥവായന. നമ്മുടെ ആളുകളിൽ വായിക്കുവാനുള്ള അഭിരുചി കൈവളത്തുന്നപക്ഷം ദോഷകരമായ സഹവാസങ്ങളിൽനിന്നു അവരെ വിമുക്തമാക്കുന്നതിനു എളുപ്പം കഴിയും. യുവജനങ്ങളിൽ അത്തരമൊരു അഭിരുചി ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. താനും മനസ്സിനെ മലിനമാക്കുകയും യുവഹൃദയങ്ങളെ അധർമ്മത്തിൻെറ ചേറിയിലേക്കു തള്ളിവിടുകയും ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ കുറഞ്ഞവിലയ്ക്കു ആകർഷകമായവിധം പ്രചരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു പ്രത്യേകിച്ചും നല്ല ഗ്രന്ഥങ്ങളുടേയും അവ ശേഖരിച്ചുവെച്ചിട്ടുള്ള വായനശാലകളുടേയും ആവശ്യം എത്രയെന്നു പറയാവതല്ല.

നമ്മുടെ കത്തോലിക്കാസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇടവകവായനശാലകൾ പ്രയോജകീഭവിക്കാതിരിക്കയില്ല. നല്ലനല്ല ഗ്രന്ഥങ്ങൾ എഴുതുവാൻ കെല്പുള്ള പലരും പ്രോത്സാഹനക്കുറവു നിമിത്തം യാതൊരു സാഹിത്യശ്രമത്തിലും ഏർപ്പെടാതെ അടങ്ങിയൊതുങ്ങി കഴിയുന്നുണ്ടാവും. വല്ലവരും വല്ല ഗ്രന്ഥവും വളരെ കഷ്ടപ്പെട്ടു പുറത്തിറക്കിയാൽതന്നേയും വാങ്ങിക്കുവാൻ ആളില്ലാതെ നിരാശപ്പെടുകയും ചെയ്യുന്നുണ്ടാവും. ഇത്ര അഭിലഷണീയമായ ഒരു കാര്യമ


For favours received



Excuse delay
T. P. Joseph, Kottekad


ല്ല. മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഓരോ നല്ല കത്തോലിക്കാഗ്രന്ഥത്തിൻേറയും ഒരു പ്രതിവീതം നമ്മുടെ കേരളക്കരയിലെ ഓരോ ഇടവകയിലും വാങ്ങിക്കുകയാണെങ്കിൽതന്നെയും അനേകായിരം പ്രതികൾ ചിലവാകുന്നതാണ്. ഇതിൽക്കൂടുതലായ മററു എന്തൊരു പ്രോത്സാഹനമാണ് ഒരു കത്തോലിക്കാഗ്രന്ഥകർത്താവിനു പ്രതീക്ഷിക്കാവുന്നതു്?

സന്മാർഗ്ഗരഹിതവും അകത്തോലിക്കവുമായ ആശയങ്ങൾ മനുഷ്യമനസ്സിനെ, പ്രത്യേകിച്ച് യുവജനങ്ങളെ ദുഷിപ്പിച്ചുകൊണ്ട് ഇരമ്പിക്കയറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും കത്തോലിക്കാസംസ്കാരമാകുന്ന കോട്ടയ്ക്കുള്ളിൽ അവരെ സംരക്ഷിക്കേണ്ടതു് ഒരു മുഖ്യാവശ്യമാണല്ലോ. സംസ്കാരകേന്ദ്രങ്ങൾ വർദ്ധിപ്പിക്കുകയാണ് അതിനു വേണ്ടതു്. വിദ്യാലയങ്ങൾ നാടൊട്ടുക്കു സ്ഥാപിക്കുന്നതിൽ നമ്മൾ ദത്തശ്രദ്ധരായിരിക്കുന്നതുപോലെ വായനശാലകളുടെ കാര്യത്തിലും നമ്മൾ വേണ്ട ജാഗ്രത


സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ച് വെ റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്. എറണാകുളം- 1


പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. "ഓരോ ഇടവകയിലും ഓരോ വായനശാല" എന്നതായിരിക്കട്ടെ നമ്മുടെ പ്രവർത്തനലക്ഷ്യം.

വായനശാലകൾ തുടങ്ങി അധികനാൾ കഴിയുംമുമ്പ് കൺമറഞ്ഞുപോകയാണ് പല സ്ഥലത്തേയും അനുഭവം. ഇതിനു കാരണങ്ങൾ പലതുമുണ്ടായിരിക്കും. ശരിയായ നേതൃത്വത്തിൻെറ കുറവും ജനങ്ങളുടെ സഹകരണരാഹിത്യവുമാണ് പ്രധാനമായ കാരണം. സത്സ്വഭാവികളും സേവനസന്നദ്ധരുമായ യുവജനങ്ങളെ തിരഞ്ഞെടുത്തു വായനശാലകളുടെ നടത്തിപ്പുകാര്യം അവരെ ഏല്പിക്കണം. മുഴുവൻസമയം ഇതിനുവേണ്ടി ചെലവഴിക്കാൻ സൗകര്യവും താല്പര്യവുമുള്ള ഒരാളെ എന്തെങ്കിലും അലവൻസുനൽകി ചുമതല ഏല്പിക്കുന്നതു കൂടുതൽ അഭിലഷണീയമായിരിക്കും. കലാപരിപാടികളും മററും നടത്തി വായനശാലകൾക്കു വേണ്ട ഫണ്ടു ശേഖരിക്കണം. ഒരു ഇടവകയിൽ ഒരു വായനശാല നല്ലനിലയിൽ നടത്തിക്കൊണ്ടുപോകുക എന്നതു് അത്ര അപ്രായോഗികമായ കാര്യമൊന്നുമല്ല. വേണ്ടത്ര സേവനസന്നദ്ധതയും സന്മനസ്സും ഉണ്ടാകുന്നപക്ഷം അതൊക്കെ എളുപ്പത്തിൽ നടക്കുമെന്നതിനു സംശയമില്ല. അത്തരം നല്ല മനഃസ്ഥിതിയോടുകൂടിയ ധാരാളം യുവജനങ്ങൾ നമ്മുടെയിടയിലുണ്ട്. അവർക്കു പ്രവർത്തനസൗകര്യവും പ്രചോദനവും നൽകണമെന്നുമാത്രം. നമ്മുടെ ഇടവകകളിലെ വിവിധ സംഘടനകളും അവയുടെ അംഗങ്ങളായ യുവജനങ്ങളും മുൻപറഞ്ഞ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നപക്ഷം വളരെ ഫലപ്രദമായിരിക്കും.

# ആ ജൂബിലിയാഘോഷം വിലാത്തിരിയും മത്താപ്പൂപൂകയും കൊണ്ടവസാനിച്ചില്ല

(മേനിദാസ്)

ഒന്നു രണ്ടു മാസങ്ങൾക്കുമുമ്പ്, 1930 ൽ ആരംഭിച്ച ആധുനിക യാക്കോബായ പുനരൈക്യപ്രസ്ഥാനത്തിന്റെ ജൂബിലി ആഘോഷിക്കുകയുണ്ടായല്ലോ. പല ആഘോഷങ്ങളും ഏതാനും പ്രസംഗങ്ങളും അനുമോദനസന്ദേശങ്ങളും ഹസ്തദാനമേളങ്ങളും കൊണ്ടവസാനിക്കുന്നതായി നാം കാണാറുണ്ട്. ചുററു കോട്ടയും കുടചക്രവും, വാണവും പൂവും, ഓട്ടുവെടിയും, ആകാശപ്പൂവും മററും മററുമുള്ള തകർപ്പൻ കരിമരുന്നുപ്രയോഗം നീലാത്തിരിയിലെയോ മത്താപ്പൂവിലെയോ ധൂമപടലങ്ങളിൽ കലാശിക്കുന്നതുപോലെ, ഭാഗ്യവശാൽ പുനരൈക്യജൂബിലിയാഘോഷം അങ്ങനെ മങ്ങുകയല്ലാ ചെയ്തത്. ആഘോഷങ്ങൾ സംബന്ധിച്ചുണ്ടായ ദിവ്യബലികളും പ്രാർത്ഥനകളും ആശിസ്സുകളും ആശംസകളും പുനരൈക്യപ്രസ്ഥാനത്തിനു മാററു കൂട്ടുകയും വേഗം വർദ്ധിപ്പിക്കുകയും ചെയ്തു.

1930-ാമാണ്ടിടയ്ക്ക് മാർ ഇവാനിയോസ്, മാർ തിയോഫീലോസ് എന്നീ തിരുമേനിമാരുടെയും അവരുടെ അന്തേവാസികൾ, അനുയായികൾ ഇവരുടെയും വ്യക്തിമാഹാത്മ്യവും ഭക്തിതൈക്ഷ്ണ്യവും സ്വാധീനശക്തിയും കത്തോലിക്കസഭ ലക്ഷ്യമായുണ്ടായ ആ നീർപാച്ചിലിനു് ആഴവും വ്യാപ്തിയും വർദ്ധിപ്പിച്ചു. എങ്കിലും അനുഭാവി കത്തോലിക്കരോ പുനരൈക്യസന്നദ്ധരെ അന്വേഷിച്ചു കണ്ടുപിടിക്കുകയും ചില സാഹചര്യങ്ങളിൽ നയോപായങ്ങൾ പ്രയോഗിച്ചു സഭയിലേക്കുള്ള കവാടം അവർക്കു തുറന്നുകൊടുക്കുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അപ്രകാരമല്ലാ. കത്തോലിക്കസഭയുടെ സ്വതസിദ്ധമായ സത്യവിശ്വാസനിഷ്ഠയും ധർമ്മാനുഷ്ഠാനാസക്തിയുംമൂലം ആകൃഷ്ടരായും, യാക്കോബായ സഭാവിഭാഗങ്ങളിലും മാർത്തോമ്മാസഭയിലും അകത്തോലിക്കരുടെ വക മററു വകുപ്പുകളിലും നടമാടുന്ന ശിഥിലീകരണശക്തികളാലും അധികാരധിക്കാരത്താലും അപകൃഷ്ടരായും, സർവ്വപ്രധാനമായി ക്രിസ്തു സ്ഥാപിച്ച സത്യസഭ ഏകവും അനന്യവുമാണെന്നുള്ള അന്തഃകരണപ്രചോദനത്താലും കത്തോലിക്കസഭയിൽ പ്രവേശിക്കുന്നതിനു സന്നദ്ധരായി അനേകശതം അല്ലാ അനേകായിരം അകത്തോലിക്കസഹോദരർ വർത്തിക്കുന്നുണ്ട്. അവർ സാഹചര്യങ്ങളുടെ പ്രാതികൂല്യംകൊണ്ടും "ജഡികമായ ദൗർബല്യം" മൂലവും ഇപ്പോഴത്തെ ഇതര സഭാബന്ധം വിട്ട് കത്തോലിക്കസഭയിലേക്കോടിക്കൂടുന്നില്ലെന്നേയുള്ളു. ജൂബിലിയാഘോഷത്തിനു ശേഷം യാക്കോബായക്കാരിൽനിന്നും മാർത്തോമ്മാക്കാരിൽനിന്നും പല സംഘം ആളുകൾ പുനരൈക്യം പ്രാപിച്ചത് ഈ വസ്തുത സ്പഷ്ടമാക്കുന്നു. പ്രതികൂലസാഹചര്യങ്ങളിൽ പ്രധാനമായത് ആരാധനസ്ഥലത്തിന്റെ അഭാവമത്രെ. പല യാക്കോബായ ഇടവകകളിലും അഗണ്യമായ ഒരു വിഭാഗം സഹോദരങ്ങൾ പേരിനെങ്കിലും ഒരു പള്ളിയും ശവക്കോട്ടയും ഉണ്ടാക്കുന്നപക്ഷം കത്തോലിക്കസഭയിൽ ചേരുവാൻ സന്നദ്ധരാണ്. തിരുവനന്തപുരം അതിരൂപതയിലെയും തിരുവല്ലാ രൂപതയിലെയും ഭരണാധികാരികളെ ഈ ഉദാരമനഃസ്ഥിതിയോടുകൂടി സമീപിക്കുന്ന ആളുകളുടെ സംഖ്യ പ്രതിദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഇങ്ങനെ പുനരൈക്യാർത്ഥികളുടെ സംഖ്യ വർദ്ധിക്കുന്നതോടൊപ്പം അവരെ സഹായിക്കുവാനുള്ള കഴിവുകൾ രൂപതാധികാരികൾക്കു വർദ്ധിക്കുന്നില്ലെന്നു മാത്രമല്ലാ, രൂപതകൾക്കു അവശ്യം ഉണ്ടായിരിക്കേണ്ടതായ സ്ഥാപനങ്ങളുടെ കാര്യം ആലോചിക്കുമ്പോൾ കുറഞ്ഞുവരികയാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മാർ ഇവാനിയോസിന്റെയും മററും മാനസാന്തരത്തിനുശേഷം പുനരൈക്യത്തിന്റെ പൂമണം ഏററാനന്ദിച്ച പഴയ കത്തോലിക്കർ, അഥവാ പഴയ കൂററുകാർ തിരുമേനിമാരെ പല പ്രധാന കേന്ദ്രങ്ങളിലും പള്ളികളിലും ആഡംബരപൂർവ്വം സ്വീകരിക്കുകയും അവർക്കു ആയിരവും അഞ്ഞൂറും ഉറുപ്പികവീതം സംഭാവന നൽകുകയും ചെയ്തിരുന്നു. ആ വക സ്വീകരണങ്ങൾക്കും സംഭാവനകൾക്കും ഇപ്പോൾ പ്രസക്തിയില്ലാതെയാണിരിക്കുന്നത്. മാത്രമല്ലാ, പഴയകൂർ ഇടവകകളിൽ പലതും പള്ളികൾ, പള്ളിമുറികൾ, മണിമാളികകൾ, പള്ളിക്കൂടങ്ങൾ, വാടകയ്ക്കുള്ള കെട്ടിടങ്ങൾ, പൊന്നിൻകുരിശുകൾ മുതലായവ പണിയിക്കുന്നതിനായും മററും വരവിൽ കവിഞ്ഞ ചെലവു ചെയ്തുകൊണ്ടിരിക്കുകയുമാണ്. നിങ്ങളുടെപള്ളി പൊളിച്ചുപണിയുന്ന ചെലവിൽ പത്തിലൊന്നു തുക കൊണ്ടു ഞങ്ങൾക്കു പത്തു മിഷ്യൻകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുമെന്നു പുനരൈക്യത്തിന്റെ പ്രചാരത്തിൽ ഉൽസുകരായ മലങ്കരറീത്തുസഹോദരന്മാർ പ്രസ്താവിക്കുന്നത് കേൾക്കുവാൻ പലപ്പോഴും കഴിഞ്ഞിട്ടുണ്ട്. നമ്മുടെ അംബരചുംബികളായ മണിമാളികകളെയും ശില്പകലാവിലാസമൂർത്തികളായ ദേവാലയമുഖവാരങ്ങളെയും, നയനമോഹനങ്ങളായ പൊൻകുരിശുകളേയും പററി അസൂയാലുക്കളായിട്ടാണോ ഈ അഭിപ്രായപ്രകടനം അവർ നടത്തുന്നത്? ഒരിക്കലുമല്ലാ. ക്രിസ്തുരാജ്യം വിസ്തൃതതരമായി കാണുവാനുള്ള അഭിവാഞ്ഛമൂലമവർക്കങ്ങനെ തോന്നിയെന്നേയുള്ളു.

പഴയ കത്തോലിക്കരും പുനരൈക്യം പ്രാപിക്കുന്നവരും തമ്മിൽ ജ്യേഷ്ഠാനുജബന്ധമാണല്ലോ ഉള്ളത്. പഴയ കത്തോലിക്കർ ഈ അപരജരുടെ കാര്യത്തിൽ അശ്രദ്ധകാണിക്കുന്നത് ഏതോ ഒരു ജാതി കായേൻമനഃസ്ഥിതി മാത്രമായിരിക്കും. പുനരൈക്യജൂബിലിക്കുശേഷം മലങ്കരസുറിയാനിറീത്തിലേക്കുള്ള യാക്കോബായക്കാർ, മാർത്തോമ്മാക്കാർ, മുതലായവരുടെ ഒഴുക്കിനു കൂടുതൽ ശക്തിയുണ്ടായിട്ടുണ്ട്. അതനുസരിച്ച് അവരെ സ്വീകരിക്കുന്നതിനാവശ്യമായ ബലം മലങ്കരസുറിയാനിക്കാരുടെ കരങ്ങൾക്കു കൊടുക്കുവാൻ ആവുന്നത്ര സഹകരിക്കേണ്ടത് ലത്തീൻ, സീറോ-മലബാർ എന്നീ ഇരുറീത്തുകളിൽപ്പെട്ട പഴയ കത്തോലിക്കരുടെ ചുമതലയാണ്. ഇതെങ്ങനെ നിർവ്വഹിക്കണമെന്നു തീരുമാനിക്കേണ്ടത് സമുദായനേതാക്കന്മാരാണല്ലോ.

കേരളത്തിലെ പത്രമാസികകളിൽ ഒരു പുനരൈക്യഫണ്ട് ആരംഭിച്ച് ഉദാരമായ സംഭാവനകൾ ശേഖരിച്ച് മലങ്കരസുറിയാനി സഭാധ്യക്ഷന്മാരെ ഏല്പിക്കാം. ഓരോ കത്തോലിക്കാ ഇടവകയിലും ബ: വികാരിയുടെ നിയന്ത്രണത്തിൽ പുനരൈക്യലീഗുകൾ സ്ഥാപിച്ച് ലീഗംഗങ്ങൾ വാർഷികഫീസിനത്തിലും സംഭാവനകളായും ഉല്പന്നപ്പിരിവുകൾമൂലവും മുതൽശേഖരിച്ച് ഉദ്ദിഷ്ടകാര്യത്തിനു വിനിയോഗിക്കാം. ഈ ലീഗംഗങ്ങളുടെ പ്രാർത്ഥനാസമുച്ചയവും പുനരൈക്യപുരോഗമനത്തിൽ വളരെയധികം സഹായിക്കുമല്ലോ. ആസന്നമായ ക്രിസ്തുമസ്സ്കാലത്തു കത്തോലിക്കാഭക്തസംഘടനകൾ കരോൾപിരിവുകൾ നടത്തി പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കാം. കലാപ്രകടനങ്ങൾവഴിയായും ഈ കാര്യത്തിലേക്ക് ധനശേഖരം ചെയ്യാം. പല രാജ്യങ്ങളിലും സിനിമാശാലകളിലെ ഒന്നോ അധികമോ ദിവസങ്ങളിലെ പിരിവ് ധർമ്മകാര്യങ്ങൾക്കായി നീക്കിവെക്കുന്ന പതിവുണ്ടല്ലോ. പള്ളികളിലെ പ്രധാനതിരുനാളുകൾ സംബന്ധിച്ച് ബ: വികാരിമാരുടെ നിയന്ത്രണത്തിൽ പുനരൈക്യപ്പെട്ടികൾവച്ച് ധനശേഖരം ചെയ്യാം. ആണ്ടിൽ ഒരു പുനരൈക്യവാരമോ പുനരൈക്യദിനമോ നിശ്ചയിച്ചും പണപ്പിരിവ് നടത്താം. അമേരിക്കയിലും മററും പൊതുകാര്യങ്ങൾക്കായി "Every one to give, every one to benefit" "എല്ലാവരും കൊടുക്കുക, എല്ലാവർക്കും ഉപകാരപ്രദമാകുക" എന്ന ആശയത്തിലാണ് പണപ്പിരിവുനടത്തുന്നത്. കൊടുക്കുന്നതിൽ നിന്നൊന്നാമതായുപകാരം ലഭിക്കുന്നത് കൊടുക്കുന്നയാൾക്കാണല്ലോ. അടുത്തകാലത്തു് അക്രൈസ്തവരുടെ ഒരു സ്ഥാപനത്തിന്റെ ആവശ്യത്തിലേക്ക് ഓരോ സമുദായാംഗവും ഓരോ ഉറുപ്പിക വീതം സംഭാവനചെയ്യണമെന്നൊരു നേതാവു അഭ്യർത്ഥിക്കുകയുണ്ടായി. കേരളത്തിലെ പഴയ കത്തോലിക്കരുടെ ഓരോ കുടുംബത്തിൽനിന്നും പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗമനത്തിനായി വിനിയോഗിക്കുവാൻ പ്രതിവർഷം ഒരു രൂപായെങ്കിലും നൽകുമെങ്കിൽ അതു് കത്തോലിക്കാസഭയുടെ വികസനംസംബന്ധിച്ചിടത്തോളം മഹനീയമായ ഒരു സേവനമായിരിക്കും.

## കൃതജ്ഞത

വി. കൊച്ചുത്രേസ്യയുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനും വയററിലെ വ്യാധി പൂർണ്ണമായി സുഖപ്പെട്ടതിനും ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

കെ. ടി. ജോസഫ്, തൃശ്ശൂർ

## For Favours Received



**Excuse for delay**

Jacob Neelamkavil, Palayoor

## പുസ്തകാഭിപ്രായം

### മൂന്നു നിഴലുകൾ

(ഗ്രന്ഥകർത്താ: ജോസഫ് മററം. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. വില 7ണ.)

ചെറുകഥകൾക്കാണ് ഇന്നു സാഹിത്യക്കമ്പോളത്തിൽ ചെലവു കൂടുതൽ. ഇതു ശരിക്കു മനസ്സിലായിട്ടായിരിക്കണം വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നതുപോലെ പേനയെടുക്കുന്നവരെല്ലാം ചെറുകഥാകൃത്തുക്കളായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. എന്തുമേതും എഴുതിത്തള്ളിയാൽ ചെറുകഥകളാകുമെന്നുള്ള മിഥ്യാബോധത്താൽ ഇക്കൂട്ടർ പലതും എഴുതിവിട്ടു. കഥപറയേണ്ടതെങ്ങനെയെന്നറിഞ്ഞുകൂടായിരുന്നു പലർക്കും. കലാപരമായ കെട്ടും മട്ടും നിറപ്പകിട്ടും പലതിനുമില്ലായിരുന്നുതാനും. എന്തൽക്കാരണത്താൽ ഈ അടുത്തകാലത്തു് മലയാളത്തിൽ പിറവിയെടുത്തപല കഥകളും ബാലശുഷ്ക്കങ്ങളായിരുന്നു എന്നു പറയുന്നതിൽ അത്യുക്തിയില്ല. മാത്രമല്ല, പുരോഗമനത്തിന്റെയും റിയലിസത്തിന്റെയും പേരിൽ അസാന്മാർഗ്ഗികതയുടെ പടിവക്കുവരെയെന്നല്ല, പാഴ്ച്ചേളിക്കണ്ടംവരെയോളം താഴുകയുണ്ടായി ചിലരുടെ പ്രതിപാദ്യം.

സഭ്യതയുടെ നേരിയ മര്യാദയെപ്പോലും അതിലംഘിക്കാതെ കലാപരമായ രചനാവിരുതോടുകൂടിത്തന്നെ കഥയെഴുതാൻ കഴിവുള്ള ഒരു യുവസാഹിത്യകാരനാണ് ശ്രീ ജോസഫ് മററം. അദ്ദേഹത്തിന്റെ "മൂന്നു നിഴലുകൾ" എന്ന ചെറുകഥാസമാഹാരമാണ് ഇവിടെ നിരൂപണവിഷയമായിരിക്കുന്ന ഗ്രന്ഥം. മൂന്നു നിഴലുകൾ, കണക്കുകൾ, ദൈവം നീതിമാനാണ്, അവളവനെ കമ്മ്യൂണിസ്റ്റാക്കി, [illegible], ആലിപ്പഴം എന്നിങ്ങനെ ആറു കഥകളാണ് ഇതിലെ ഉള്ളടക്കം. രസനിർഭരങ്ങളാണ് കഥകളൊട്ടു മുക്കാലും. ചില കഥകളിലെ പ്രതിപാദ്യം പുത്തരിയല്ലായിരിക്കും. കണക്കുകൾ, അവളവനെ കമ്മ്യൂണിസ്റ്റാക്കി എന്നിവകളിലെ "തീമിനു" വലിയ കഴമ്പില്ലെന്നു ചിലർ പറഞ്ഞേക്കും. എങ്കിലും പ്രതിപാദനരീതിയുടെ സൗകുമാര്യംകൊണ്ട് നാമവ മുമ്പോട്ടു വായിച്ചുപോകും. "പിച്ചക്കാരെപ്പോലെ ചിരട്ടയും പിടിച്ചുകൊണ്ടു നിൽക്കുന്ന റബ്ബർമരങ്ങൾ" എന്നിങ്ങനെയുള്ള അലങ്കാരസുരഭിലങ്ങളായ കൊച്ചു കൊച്ചു വാചകങ്ങൾ അനുഗൃഹീത കലാകാരനായ ശ്രീ മുട്ടത്തു വർക്കിയുടെ ശൈലികൾ പോലെ മധുരങ്ങളാണ്. ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നതോടൊപ്പം ഗ്രന്ഥത്തിനു പ്രചുരപ്രചാരവും നേർന്നുകൊള്ളുന്നു.

അയ്യനേത്ത്

### വി. ഫിലോമിനയും മേലൂർകപ്പേളയും

(ഒരു ചെറിയ പുസ്തകം. പക്ഷം 22. വില 2ണ. മാർ ലൂയിസ് മെമ്മോറിയൽപ്രസ്സ്, എറണാകുളം.)

കുറേ മാസങ്ങളായി ചാലക്കുടി സമീപമുള്ള മേലൂരു വില്ലേജിൽ പുതുതായി പണി ചെയ്തിരിക്കുന്ന വി. ഫിലോമിനയുടെ കപ്പേള ബഹുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കയാണ്. ദിവസന്തോറും ഭക്തജനങ്ങൾ കൂടുകയും പ്രാർത്ഥിച്ചു മടങ്ങിപ്പോകുകയും ചെയ്തുകൊണ്ടിരിക്കുന്നു. സന്ദർശകരുടെ സംഖ്യ വർദ്ധിച്ചതോടുകൂടി അവർക്ക് ഒരു സഹായമായി പുണ്യവതിയുടെ ഒരു ജീവചരിത്രവും നവനാൾജപങ്ങളും ചില ഗാനങ്ങളും ചേർത്തു രചിച്ചതാണു നിരൂപണവിഷയമായ ഗ്രന്ഥം. ദരിദ്രകർഷകർ ത്യാഗപൂർവ്വം നിർമ്മിച്ച അനാഡംബരമായ കപ്പേള ഇത്രയും പ്രസിദ്ധമായതു ദൈവപരിപാലനയാലാണ്. സന്ദർശകരെ ആകർഷിക്കുവാൻ ശില്പകലാസൗന്ദര്യമോ ആർഭാടമോ ഒന്നും അവിടെയില്ല. ഈദൃശസംഗതികൾ വിവരിക്കുന്ന ഫാദർ തോട്ടുങ്കൽ അവർകളുടെ ചെറുഗ്രന്ഥം വളരെ ആകർഷകമാണ്. ഭാവനാസമ്പുഷ്ടമായ സുന്ദരശൈലികൾ അവിടവിടെ ചേരുംപടി ചേർത്തു പുസ്തകത്തെ സുന്ദരമാക്കിയിട്ടുണ്ട്. വി. ഫിലോമിന ഗ്രന്ഥകാരനേയും അനുവാചകരേയും അനുഗ്രഹിക്കട്ടെ.

T. M.

---

വിശുദ്ധ പത്താം പീയൂസിന്റെ മാദ്ധ്യസ്ഥതാൽ എന്റെ മകൻ പൂർണ്ണസുഖം പ്രാപിച്ചതിനും, മററു പല മനോഗുണങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനും ഉപകാരസ്മരണ. പ്രസിദ്ധപ്പെടുത്താൻ വൈകിയതിനു ക്ഷമാപണം.

Mrs. K. J.

---



# കുടുംബം

[കുരുവിള മൂലയിൽ, ബി. എസ്സ്സി.]

ആധുനികശാസ്ത്രങ്ങളുടേയും ഇസ്ങ്ങളുടേയും വെളിച്ചത്തിൽ യഥാർത്ഥകുടുംബജീവിതത്തിന് അല്പം ചില തകരാറുകൾ സംഭവിച്ചിട്ടുണ്ടെന്നുള്ളതു് സമ്മതിച്ചേ തീരു. കുടുംബജീവിതത്തിന്റെ ഉദ്ദേശം വംശത്തെ പുലർത്തുകയും അതിലും ഉപരിയായി സമുദായത്തിനും രാഷ്ട്രത്തിനും നട്ടുനായകന്മാരായ വ്യക്തികളെ സംഭാവന ചെയ്യുകയുമാണെന്നു പറയാം. മനുഷ്യജീവിതത്തെ പൊതുവെ ഒരു മാററക്കാട്ടത്തോടു് (relay race) ഉപമിക്കാവുന്നതാണ്. ഇവിടെ മനുഷ്യൻ "ജീവൻ" എന്ന വെളിച്ചം തലമുറകളിൽനിന്നും തലമുറകളിലേക്കു് പകർന്നുകൊടുക്കുന്നു. ഇതിൽ ദീപവാഹകർ നാം ഓരോരുത്തരുമാണ്. ഈ ഓട്ടത്തിൽ കാലുകൾ ഇടറിയെന്നുവരാം, നമുക്കു പോകേണ്ട പന്ഥാവു് ചിലപ്പോൾ സുഗമമല്ലെന്നുവരാം. നാം ഭയപ്പെടേണ്ട; പതറേണ്ട; നമുക്കു മുൻപോട്ടു കാൽവച്ചു് "ജീവനാ"കുന്ന വെളിച്ചം ഭാവിതലമുറകളിലേക്കു കൊടുക്കാം.

പുരുഷനും സ്ത്രീയുംചേർന്നു് കുടുംബം രൂപവല്ക്കരിക്കുന്നു. അവർ രണ്ടു ശരീരവും ഒരാത്മാവുമായിത്തീരുന്നു. ഭർത്താവും ഭാര്യയുമായി യോജിച്ചു് തങ്ങളുടേതായ ഒരു പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ, ഒരു പുതിയ ജീവിതം പടുത്തുയർത്തുവാൻ വെമ്പൽകൊള്ളുന്നു. കുടുംബാംഗങ്ങൾ തമ്മിൽ അസുഖങ്ങളുണ്ടാകുമ്പോൾ നാം കുറേക്കൂടി ആലോചനാപൂർവ്വം കുടുംബജീവിതത്തിൽ പ്രവേശിക്കേണ്ടിയിരുന്നുവെന്ന ഒരു ബോധം നമ്മിൽ പലർക്കുമുണ്ടാകാറുണ്ടു്. കുടുംബനായകൻ, സമുദായത്തിലെ ഒരംഗം, ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഇന്ന തൊഴിൽക്കാരൻ എന്നിങ്ങനെയുള്ള നിലകളിൽ ഒരാളുടെ കടമകൾ വീഴ്ചകൂടാതെ നിറവേററുകയെന്നുള്ളതു് പലപ്പോഴും വളരെ വിഷമകരമായുള്ള ഒരു കാര്യമാണ്. എങ്കിലും കുടുംബനായകനു് ഒരു ദിവസം അവധികിട്ടുമ്പോൾ തന്റെ പ്രിയപ്പെട്ട കുടുംബത്തിലെത്തി ആ അസുലഭാവസരത്തെ ചിലവഴിക്കുന്നതിൽ ഏതൊരാളും വെമ്പൽകൊള്ളാറുണ്ടു്.

കുടുംബത്തെ മൂന്നു ഘടകങ്ങളായി തിരിക്കാം. ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കളും കുട്ടികളും, കുടുംബനായകനും ഭൃത്യരും, ഇതുമൂന്നുമാണ് ഈ ഘടകങ്ങൾ. ഭാര്യയും ഭർത്താവും— നായികാനായകന്മാർ—ഇതാണ് കുടുംബത്തിലെ ഏററവും പ്രധാന ഘടകം. കുടുംബനായകൻ തന്നെയാണല്ലോ പിതാവും യജമാനനും. വിവാഹത്തോടുകൂടി ഭാര്യാഭർത്താക്കന്മാരായിത്തീരുന്ന യുവമിഥുനം "മധുവിധു"വിന്റെ മധുരമായ അനുഭൂതികളിൽനിന്നു് കല്ലും മുള്ളും നിറഞ്ഞ സാധാരണലോകത്തേക്കുവരുന്നു. വിഭിന്നജീവിതരീതികൾ സ്വീകരിച്ചിരുന്ന യുവതിയും യുവാവും തങ്ങൾക്കു പൊതുവായുള്ളതും, പുതിയതുമായ ഒരു മാർഗ്ഗത്തിലൂടെ പ്രയാണംനടത്തുവാൻ ആരംഭിക്കുന്നു. പരാതികളും, കുഴപ്പങ്ങളും എന്നാൽ വിട്ടുവീഴ്ചകളും അവശ്യം വേണ്ടിയ ഒരു ചെറിയ സാമ്രാജ്യമാണിതു്. നായകൻ ഏകാന്തതയും, സൈ്വര ജീവിതവും, സാധാരണതവും ഇഷ്ടപ്പെടുമ്പോൾ നായിക ധാരാളംസ്നേഹിതരേയും, പുതുമയേയും വളരെയധികം ഇഷ്ടപ്പെട്ടുവെന്നുവരാം. എന്നാൽ ഭാര്യയും ഭർത്താവും ഒരേ നുകത്തിൽ ബന്ധിക്കപ്പെട്ട രണ്ടുമൃഗങ്ങളെപ്പോലെ ഒരേ പാതയിലൂടെ മുമ്പോട്ടുപോകേണ്ടതാണ്.

പിതൃപുത്രബന്ധത്തിൽ ഏററവും പ്രധാനപ്പെട്ട പ്രശ്നം മക്കൾക്കു ഏതുതരത്തിലുള്ള വിദ്യാ



Inserted by
Mrs. V. Z. Thomas Konn

ഭ്യാസമാണു കൊടുക്കേണ്ടതെന്നുള്ളതാണ്. ഇടത്തരം കുടുംബത്തിൽപ്പെട്ട കുടുംബനായകന്മാർ ബോർഡിംഗ്സ്കൂളിൽ കുട്ടികളെ അയച്ചു് വിദ്യാഭ്യാസം ചെയ്യിക്കുന്നു. ഭീമമായ ബോർഡിംഗ് ചിലവുകൾ താങ്ങുവാൻവേണ്ടി പലപ്പോഴും കുടുംബത്തിലുള്ള മാററംഗങ്ങളുടെ ജീവിതസൗകര്യങ്ങൾ ഉപേക്ഷിക്കപ്പെട്ടുപോകുന്നതിനും ഇതു ചിലപ്പോൾ കാരണമായേക്കാം. ഗവമെൻറുടേസ്പനുകാക്കും മററു് അധ്യാപകരുടെ ക്ലിപ്തവരുമാനമുണ്ടായിരിക്കുകയും അതേസമയത്തു് താമസസ്ഥലത്തു ഇല്ലാതിരിക്കുകയും ചെയ്യുന്നവർക്കു് കുട്ടികളെ ബോർഡിംഗ്സ്കൂളിൽ അയച്ചു് വിദ്യാഭ്യാസം ചെയ്യിക്കുന്നതു് വളരെ സൗകര്യപ്രദമായിരിക്കും. അപ്രാഥമിക വിദ്യാഭ്യാസം ബന്ധിച്ചിടത്തോളം ഹൈസ്കൂൾ വിദ്യാഭ്യാസം കുട്ടികൾ വീട്ടിൽ താമസിച്ചു ചെയ്യുന്നതാണ് കൂടുതൽ ഉപകാരപ്രദം. അങ്ങനെയായാൽ ജീവിതത്തിന്റെ പല യാഥാർത്ഥ്യങ്ങളും നേരിട്ടു മനസ്സിലാക്കുന്നതിനും അതിനെ അവരുടെ പ്രായോഗികജീവിതത്തിൽ കൊണ്ടുവരുന്നതിനും സാധിക്കും. പലപ്പോഴും കുടുംബത്തിൽ നായകനും നായികയും തമ്മിൽ അഭദ്രമായ ബന്ധം പുലർത്തുന്നതിനും കുട്ടികൾ സഹായമാകുന്നുണ്ടു്. കലാലയജീവിതം വെളിയിൽ ഹോസ്റ്റലുകളിലോ, ബോർഡിംഗുകളിലോ താമസിച്ചുകൊണ്ടു ചെയ്യുകയും ഹൈസ്കൂൾവിദ്യാഭ്യാസം വീട്ടിൽ താമസിച്ചു ചെയ്യുകയുമായിരിക്കും ഉത്തമം.

കുടുംബത്തിന്റെ മുൻപറഞ്ഞ രണ്ടു ഘടകങ്ങളും തമ്മിൽ രക്തബന്ധമുള്ളതുകൊണ്ടു്, ഈ ഘടകങ്ങൾ തമ്മിലുള്ള സ്നേഹബന്ധം എക്കാലവും നിലനില്ക്കുന്നു. എന്നാൽ യജമാനനും ഭൃത്യരും തമ്മിലുള്ള ബന്ധം തല്ക്കാലത്തേക്കു മാത്രമുള്ളതും രണ്ടുപേരുടേയും പെരുമാററത്തെമാത്രം ആശ്രയിച്ചു നില്ക്കുന്നതുമാണ്. രണ്ടുപേരും സ്നേഹമായും സൗഹൃമായും പെരുമാറുകയാണെങ്കിൽ ഈ ബന്ധം വളരെ മധുരമുള്ളതും നീണ്ടുനില്ക്കുന്നതും ഇരുകൂട്ടർക്കും ഉപകാരപ്രദവുമായിരിക്കും നേരെമറിച്ചാണെങ്കിൽ ഗുണത്തേക്കാൾ കൂടുതൽ അതു ദോഷത്തെ പ്രദാനംചെയ്യും. ഈ മൂന്നു ഘടകങ്ങളുംതമ്മിൽ യോജിച്ചുപ്രവർത്തിച്ചാൽ വളരെ സന്തോഷപ്രദമായ, മാതൃകാപരമായ, ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്.

# ഡോ. ബനവൻതുരാ അരാനാ തിരുമനസ്സിലെ ജൂബിലി

പുണ്യശ്ലോകനായ ഡോക്ടർ ബനവൻതുരാ അരാനാ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണജൂബിലിയുടെയും, മെത്രാൻ പട്ടാഭിഷേകരജതജൂബിലിയുടെയും സംയുക്താഘോഷങ്ങളിൽ സംബന്ധിക്കുന്നതിനും തിരുമേനിക്കു മംഗളം ആശംസിക്കുന്നതിനുമായി ഡിസംബർ 4-ാംനു ശതക്കണക്കിനു ആളുകൾ വിജയപുരം പള്ളിയിലും പരിസരങ്ങളിലുമായി കൂടിയിരുന്നു. രാവിലെ പൊന്തിഫിക്കൽ കുർബാന മുതലായവ നടന്നു. ഉച്ചകഴിഞ്ഞു് മൂന്നരമണിക്കു ജില്ലാക്കോടതിമൈതാനത്തു് വച്ചു ഗംഭീരമായ പൊതുയോഗവും നടത്തുകയുണ്ടായി.

വിജയപുരം അരമനയിൽനിന്നു പുറപ്പെട്ട ഘോഷയാത്ര സെൻറു് ജോസഫ് കോൺവെൻറിനു മുൻവശമുള്ള വഴിയിൽക്കൂടി ജില്ലാകോടതി മൈതാനത്തു പ്രത്യേകം തയ്യാർ ചെയ്തിരുന്ന പന്തലിൽ എത്തിച്ചേർന്നു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ഈശ്വര



ഡോക്ടർ ബനവൻതുരാ
തിരുമേനി

പ്രാർത്ഥനയോടെ ചടങ്ങുകൾ ആരംഭിച്ചു. റൈററു റവ. ഡോ. അംബ്രോസ് അബാസോലോ (ഒ. സി. ഡി.) തിരുമേനി സ്വാഗതപ്രസംഗം ചെയ്തു. പിന്നീടു് നടന്നതു് അദ്ധ്യക്ഷപ്രസംഗമായിരുന്നു തുടർന്നു ഒരു മംഗളാശംസാപാരായണം നടന്നു. അനന്തരം റൈററു് റവ. ഡോക്ടർ തോമസ് തറയിൽ, (കോട്ടയം) റൈററു് റവ ഡോക്ടർ മാത്യു കാവുകാട്ടു് (ചങ്ങനാശേരി) എന്നി തിരുമേനിമാരും, മി. പി. ജെ. സെബാസ്റ്റ്യൻ എം. എൽ. എ, മി. പി. എം. മർക്കോസ് എം. എൽ. എ. എന്നിവരും ആശംസാപ്രസംഗങ്ങൾ ചെയ്തു. തുടർന്നു ജൂബിലേറിയൻ തിരുമേനിക്കു് ഇടവകാംഗങ്ങളുടെ വകയായി ഒരു മംഗളപത്രംസമർപ്പിക്കപ്പെട്ടു. ഇടവകാംഗങ്ങൾ പലരും അദ്ദേഹത്തിനു വിലയേറിയ പലസമ്മാനങ്ങളും നൽകുകയുണ്ടായി. ജൂബിലേറിയൻ തിരുമേനി സ്വീകരണങ്ങൾക്കും, ആശംസകൾക്കും, അഭിനന്ദനങ്ങൾക്കും നന്ദി പറഞ്ഞു.

—o—

# 18 രാഷ്ട്രങ്ങൾക്കു യു.എൻ. അംഗത്വം

ജനറൽ അസംബ്ളിയുടെ പ്രത്യേക പൊളിററിക്കൽ കമ്മിററിയിൽ പുതിയ അംഗങ്ങളെ യു. എന്നിൽ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ചു് അഞ്ചുവർഷമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള പ്രമേയം കനേഡിയൻ പ്രതിനിധി അവതരിപ്പിച്ചു. ഈ പ്രമേയത്തിനു 28 രാഷ്ട്രങ്ങളുടെ പിൻതുണയുണ്ടു്.

സിലോൺ, നിപ്പാൾ, ഇററലി, അയർലണ്ടു്, ജപ്പാൻ, ആസ്ട്രിയ, സ്പെയിൻ എന്നി രാഷ്ട്രങ്ങൾ ഉൾപ്പെടെ 13 കമ്മ്യൂണിസ്റ്റേതരരാഷ്ട്രങ്ങൾക്കും 5 കമ്മ്യൂ. രാഷ്ട്രങ്ങൾക്കും യു. എന്നിൽ പ്രാതിനിധ്യം നൽകണമെന്നാണ് കാനഡായുടെ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്

# പുതിയ സ്കൂളുകൾ

1956-57 വിദ്യാലയവർഷത്തിൽ ഒരു മോഡൽ സ്കൂളോടുകൂടി ഒരു നഴ്സറി ട്രയിനിങ്ങ് സ്കൂളും 10 പ്രൈമറിസ്കൂളുകളും ഒരു പോസ്റ്റ് ഗ്രാജുവേററു ബേസിക് ട്രെയിനിങ്ങ് കോളേജും 5 ബേസിക് ട്രെയിനിങ്ങ് സ്കൂളുകളും 10 മിഡിൽ സ്കൂളുകളും തുറക്കുന്നതിനു് വിദ്യാഭ്യാസവകുപ്പിനും 10 പ്രൈമറിസ്കൂളുകളും, 3 ബേസിക്ട്രെയിനിങ്ങ് സ്കൂളുകളും 40 മിഡിൽ സ്കൂളുകളും തുറക്കുന്നതിനു് പ്രൈവററു് മാനേജ്മെൻറിനും ഗവ. അനുവാദം നൽകിയിരിക്കുന്നു. 60 സ്കൂളുകൾ ബേസിക് സ്കൂളുകളായി മാററുന്നതിനും അനുവാദം നൽകിയിട്ടുണ്ടു്.

# ചരമവാർത്തകൾ

**ഉദയംപേരൂർ:** ഈ എടവക ചാലിയാത്തു് മാണിക്കനേം പറമ്പിൽ വർക്കി അവുസേപ്പ് ഡിസംബർ 9-ാംനു പകൽ 4 മണിക്കു് കർത്താവിൽ നിദ്ര പ്രാപിച്ചു പിറേറദിവസം ശവസംസ്കാരം കോട്ടൂർ ബ. കുര്യാക്കോസച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. ശവസംസ്കാരാനന്തരം ഒട്ടേറെ സാധുക്കൾക്കു ദാനധർമ്മങ്ങൾ നൽകുകയുണ്ടായി.

**കരിമണ്ണൂർ:** സ്ഥലത്തെ ഒരു പുരാതനകുടുംബാംഗമായ അത്തിക്കൽ അബ്രാഹം വറുഗീസ് ഏറെക്കാലം മൂലം കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിയിൽവച്ചു അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ചു 48-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരം സ്ഥലം പള്ളി സെമിത്തേരിയിൽ യഥാവിധി നടത്തുകയുണ്ടായി.

R. I. P.






# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ ERNAKULAM, DECEMBER 14 ‖ No. 19


# ഇൻഡ്യയിലെ ക്രിസ്ത്യാനികൾ

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച് ഇന്ത്യാക്കാർതന്നെ ഇന്ത്യയെ ഭരിക്കണമെന്നുള്ള നില വന്നപ്പോൾ, ഇന്ത്യ ആരുടേതാണെന്നോ ഇന്ത്യയെ ഇന്ത്യാക്കാരിൽ ആരു ഭരിക്കണമെന്നോ ഒക്കെ ലക്കില്ലാത്ത ചില ചിന്താഗതികൾ പൊന്തിവന്നിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു, ഇന്നുവരെയുള്ള ഇവിടത്തെ സംഭവവ്യതിയാനങ്ങളെ നിരീക്ഷിക്കുമ്പോൾ. ഈ ആശയക്കുഴപ്പം അത്ര പുതിയതൊന്നുമല്ല. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയുടെ പ്രാരംഭാലോചനാഘട്ടത്തിൽതന്നെ ഏകഭാരതത്തെ വെട്ടിമുറിച്ച് ഒരു പാക്കിസ്ഥാൻ സൃഷ്ടിക്കുന്നതിനിടയാക്കിയതു ഈ ആശങ്കയുടെ ഫലമായിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ച് അഗാധമായ പരിചിന്തനത്തിനുശേഷം അവർ തീരുമാനിച്ചതു് ഇന്ത്യയോടുള്ള അവരുടെ കർത്തവ്യത്തെ ആനുകൂല്യങ്ങൾ പരിത്യജിച്ചും ത്യാഗങ്ങൾ വേണ്ടിവന്നാൽ സ്വയം വരിച്ചും നിറവേററാമെന്നും ഭൂരിപക്ഷസമുദായത്തിന്റെ നീതിബോധത്തിൽ വിശ്വാസമർപ്പിക്കാമെന്നുമാണ്. ഈ വിശ്വാസം വിഫലമായിട്ടില്ലെന്നു ഇന്ത്യയുടെ ശ്രേഷ്ഠമായ ഭരണഘടനയും ഒന്നാംകിട നേതാക്കന്മാരുടെ പ്രവൃത്തികളും ഉറപ്പുനൽകുന്നുണ്ട്. എങ്കിലും സങ്കുചിതമനസ്ഥിതിയോടും സമുദായഭ്രാന്തോടുംകൂടി "വെറിളി"പിടിച്ച ഒരുകൂട്ടർ എപ്പോഴും ന്യൂനപക്ഷങ്ങളെ മർദ്ദിച്ച് പുറംതള്ളുവാൻ ആവേശഭരിതരായി ഓടിനടക്കുന്നുണ്ട്. അക്കൂട്ടരുടെ അടുത്തകാലത്തെ ചില "മദ"യിളക്കങ്ങളാണ് മതപരിവർത്തനബില്ല്, ബീഹാർമർദ്ദനം മുതലായവ. ഇന്ത്യയുടെ പ്രശസ്തനേതാവായ പണ്ഡിററ്ജി ഇവയെപ്പററി ലോക്സഭയിൽ മതപരിവർത്തനബില്ലു വിവാദം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ചെയ്ത പ്രസംഗത്തിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി. ഭാരതത്തിൽ ക്രിസ്ത്യാനികൾക്കുള്ള പൗരത്വാവകാശങ്ങളേയും, അവരുടെ സേവനമാഹാത്മ്യത്തേയും, അവർക്കെതിരായി പ്രവർത്തിക്കുന്നവരുടെ മൗഢ്യത്തേയും തെളിവായി കാണിക്കുന്ന ഈ രേഖ അതിന്റെ പൂർണ്ണരൂപത്തിൽ ഇവിടെ പകർത്തുന്നതിനു ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. അതു എല്ലാവർക്കും മാർഗ്ഗദർശകമാകുമല്ലോ:-

"ജനങ്ങളുടെ മനസ്സിൽ മിക്കവാറും അനിവാര്യമായവിധം ക്ഷോഭം ജനിപ്പിക്കുന്ന ഒരു വിഷയത്തെപ്പററിയാണു നാം ചർച്ച നടത്തുന്നതു്. മതപരിവർത്തനത്തിന്റെ പേരിൽ, മതപരമായ പ്രവർത്തനങ്ങളുടെ പേരിൽ, വളരെ തിന്മകൾ ചെയ്യപ്പെടുന്നുണ്ടെന്നുള്ളതിനെപ്പററി യാതൊരു സംശയവുമില്ല. എന്നാൽ ഇതു ഏതെങ്കിലും ഒരു മതത്തിന്റെ അനുഗാമികൾക്കുമാത്രം പ്രത്യേകമായിട്ടുള്ള ദോഷമല്ല. എല്ലാ മതങ്ങളുടേയും ഉപാസകന്മാർ—എല്ലാ ഉപാസകന്മാരുമല്ല, അവരിൽ ചിലർ—മര്യാദയുടെ സീമകളെപ്പോലും അതിലംഘിക്കാറുണ്ട്. അതുസംബന്ധിച്ച ധാരാളം ഉദാഹരണങ്ങൾ നമ്മുടെ പക്കലുണ്ട്.

## ക്രൈസ്തവസ്ഥാപനങ്ങളിൽ വലിയന്യൂനതകളില്ല

"അനാഥശാലകളേയും അബലാസങ്കേതങ്ങളേയുംപററി അന്വേഷിക്കുവാൻ പ്ലാനിങ്ങ് കമ്മീഷനിൽനിന്നു് അടുത്തകാലത്തു് ഒരു കമ്മിററിയെ നിയമിക്കുകയുണ്ടായി. ആ കമ്മിററിയുടെ റിപ്പോർട്ട് എന്നെങ്കിലും ഈ സഭയുടെ ചർച്ചയ്ക്കു വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു; എന്തുകൊണ്ടെന്നാൽ, അതൊരു ബീഭത്സമായ റിപ്പോർട്ടാകുന്നു. വിവിധ ക്രൈസ്തവസംഘടനകൾ നടത്തുന്ന അനാഥശാലകളിലും അബലാസങ്കേതങ്ങളിലും, കമ്മിററിയംഗങ്ങൾ യാതൊരു ന്യൂനതകളും, അല്ലെങ്കിൽ അധികം ന്യൂനതകൾ, കണ്ടെത്തുകയുണ്ടായില്ല. എന്നാൽ മററുള്ളവർ നടത്തുന്ന അനാഥശാലകളിലും അബലാസങ്കേതങ്ങളിലും വളരെയധികം ന്യൂനതകൾ അവർ കാണുകയുണ്ടായി. അതുകൊണ്ടു് മററു മതങ്ങളും സംഘടനകളും തെററുകാരാണെന്നു വരുന്നില്ല.

"തെററായ ആളുകൾ ഈ സ്ഥാപനങ്ങളെക്കൊണ്ടു് പണമുണ്ടാക്കുവാനായി അവയെ ഉപയോഗിച്ചുവെന്നും, എല്ലാത്തരം നികൃഷ്ടങ്ങളായ കാര്യങ്ങൾ ചെയ്തുവെന്നും മാത്രമേ അതിനർത്ഥമുള്ളൂ. സ്വന്തം പ്രയോജനത്തിനുവേണ്ടി മര്യാദകേടു കാണിക്കുകയോ, മതത്തേയും മററും പ്രയോജനപ്പെടുത്തുകയും ദൂഷണംചെയ്യുകയും ചെയ്യുകയോചെയ്യുന്ന കുററക്കാരായ ആളുകളെ മററുള്ളവരിൽനിന്നു വേർതിരിച്ചു കണക്കാക്കണം. അതു് അങ്ങനെവേണമെന്നുള്ളതു സ്പഷ്ടമാണ്. എന്നാൽ ഈ രണ്ടിനുമിടയ്ക്കു ഒരു അതിർത്തിരേഖ വരയ്ക്കുക പലപ്പോഴും വിഷമകരമായ സംഗതിയാകുന്നു.

## ബിൽ നന്മയ്ക്കല്ല; വിപത്തിനാണു

"വളരെ സന്മനോഭാവത്തോടുകൂടിയും ഏററം നല്ല ഉദ്ദേശ്യത്തോടുകൂടിയും എന്റെ ഒരു സുഹൃത്തു കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ, ഫലത്തിൽ തെററായ നടപടികളെ തടയുന്നതിനു വളരെയൊന്നും സഹായിക്കുകയില്ലെന്നും, നേരേമറിച്ച് വളരെയധികമാളുകൾക്കു് വളരെയധികം ക്ലേശങ്ങൾക്കു കാരണമായിത്തീരുമെന്നും ഞാൻ ഭയപ്പെടുന്നു. അതുപോലെതന്നെ, ഈ സംഗതികളെ നാം എത്ര ശ്രദ്ധാപൂർവ്വം നിർവ്വചിച്ചാലും അവയ്ക്കു ഉചിതമായ പദപ്രയോഗം യഥാർത്ഥത്തിൽ കണ്ടുപിടിക്കുക സാദ്ധ്യമല്ലെന്നുള്ള സംഗതിയും നാം ആലോചിക്കേണ്ടതാണ്.

"ഇതേ പ്രശ്നംതന്നെ, അതിന്റെ എല്ലാ വശങ്ങളിലും, ഇതിനുമുൻപു കോൺസ്റ്റിററ്യുവന്റ് അസംബ്ളിയും, കോൺസ്റ്റിററ്യുവന്റ് അസംബ്ളി ഔപചാരികമായി കൂടുന്നതിനുമുൻപു പല സബ്കമ്മിററികളും പര്യാലോചിച്ചിരുന്നതാണ് എന്നുള്ള വസ്തുത ഈ സഭയിലെ ചില മെമ്പർമാർ അനുസ്മരിക്കുന്നുണ്ടായിരിക്കണം. മൗലികാവകാശങ്ങളെപ്പററി ഒരു സബ്കമ്മിററി ഉണ്ടായിരുന്നു. ഒരു ഉപദേശകസമിതി ഉണ്ടായിരുന്നു. മറെറാരു കമ്മിററിയും ഉണ്ടായിരുന്നു. വളരെയധികം പ്രമേയങ്ങൾ ചർച്ചചെയ്യപ്പെടുകയുണ്ടായി.

"സർദാർ പട്ടേൽതന്നെ ഒരു പ്രമേയം അവതരിപ്പിച്ചതായി ഞാൻ ഓർക്കുന്നു. അനന്തരം അതിനു വളരെയധികം ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു. ശ്രീ കെ. എം. മുൻഷി മറെറാരു ഭേദഗതി അവതരിപ്പിച്ചതായി ഞാൻ ഓർക്കുന്നു. അങ്ങനെ പലതും അവതരിപ്പിക്കപ്പെട്ട ഒടുവിൽ സർദാർ പട്ടേൽ എഴുന്നേററുനിന്നു പറഞ്ഞു: ഇതുസംബന്ധിച്ച് (വാദപ്രതിവാദത്തിൽ) ചൂടുണ്ടാകാതിരിക്കണം —യഥാർത്ഥത്തിൽ ചൂടുണ്ടായിരുന്നു—മൂന്നു കമ്മിററികൾ ഈ വിഷയത്തെപ്പററി പര്യാലോചനനടത്തിയെന്നും, പൊതുവെ സ്വീകാര്യമായ ഒരു തീരുമാനത്തിലെത്തുവാൻ അവർക്കു സാധിച്ചില്ലെന്നുമുള്ളതു സ്പഷ്ടമാകുന്നു. ഉചിതമായ ഒരു ഫോർമുല കണ്ടുപിടിക്കുന്നതിനുവേണ്ടി നമുക്കു ഇതു വീണ്ടും കമ്മിററിക്കയച്ചുകൊടുക്കാം.

"അതിനുശേഷം, ഇങ്ങനെ യാതൊന്നും ഇല്ലാതിരിക്കുകയാണു് നല്ലതെന്നുള്ള തീരുമാനത്തിൽ അവർ എത്തിച്ചേർന്നു. ഭാവിയിൽ ദുരുപയോഗിക്കപ്പെടാത്ത, തീർത്തും മതിയായ ഒരു ഫോർമുല കണ്ടുപിടിക്കുവാൻ അവർക്കു സാധിച്ചില്ലെന്നുള്ളതാണ് അതിനു കാരണം.

"ബലപ്രയോഗം, വഞ്ചന മുതലായ ഗുരുതരമായ തിന്മകളെ സംബന്ധിച്ചിടത്തോളം, നിലവിലുള്ള നിയമമനുസരിച്ചുതന്നെ, അവയ്ക്കു പരിഹാരമുണ്ടാക്കാവുന്നതാണ്. യാതൊരു തെളിവുമില്ലാത്തതിനാൽ ഇതു വളരെ വിഷമമുള്ള ഒരു കാര്യമായിരിക്കാം; എന്നാൽ മററു പല കുററങ്ങളുടെ കാര്യത്തിലും ഇതുപോലെതന്നെയുള്ള വിഷമതകളുണ്ടായിരിക്കുന്നു. വിഷമമാണോയെന്നതു മറെറാരു കാര്യമാണ്. നിയമമനുസരിച്ച് നിങ്ങൾക്കു പരിഹാരം തേടാം; പരിഹാരം തേടുകയുംവേണം. മററു മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു; പൊതുജനാഭിപ്രായവും അതുപോലെതന്നെ നിയമപരമായ മാർഗ്ഗങ്ങളും.

## കുഴപ്പമുണ്ടാക്കുന്ന ഈ ബിൽ ഞാൻ പാസാക്കുകയില്ല

"എന്നാൽ, ഇതുപോലെയുള്ള ഒരു നിയമം പാസാക്കുന്നതുമൂലം, പരിഹരിക്കുവാൻ നാം ആഗ്രഹിക്കുന്ന തിന്മകൾ പരിഹരിക്കുന്നതിനുപകരം, മററു തിന്മകളും മററു വിഷമതകളും യഥാർത്ഥത്തിൽ സംജാതമാക്കുകയല്ലേ ചെയ്യുകയെന്നു ഞാൻ ഭയപ്പെടുന്നു. എവിടേയും ഇടപെടുന്നതിനുള്ള കൂടുതലായ അധികാരം പോലീസിനു കൊടുക്കാതെ കഴിക്കണമെന്നുള്ളതിൽ എനിക്കു ഉൽക്കണ്ഠയുണ്ട്. ഈ സഭയിലെ മററു മെമ്പറന്മാർക്കും ഉൽക്കണ്ഠയുണ്ടായിരിക്കണമല്ലോ. പോലീസിനെതിരായി എനിക്കു പരാതിയൊന്നുമില്ല. പോലീസ് അനുപേക്ഷണീയമായ ഒരു സ്ഥാപനമാണെന്നു മാത്രമല്ല പൊതുവെ പറഞ്ഞാൽ അവർ നന്നായിട്ടുതന്നെ പെരുമാറുന്നുവെന്നുമാണ് എന്റെ അഭിപ്രായം. വിപുലമായ ഒരു സേനയിൽ ചിലർ നന്നായി വർത്തിക്കുന്നില്ലെങ്കിൽ അതു സ്വാഭാവികംമാത്രമാണ്. പൊതുവെ അവർ നന്നായിട്ടാണ് പെരുമാറിയിരിക്കുന്നതു്. അതു് അവർ തെളിയിച്ചിരിക്കുന്നു.

"എന്നാൽ എല്ലായിടത്തും വ്യക്തിപരമായി ഇടപെടുന്നതിനും പരിശോധിക്കുന്നതിനും അധികാരം നൽകുന്നതുമൂലം വളരെയധികം കുഴപ്പങ്ങളുണ്ടാകുവാൻ ഇടയുണ്ട്. വ്യക്തിപരമായി പറഞ്ഞാൽ, ഈ നിയമം ബാധകമായേക്കാവുന്ന പ്രധാനകക്ഷികളുടെയെല്ലാം പരിപൂർണ്ണമായ പിന്തുണ ലഭിക്കാതെ, ഇത്തരമൊരു നിയമം ഞാൻ പാസാക്കുകയില്ല. മതപരിവർത്തനജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ക്രിസ്ത്യൻമിഷനറിമാർക്ക് ബാധകമാകണമെന്നു പരോക്ഷമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഈ ബില്ലെങ്കിൽ, ഇതേപ്പററി യഥാർത്ഥമായ തീരുമാനം ചെയ്യുവാനുള്ള ചുമതല ഈ സഭയിലെ ക്രിസ്ത്യൻമെമ്പർമാരിൽ നിക്ഷിപ്തമായി കാണുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. അവർ തീരുമാനിക്കട്ടെ. തത്വത്തിന്റെ കാര്യത്തിലാണെങ്കിൽ വിഷമമില്ല. വഞ്ചന ആരും ഇഷ്ടപ്പെടുന്നില്ല. ബലപ്രയോഗം ആരും ഇഷ്ടപ്പെടുന്നില്ല. പ്രായോഗികമായി, അതിനെ തടയുവാനുള്ള ഈ ശ്രമം, മററുതരത്തിലുള്ള ബലപ്രയോഗത്തിനു വഴിതെളിച്ചേക്കാം. അതാണു ഞാൻ കാണുന്ന വിഷമം.

## ബീഹാർസംഭവം

"കുറച്ചുനാൾ മുൻപു്, രണ്ടു മാസം മുൻപു് എന്നാണ് എന്റെ ഓർമ്മ, ബീഹാറിലെ ഒരു ഗ്രാമത്തിൽ നടന്ന സംഭവത്തെപ്പററി ബ. മെമ്പറന്മാർ വായിച്ചിട്ടുണ്ടായിരിക്കുമല്ലോ. അത്തരമൊരു അക്രമം ഇതിനു മുൻപു് ഇൻഡ്യയിലുണ്ടായിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. ഞാൻ ഓർക്കുന്നിടത്തോളം അടുത്തകാലത്തെങ്ങും നടന്നിട്ടില്ല. മതപരിവർത്തനവുമായി അതിനു യാതൊരു ബന്ധവുമില്ല. എന്നാൽ മതപരമായ കാര്യങ്ങളിൽ വികാരങ്ങളെ ഇളക്കിവിട്ടാൽ, അതു തെററും ആപൽക്കരവുമായ ഒരു വഴിയിലേക്കു തിരിയാമെന്നാണ് അതു കാണിക്കുന്നതു്.

ശ്രീ കമ്മത്തു്-അതു്- എന്നായിരുന്നു?

ശ്രീ നെഹ്രു- രണ്ടോ മൂന്നോ മാസം മുൻപു്. ആ ഗ്രാമത്തിന്റെ പേരു ഞാൻ വിസ്മരിച്ചുപോയതിൽ ഖേദിക്കുന്നു.

ശ്രീ എ. എം. തോമസ് ബീഹാറിൽ ഗയാഡിസ്ട്രിക്ടിലെ വർദ്ധമാൻ നഗർ.

ശ്രീ നെഹ്രു-അവിടെ ഒരു ചെറിയ ക്രിസ്ത്യൻകപ്പേളയിൽ മതപരമായ കർമ്മങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ദിവ്യപൂജ അർപ്പിക്കപ്പെടുകയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ആ ദേവാലയത്തിൽ ഉണ്ടായിരുന്ന ജനങ്ങൾക്കു ഏററം പാവനവും മഹനീയവുമായ ഒരു സന്ദർഭമായിരുന്നു അതു്. ആ സമയത്തു പുറമേനിന്നും ഒരു ജനക്കൂട്ടം പള്ളിയിൽ പ്രവേശിച്ചു വൈദികനെയും ജനക്കൂട്ടത്തെയും മർദ്ദിക്കുകയും, അവരെ പുറത്തേക്കു വലിച്ചിഴയ്ക്കുകയും, ദേവാലയത്തെ പൊതുവേ അശുദ്ധമാക്കുകയും ചെയ്തു.

## സംരക്ഷണം നൽകണം

"അതു് ഏററവുംലജ്ജാവഹമായ ഒരു നടപടിയാണെന്നു ഞാൻ പറയുന്നു. നമ്മുടെ ഭരണഘടനയുടെയും ഇന്ത്യ എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അതിന്റെയും ആദർശത്തിനും ചൈതന്യത്തിനും തീർത്തും എതിരായിട്ടുള്ള ഒരു നടപടിയാകുന്നു. ഞാൻ അതേപ്പററി വായിച്ചപ്പോൾ അതു എന്നെ അങ്ങേഅററം ഞെട്ടിപ്പിച്ചു. എനിക്കു് അതു വിശ്വസിക്കുവാൻ സാധിച്ചില്ല. അതു് അതിശയോക്തിപരമായ ഒരു റിപ്പോർട്ടാണെന്നു ഞാൻ വിചാരിച്ചു. എന്നാൽ അതേപ്പററി അന്വേഷണം നടത്തിയപ്പോൾ, പൊതുവേ അതു ശരിയായ ഒരു റിപ്പോർട്ടാണെന്നു തെളിഞ്ഞു.

"വികാരങ്ങൾ എങ്ങനെ പ്രക്ഷുബ്ധമാകുന്നുവെന്നു കാണിക്കാനാണു ഞാൻ ഇതു സൂചിപ്പിച്ചതു്. ഇവിടെയോ, മറെറവിടെയെങ്കിലുമോ ഉള്ള നമ്മുടെ ക്രിസ്ത്യൻ സഹപ്രവർത്തകന്മാർക്കും സുഹൃത്തുക്കൾക്കും, ഇത്തരം അനുഭവങ്ങളിൽനിന്നു സംരക്ഷണം ആവശ്യപ്പെടുവാൻ ഇപ്പോൾ എളുപ്പമായിരിക്കുന്നു. നാം സംരക്ഷണം നൽകേണ്ടിയിരിക്കുന്നു. എന്നാൽ യഥാർത്ഥമായ സംരക്ഷണം, സഹിഷ്ണുതയുടെയും, ജീവിക്കുകയും ജീവിക്കാനനുവദിക്കുകയും ചെയ്യുന്നതിന്റെയും ഒരു അന്തരീക്ഷം, മററുള്ളവരുടെ മതത്തെ ബഹുമാനിക്കുന്നതിന്റെയും ബലപ്രയോഗം മുതലായവ പരിത്യജിക്കുന്നതിന്റെയും ഒരു അന്തരീക്ഷം, സൃഷ്ടിക്കുകയാകുന്നു.

## ക്രിസ്തുമതം അതിപ്രധാന മതങ്ങളിലൊന്നു്

"ആകയാൽ,ഈ പ്രത്യേകബില്ലിൽ ഏററവും നല്ല ഉദ്ദേശ്യങ്ങളോടുകൂടി അവതരിപ്പിച്ചിട്ടുള്ളതാണെങ്കിലും, ഇതിനു മുൻപു് പ്രസംഗിച്ച സന്താലിൽനിന്നുള്ള ബ. മെംബർ സൂചിപ്പിച്ച തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടെന്നു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നെന്നിരുന്നാലും, ഒരു വ്യത്യസ്തമായ നിലയിൽനിന്നു്, മററു മാർഗ്ഗങ്ങളിൽക്കൂടി, വേണം ആ തിന്മകൾക്കു പരിഹാരം കണ്ടെത്തുവാനെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ രീതിയിൽ പാടില്ല. ഇതു മററുതരത്തിലുള്ള ബലപ്രയോഗങ്ങൾക്കു കാരണമാകുന്നതാണ്. സർവ്വോപരി, ഇൻഡ്യയിലെ ക്രിസ്തുമതാനുയായികളുടെ ഇടയിൽ ഇതു് ഒരു അരക്ഷിതബോധം സംജാതമാക്കുന്നതാണ്.

"ഒടുവിൽ പ്രസംഗിച്ച ബ. മെംബർ പറഞ്ഞതുപോലെ, ക്രിസ്തുമതം ഇൻഡ്യയിലെ അതിപ്രധാനമതങ്ങളിൽ ഒന്നാകുന്നു. അതു ഏതാണ്ട് 2000 കൊല്ലങ്ങൾക്കുമുൻപു ഇവിടെ സംസ്ഥാപിതമായതാണ്. നമ്മുടെ സുഹൃത്തുക്കളും ഈ രാജ്യത്തിലെ സഹപൗരന്മാരുമായ ക്രിസ്ത്യാനികളുടെ മനസ്സിൽ മർദ്ദനത്തിന്റെയോ പീഡനത്തിന്റെയോ എന്തെങ്കിലും ബോധം സംജാതമാകത്തക്ക യാതൊന്നും നാം ചെയ്യരുതു്.

"ആകയാൽ, ഈ ബില്ലിന്റെ ചർച്ച തുടരുന്നതു് ആശാസ്യമല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ സംഗതിയെപ്പററി മററു വിധത്തിൽ നമുക്കു ചിന്തിക്കുകയും, പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യാം. എന്നാൽ ഈ വിധത്തിൽ വേണ്ടാ. ഇതു് അവതരിപ്പിച്ച ബ. മെംബർ ഇക്കാര്യത്തെപ്പററി ആലോചിക്കുമെന്നും ഇതു പ്രസ് ചെയ്യുകയില്ലെന്നും ഞാൻ പ്രത്യാശിക്കുന്നു."

## പ്രസാധകക്കുറിപ്പുകൾ

### കത്തോലിക്കാഗ്രന്ഥകാരന്മാർക്കുള്ള നിർദ്ദേശങ്ങൾ

തിരുസഭാസേവനത്തിൽ കത്തോലിക്കാഗ്രന്ഥകാരന്മാർ വഹിക്കുന്ന പ്രധാനപങ്കിനെപ്പററി സവിസ്തരം പ്രതിപാദിച്ചും അവരെ അനുമോദിച്ചും ജർമ്മനിയിലെ മെത്രാന്മാർ ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഗ്രന്ഥകാരന്മാർ സവിശേഷം ശ്രദ്ധിക്കേണ്ട പല

നിർദ്ദേശങ്ങളും ഇടയലേഖനത്തിൽ ഉള്ളടക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ എല്ലാ ഗ്രന്ഥകാരന്മാർക്കും ഒരുപോലെ ഉപകാരപ്രദവും ആദരണീയവുമാകകൊണ്ടു അവയെ ഇവിടെ ഉദ്ധരിക്കുന്നതു ഫലപ്രദമായിരിക്കുമെന്നു കരുതുന്നു. ഗ്രന്ഥനിർമ്മാണത്തിൽ ജീവിതത്തിന്റെ വിവിധവശങ്ങളെ പരാമർശിക്കുന്നതു ഗുണപ്രദമാണെങ്കിലും പ്രതിപാദനത്തിന്റെ ലക്ഷ്യം അനുവാചകർക്ക് ജീവിതനിയന്ത്രണത്തിൽ സഹായം നൽകുക എന്നതായിരിക്കണം എപ്പോഴും. യഥാതഥപ്രസ്ഥാനം ആധുനികസാഹിത്യത്തിലെ ഹൃദ്യരീതിയാണ്. കാര്യക്ഷമമായ ഒരു നിരീക്ഷണം മൂലം അബദ്ധജടിലവും വികാരപരവുമായ വീക്ഷണഗതിയെ തിരുത്തുന്നതിനാണ് അതുപയോഗിക്കപ്പെടുന്നതെങ്കിൽ അതു നല്ലതുതന്നെ. ഏതാദൃശമായ നിരീക്ഷണത്തിന്റെ ആവശ്യകതയേയും അതു നടത്തുന്നതിനുള്ള കർത്തവ്യത്തേയും സംബന്ധിച്ച് ഇത്രയും അനുവദിച്ചുകൊടുക്കുന്നതിനു ഞങ്ങൾ തയ്യാറാണ്. പക്ഷെ കത്തോലിക്കാവിശ്വാസത്തിന്റേയും കത്തോലിക്കാതത്വങ്ങളുടേയും വീക്ഷണകോണത്തിൽനിന്നും, ദൈവദത്തമായ ധാർമ്മികവും മതാത്മകവുമായ നിയമങ്ങളുടെ പ്രാധാന്യം നിഷ്കൃഷ്ടമായി പരിപാലിക്കപ്പെടണം. സർവ്വോപരി ഗ്രന്ഥകാരന്മാർ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്, ജീവിതത്തിന്റെ നഗ്നമായ യാഥാർത്ഥ്യവും പ്രകൃതിയിൽ അടിയുറപ്പിച്ചതും തിരുസഭയാൽ പ്രഖ്യാപിതവുമായ ധാർമ്മികനിയമവും തമ്മിൽ നികത്തപ്പെടുവാൻവഹിയാത്ത ഒരു ഗർത്തമുണ്ടെന്നുള്ള അബദ്ധധാരണ അനുവാചകരിൽ സൃഷ്ടിക്കാതിരിക്കുക എന്നതു്. മിഥ്യാതത്വങ്ങളും തെററായ ഭക്തമുറകളും ഉൾക്കൊള്ളുന്ന ഒരു സാഹിത്യത്തെ പ്രോത്സാഹിപ്പിക്കണമെന്നു ഞങ്ങൾക്കുദ്ദേശ്യമില്ല. എന്നാൽസംഭവങ്ങളെ വെറും നഗ്നമായിമാത്രം കാണുന്നതിനുപകരിക്കുന്ന ഒന്നിനേക്കാൾ മാനവസമുദായത്തെ കുറേക്കൂടി ആരോഗ്യപരമാക്കിത്തീർക്കുന്നതിനുകഴിവുള്ള ഒരു സാഹിത്യസരണിയെയാണ് ഞങ്ങൾ അഭിലഷിക്കുന്നതു്. അവസാനമായി ഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കുന്നതിൽ കത്തോലിക്കർ വളരെ വിവേചനം കാണിക്കണമെന്നും, കത്തോലിക്കാസാഹിത്യത്തിൽ കിടയററ ധാരാളം ഗ്രന്ഥങ്ങൾ ഇക്കാലത്തു സുലഭമാണെന്നും, ഗ്രന്ഥപാരായണം മൂലം വിശ്വാസം ഉപര്യുപരി അടിയുറച്ചതും, പാകതയുള്ളതും, നിഷ്കളങ്കവുമാക്കിത്തീർക്കുന്നതിനാണ് ശ്രമിക്കേണ്ടതെന്നും ഉൽബോധിപ്പിക്കുകയാണ് ഈ സംയുക്തഇടയലേഖനം. സാഹിത്യത്തിലൂടെയുള്ള പ്രേഷിതത്വത്തിനു സന്നദ്ധത പ്രദർശിപ്പിക്കുന്ന ഗ്രന്ഥകാരന്മാരും വായനക്കുള്ള ഗ്രന്ഥങ്ങളെ തങ്ങൾക്കായും തങ്ങളുടെ കുടുംബത്തിനുവേണ്ടിയും തിരഞ്ഞെടുക്കുന്ന സാമാന്യജനങ്ങളും ജർമ്മനിയിലെ കത്തോലിക്കാമെത്രാന്മാർ പുറപ്പെടുവിച്ചിട്ടുള്ള ഈ സംയുക്ത ഇടയലേഖനത്തെ മാർഗ്ഗദർശകമാക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. നമ്മുടെ വൈദികാദ്ധ്യക്ഷന്മാരെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ അനുസ്യൂതം പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നതും, ആധുനികലോകത്തിൽ വലിയൊരു പ്രശ്നമായി വളർന്നുകഴിഞ്ഞിട്ടുള്ളതുമായ ഒരു സംഗതിയാണിതെന്നും സ്മരിക്കേണ്ടതാണ്.

* * *

## കാനഡായിലെ അശ്ലീല ഗ്രന്ഥവേട്ട

കാനഡായിലെ പുസ്തകവില്പനശാലകളിൽ 11000 കത്തോലിക്കാവനിതകൾ ഒരു അശ്ലീലഗ്രന്ഥവേട്ട നടത്തിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അമേരിക്കൻ കത്തോലിക്കാവനിതാസംഘടന വിദഗ്ദ്ധകളായ പരിശോധകരെ വച്ചു പരിശോധിപ്പിച്ചശേഷം തയ്യാറാക്കിയിട്ടുള്ള 300 തികച്ചും നിഷിദ്ധമായ ഗ്രന്ഥങ്ങളെയാണു അവർ വേട്ടയാടുന്നതു്. ഇടവകാടിസ്ഥാനത്തിൽ സംഘടിതമായ ഒരു ഗണം ഓരോ പുസ്തകവില്പനശാലയും സന്ദർശിച്ചു നിഷിദ്ധമായ ഗ്രന്ഥങ്ങൾ അവിടെ കാണുകയാണെങ്കിൽ അതു ഉടനെ അതിന്റെ പ്രസാധകർക്കോ ഉടമസ്ഥന്മാർക്കോ മടക്കിക്കൊടുക്കുന്നതിനാവശ്യപ്പെടുന്നതാണ്. ലിസ്റ്റ് അവർപരസ്യപ്പെടുത്തുന്നതല്ല. തിന്മയെ നീതീകരിക്കുക, അശ്ലീലതയിൽ അതിരുകടന്ന പ്രതിപാദനങ്ങൾ നടത്തുക, ദൈവദൂഷണം, മതവിരുദ്ധത മുതലായവയെ പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെ ദുരുദ്ദേശത്തോടും സഭ്യതയെ അതിലംഘിച്ചും രചിക്കപ്പെട്ടിട്ടുള്ള നിഷിദ്ധഗ്രന്ഥങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നതു്. കനേഡിയൻ കത്തോലിക്കാവനിതാസംഘടനയുടെ വിദ്യാഭ്യാസവകുപ്പിന്റെ കൺവീനറായ മിസ്സിസ് ജോർജ്ജ് ഡേവിസാണ് ഈ പ്രസ്ഥാനത്തെ നയിക്കുന്നതു്. അവരുടെ പ്രവർത്തനം വളരെ ആവശ്യകവും ഉപകാരപ്രദവും ഫലദായകവുമാണെന്നതിൽ സംശയമില്ല. ഇക്കാലത്തു ഈ തരത്തിലുള്ള ശക്തിമത്തായ ഒരു വേട്ടയാടൽ എല്ലാസ്ഥലത്തും അനുപേക്ഷണീയമാണെന്നു തീർത്തും പറയാവുന്നതാണ്. നമ്മുടെ മലയാളസാഹിത്യത്തെ സംബന്ധിച്ചു ഈ വിധത്തിലുള്ള ഒരു ശുദ്ധികർമ്മത്തിനുള്ള പ്രായോഗികപദ്ധതി എത്രകണ്ടു അനിവാര്യമായി തീർന്നിരിക്കുന്നു എന്നു സമുദായസ്നേഹികൾ ചിന്തിക്കുന്നതു നന്നു്.

* * *

## നാഗപ്പൂർ കോൺഫറൻസ്

ഇന്ത്യൻ ഹയരാർക്കിയുടെ അനുഗ്രഹാശിസ്സുകളോടുകൂടി ഭാരതത്തിലെ കത്തോലിക്കാ അൽമായ നേതാക്കന്മാരുടെ ഒരു ആൾ ഇൻഡ്യാകോൺഫറൻസു ഡിസംബർ 14 മുതൽ 18 വരെ തിയതികളിൽ നാഗപ്പൂരിൽവച്ചു നടത്തപ്പെടുന്നു. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും പ്രസിദ്ധരായ നേതാക്കന്മാർ പ്രതിനിധികളായി അതിൽ സംബന്ധിക്കുന്നതാണ്. സുദീർഘമായ വിദേശപര്യടനം കഴിഞ്ഞു മടങ്ങിവന്നിട്ടുള്ള അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനിയാണ് അതുൽഘാടനം ചെയ്യുന്നതു്. സി. ബി. സി. ഐ. യുടെ സ്റ്റാൻറിങ്ങ്കമ്മിററിയുടെ നേതൃത്വത്തിൽ സജ്ജമാക്കപ്പെട്ടിട്ടുള്ള പരിപാടികളിൽ ഇന്ത്യയിലെ അൽമായപ്രേഷിതത്വം, അവർക്കു നൽകേണ്ട പരിശീലനം, അൽമായപ്രേഷിതത്വവും ഇന്ത്യൻസംസ്കാരവും, പൊതുജീവിതത്തിലെ അൽമായപ്രേഷിതത്വം, തിരുസഭയുടെ സാമൂഹികസിദ്ധാന്തങ്ങളെ പ്രായോഗികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ; ഇടവകകളിൽ സാമൂഹികസേവനം, സാമൂഹികസേവനത്തിനുള്ള പ്രാദേശികസംഘടനകൾ, കത്തോലിക്കാസാമൂഹികപദ്ധതികളും നാഷനൽ സാമൂഹികപദ്ധതികളും തമ്മിലുള്ള സഹകരണം എന്നിങ്ങനെ ആധുനികകാലത്തു് അത്യന്തം അടിയന്തിരസ്വഭാവമുള്ളതായി തീർന്നിട്ടുള്ള വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. വിദഗ്ദ്ധന്മാരായ പണ്ഡിതന്മാർ ഓരോ വിഷയത്തേയും കോൺഫറൻസിൽ അവതരിപ്പിക്കുകയും പ്രതിനിധികൾ വിവിധഗ്രൂപ്പുകളായി അവയെപ്പററി പഠനം നടത്തി പ്രായോഗികമായ പദ്ധതികൾ നിർദ്ദേശിക്കുകയും അവയെ പൊതുയോഗം ചർച്ച ചെയ്തു സ്വീകരിക്കുകയും ചെയ്യുന്നതായിരിക്കും. ദൈവാനുഗ്രഹം ഏതൊരു പ്രവർത്തനത്തിന്റെയും വിജയത്തിനു അത്യന്താപേക്ഷിതമാകയാൽ ഓരോ ദിവസത്തെ പരിപാടിയിലും ആദ്ധ്യാത്മികകാര്യങ്ങൾക്കു സമയം കൊള്ളിച്ചിട്ടുണ്ട്. ഇന്ത്യൻ കത്തോലിക്കർ ഗൗരവാവഹമായ നിരവധി പ്രശ്നങ്ങളെ നേരിടേണ്ടിവന്നിരിക്കുന്ന ഈ അവസരത്തിൽ ഏതാദൃശമായ ഒരു കോൺഫറൻസ് സമുദായത്തിനു വിദഗ്ദ്ധമായ ഒരു നേതൃത്വം പ്രദാനം ചെയ്യുമെന്നതു തീർച്ചയാണ്.

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായുടെ ആരോഗ്യം

വിശ്രമാർത്ഥം വേനൽക്കാലവസതിയായകാസ്റ്റൽ ഗണ്ടോൾഫോയിൽ എഴുന്നെള്ളി താമസിച്ചിരുന്ന പരിശുദ്ധ മാർപ്പാപ്പാ നവം: 19-ാംനു- വത്തിക്കാനിലേക്കു മടങ്ങിയിരിക്കുന്നു. ഒരു കൊല്ലം മുമ്പു മരണവക്ത്രം വരെ എത്തുകയും രോഗശാന്തി ഏറെക്കുറെ അസാദ്ധ്യമെന്നു വിദഗ്ദ്ധഭിഷഗ്വരന്മാർ വിധിക്കുകയും ചെയ്തെങ്കിലും ദൈവാനുഗ്രഹത്താൽ തിരുമനസ്സിലെ ആലസ്യങ്ങളെല്ലാം മാറി ഇപ്പോൾ ഒരഞ്ചുകൊല്ലം മുമ്പുണ്ടായിരുന്നത്രയെങ്കിലും ആരോഗ്യം വീണ്ടെടുത്തിട്ടുണ്ടെന്നു പ്രത്യക്ഷത്തിൽ സന്ദർശകർക്കു കാണാവുന്നതാണ്. അവിടുത്തെ മുഖഭാവവും, ഉന്മേഷവും, നടപ്പും, ആംഗ്യങ്ങളും എല്ലാം കാണുന്നവർ അടുത്ത മാർച്ചിൽ 80 വയസ്സു് തികയുന്ന ഒരു വ്യക്തിയാണു തിരുമേനി എന്നു വിശ്വസിക്കാൻ വിഷമിക്കും. തിരുമനസ്സിലെ മാനസികകഴിവുകൾക്കും യാതൊരു ന്യൂനതയുമില്ല. ഓർമ്മശക്തി, മനസ്സാന്നിദ്ധ്യം, പ്രവർത്തനത്തിനുള്ള താൽപര്യം, കഴിഞ്ഞ പ്രശ്നങ്ങളെ നേരിടുന്നതിലുള്ള ബുദ്ധികൂർമ്മത മുതലായവ തിരുമേനിയിൽ അദ്ഭുതം പരിലസിക്കുന്നു. കഴിഞ്ഞ ജൂലൈ 30-ാംതിയതി വേനൽക്കാലവസതിയിലേക്കു താമസം മാററിയതിനുശേഷം തിരുമനസ്സുകൊണ്ടു 24 ദീർഘപ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. അവയിൽ പലതും അനേകായിരം വാക്കുകളടങ്ങിയവയുമായിരുന്നു. കാണുന്നതു ഒണ്ടുതവണയെങ്കിലും പൊതുസന്ദർശനങ്ങൾ നടത്താത്ത ആഴ്ചകൾ ഉണ്ടായിട്ടില്ല. ഒരു മണിക്കൂറിൽ കുറയാത്ത ഈ പരിപാടിയുടെ സമയം മുഴുവനും അവിടുന്നു അങ്കണത്തിനെതിരേയുള്ള മട്ടുപ്പാവിൽ നിൽക്കുകയായിരിക്കും. ആ നിലയിൽ വിവിധ ഗ്രൂപ്പുകളേയും പ്രത്യേകം പ്രത്യേകം അഭിസംബോധനചെയ്തു വിവിധഭാഷകളിൽ പ്രസംഗിക്കുകയും അവരോടു കുശലപ്രശ്നങ്ങൾ നടത്തുകയും ആശീർവ്വാദം നൽകുകയും ചെയ്തുകൊണ്ടിരിക്കും. കൂടാതെ രഹസ്യസന്ദർശനങ്ങളും തിരുസഭാകാര്യങ്ങളെപ്പററിയുള്ള നിരന്തരമായ ചർച്ചകളും മുടക്കം കൂടാതെ നടന്നുപോരുന്നവയാണ്. അനുദിനം ഇത്രയേറെ ജോലികൾ ചെയ്തുതീർക്കുന്നതിനുവേണ്ട ശാരീരികവും മാനസികവുമായ ആരോഗ്യം ഈ 80-ാംവയസ്സിൽ പോലും തിരുമേനിക്കു പ്രദാനം ചെയ്തിരിക്കുന്ന പരമകാരുണികനായ ദൈവത്തോടു നമുക്കു കൃതജ്ഞത പ്രകടിപ്പിക്കാം. വത്തിക്കാനിലേക്കു മടങ്ങിവന്ന പിറേറദിവസം അവിടുന്നു ഇററലിയിലെ വ്യവസായഡയറക്ടറന്മാരുടെ സംഘടനാപ്രതിനിധികൾക്കു സന്ദർശനമനുവദിച്ചു. അന്നുതന്നെ ഒരാഴ്ചത്തെ ധ്യാനപരിപാടിയിൽ അവിടുന്നു പ്രവേശിക്കുകയും ചെയ്തു.

---

### ശുദ്ധീകരാത്മാക്കളുടെ സ്മരണ

ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിക്യത്തേയും, ശുദ്ധീകരാത്മാക്കളുടെ സ്ഥിതിവിശേഷങ്ങളേയും, നമുക്കു അവരോടുള്ള കർത്തവ്യങ്ങളേയും വിശദമായും ചുരുക്കമായും പ്രതിപാദിക്കുന്ന ഒരു പുതിയ പുസ്തകം.

വില ഒരുപ്രതിക്കു 2ണ മാത്രം

പോസ്റ്റേജുൾപ്പടെ മൂന്നണസ്റ്റാമ്പയച്ചപേക്ഷിക്കുക. പുസ്തകം തപാലിൽ അയച്ചുതരുന്നതാണ്.

100നു മേൽ മൊത്തമായി വാങ്ങുന്നവർക്കു 25% കമ്മീഷൻ

ആവശ്യപ്പെടേണ്ടും മേൽവിലാസം:-

മാനേജർ,
"മാർലൂയീസ് മെമ്മോറിയൽ പ്രസ്സ്" എറണാകുളം-1

---

## മാർപ്പാപ്പായെ കമ്മ്യൂണിസ്റ്റുകാർക്ക് വേണംപോലും!

പരിശുദ്ധ മാർപ്പാപ്പാ സോവ്യററുഷ്യയോടും അതിന്റെ ഉപഗ്രഹരാജ്യങ്ങളോടും ചില ഉടമ്പടികൾ ഉണ്ടാക്കാൻ പോകുന്നുവെന്നും അങ്ങനെ കത്തോലിക്കാസഭയും കമ്മ്യൂണിസവുമായി ഒരു ബാന്ധവം നടക്കാൻ തുടങ്ങുകയാണെന്നും ഫ്രാൻസിലും ഇററലിയിലുമുള്ള ചില കമ്മ്യൂണിസ്റ്റു പ്രചാരകന്മാർ സാമാന്യജനങ്ങളെ വഞ്ചിക്കുന്നതിനു കുടിലതനിറഞ്ഞ ഒരു തന്ത്രവുമായി ഈയിടെ രംഗത്തിറങ്ങിയിരിക്കുന്നു. പരിശുദ്ധ മാർപ്പാപ്പായുടെ ചില പ്രസ്താവനകളെ തകിടംമറിച്ചും ദുർവ്യാഖ്യാനം ചെയ്തുമാണ് അവർ അതിനുള്ള കള്ളത്തെളിവുകളുണ്ടാക്കുന്നതു്. വത്തിക്കാൻപത്രമായ ഒസ്സർവത്തോരെ റൊമാനോ ഈ വഞ്ചനയുടെ നഗ്നത ലോകത്തിനു വിശദമാകത്തക്കവണ്ണം അതിനെ വിമർശിക്കുകയും തിരുസഭയുടെ നിലപാടിനെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പത്രം അതിന്റെ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:- "എല്ലാകാലത്തും അതുപോലെ ഇന്നും തിരുസഭയുടെ നയപരിപാടികൾക്കു ഒരു ലക്ഷ്യമുണ്ട്—കത്തോലിക്കർക്കു ദൈവത്തിന്റെ പ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനും, അഭൗമികമായ മനുഷ്യന്റെ പരമാന്ത്യം പ്രാപിക്കത്തക്കവണ്ണം ലോകത്തിൽ വർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം. പരിശുദ്ധ പിതാവു സെപ്ററംബർ 7-ാംനു- പ്രസ്താവിച്ചതുപോലെ, ഓരോ ഉടമ്പടികളിലും തിരുസഭ ദർശിക്കുന്നതു് നിയമപരമായ ഉറപ്പും സഭയുടെ ദൗത്യനിർവ്വഹണത്തിനു ആവശ്യമായ സ്വാതന്ത്ര്യവുമാണ്. മാർക്സിസ്റ്റ് സിദ്ധാന്തമനുസരിച്ചുള്ള കെട്ടുകഥകളും നമ്മുടെ സഹോദരലക്ഷങ്ങളെ അടിച്ചമർത്തുന്ന നമ്മുടെ കൺമുമ്പിലുള്ള നാടകീയവസ്തുതകളും വ്യക്തമായി വിശദമാക്കുന്നതു് സോഷ്യലിസ്റ്റു രാഷ്ട്രങ്ങൾക്കും അവരുടെ നാമമാത്രജനായത്തസിദ്ധാന്തങ്ങൾക്കും സഭയ്ക്കുള്ള നൈയാമികമായ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും അനുവദിക്കുന്നതിനുള്ള എതിർപ്പിനെയാണ്. സഭയെ അടിമപ്പെടുത്തുന്നതിനും ദുർബലപ്പെടുത്തുന്നതിനും വിനാശംവരുത്തുന്നതിനുമുള്ള കമ്മ്യൂണിസത്തിന്റെ ദൃഢനിശ്ചയത്തെയാണ് ഓരോ സംഭവങ്ങളും തെളിയിക്കുന്നതു്. അതിനു വിപരീതമായ നയതന്ത്രങ്ങൾകൊണ്ടു് ഒന്നും നേടുവാൻ പോകുന്നില്ല. അഭ്യൂഹങ്ങളും പ്രേരണകളും പൊള്ളയായ വാഗ്ദാനങ്ങളും, ആത്മാർത്ഥമായിരിക്കട്ടെ വഞ്ചനാപരമായിരിക്കട്ടെ ഫലപ്രദമാകാൻ പോകുന്നില്ല. ഇത്തരം വ്യാമോഹപരമായ പ്രചരണവിദ്യകൾ യാതൊരടിസ്ഥാനവുമില്ലാത്തവയാണ്." അതുകൊണ്ടു് കമ്മ്യൂണിസ്റ്റുകളുടെ ദുരുദ്ദേശപരമായ ഈ വിധ തട്ടിപ്പുകളെ പൊതുജനങ്ങൾ കരുതലോടെ അഭിമുഖീകരിക്കുന്നതിനു ശ്രദ്ധാലുക്കളായിരിക്കണം.

## വിശുദ്ധ പത്രോസിന്റെ പൂജ്യാവശിഷ്ടങ്ങൾ

സെൻറ് പീറേറഴ്സിന്റെ ഭൂഗർഭാലയങ്ങളിൽ അടുത്തകാലത്തു നടത്തപ്പെട്ട ഖനനപരമായ പര്യവേക്ഷണങ്ങളുടെ ഫലമായി കണ്ടെത്തപ്പെട്ട വിശുദ്ധ പത്രോസിന്റെ കഴിമാടത്തേയും അതിലെ വിശുദ്ധന്റെ പൂജ്യാവശിഷ്ടങ്ങളേയും സംബന്ധിച്ച് "ക്രിസ്റ്റൻ ആർക്കിയോളജിയുടെ പോൻറിഫിക്കൽ ഇൻസ്റ്റിററ്യൂട്ട്" റെക്ടറായ മോൺ: ലൂസിയൻ ഡെബ്രൂയൻ അവർകൾ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. ശാസ്ത്രീയമായ ഗവേഷണങ്ങൾകൊണ്ടു തെളിഞ്ഞിട്ടുള്ളതു് പ്രസ്തുത അവശിഷ്ടങ്ങൾ വിശുദ്ധ പത്രോസിന്റേതുതന്നെയാണെന്നാണ്. വിശുദ്ധ പത്രോസിന്റെ ശിരസ്സ് വളരെക്കാലമായി റോമിലുള്ള ലാററൻ ബസ്ലിക്കായിൽ ഭദ്രമായി സൂക്ഷിച്ചുപോരുകയാണ്. കണ്ടെടുക്കപ്പെട്ട അവശിഷ്ടങ്ങളിൽ തലയുടെ ഭാഗങ്ങളൊന്നുമില്ല. മാത്രമല്ല, ഈ ശരീരാവശിഷ്ടങ്ങളും ലാററനിൽ സൂക്ഷിക്കപ്പെടുന്ന ശിരസ്സും ശാസ്ത്രീയമായ പരിശോധനകളിൽ തെളിയുന്നതു് ഒരേ ഒരു വ്യക്തിയുടേതാണെന്നാണ്. വിശുദ്ധ ശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങളെപ്പററിയുള്ള പരമ്പരാഗതമായ ചരിത്രം ഇങ്ങനെയാണ്: എ. ഡി. 258-ൽ നടന്ന ഡേച്ചിയൂസ് ചക്രവർത്തിയുടെ മതപീഡനകാലത്തു വിശുദ്ധ

## അടുത്ത യാഴ്ചയിൽ

ഡിസംബർ
15 വ്യാ: വി. പത്രോസ് അലക്സാന്ത്രാ
16 വെ: വി. അനനീയാ
17 ശ: വി. ലാസർ
18 ഞാ: സുവാറ 4-ാംഞായർ
19 തി: വി. ബാർബരാ
20 ചൊ: വി. എവുജനിയൂസ്
വി. തോമ്മാശ്ലീഹായുടെ മൈലാപ്പൂർ പ്രത്യക്ഷം
21 ബു: വി. തോമ്മാശ്ലീഹാ

പത്രോസിന്റെയും പൗലോസിന്റെയും തിരുഅവശിഷ്ടങ്ങൾ മററു വേദസാക്ഷികളുടെ അവശിഷ്ടങ്ങളോടുകൂടി ഭൂഗർഭാലയങ്ങളിലേക്കു മാററിസൂക്ഷിക്കപ്പെട്ടു. ആപ്പിയൻവേയിലുള്ള വിശുദ്ധ സെബാസ്റ്റ്യന്റെ ഭൂഗർഭാലയമായിരുന്നു അതിനുവേണ്ടി തിരഞ്ഞെടുത്തതു്. എങ്കിലും വിശുദ്ധ പത്രോസിന്റെ അവശിഷ്ടങ്ങളിൽ ഒരു ഭാഗം പഴയകവറിടത്തിൽതന്നെ നിക്ഷേപിച്ചു. പിന്നീടുണ്ടായ ആക്രമണഘട്ടങ്ങളിൽ പ്രസ്തുത വിശുദ്ധ സെബസ്ത്യാനോസിന്റെ ഭൂഗർഭാലയം അശുദ്ധമാകുമെന്നു ഭയപ്പെട്ടു് അവിടെ നിക്ഷേപിച്ചിരുന്ന തിരുശേഷിപ്പുകൾ ലാറററനിലേക്കു മാററി. 14-ാംനൂററാണ്ടിന്റെ അവസാനത്തിൽ വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും ശിരസ്സുകൾ ആദരപൂർവ്വം ഒരു പേടകത്തിൽ ഭദ്രമായി നിക്ഷേപിച്ചു് ആ ബസ്ലിക്കായിൽ സൂക്ഷിച്ചു. മററു വേദസാക്ഷികളുടെ തിരുശേഷിപ്പുകൾ റോമിലെ വിവിധ ദേവാലയങ്ങളിലായി സൂക്ഷിക്കപ്പെടുകയുംചെയ്തു. കണ്ടെടുത്തിട്ടുള്ള തിരുശേഷിപ്പുകളുടെ കാര്യത്തെ പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ ക്രിസ്തുമസ് പ്രക്ഷേപണ സന്ദേശത്തിൽ പ്രതിപാദിച്ചേക്കുമെന്നാണ് മോൺ. ലൂസിയൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

## മോൺ. നോക്സിനു അനുമോദനം

ഏററം ആധുനികമായ വേദപുസ്തക പരിഭാഷ സാധിച്ച മോൺ. റൊണാൾഡ് നോക്സ് അവർകളെ അനുമോദിക്കുന്നതിനു നവംബർ 14-ാംനു ലണ്ടനിൽവച്ചു ബേൺസ് ഓട്ട്സ് ആൻറു വാഷ്ബോൺ കമ്പനിക്കാർ ഒരു വിരുന്നുസൽക്കാരം നടത്തിയിരിക്കുന്നു. അത്യുന്നത കർദ്ദിനാൾ ഗ്രിഫിൻ, വിദ്യാഭ്യാസമന്ത്രി സർ ഡേവിഡ് എക്കിൾസ്, ബർമിങ്ങ്ഹാം ആർച്ചുബിഷപ്പ് ഗ്രിംഷാ, ആർച്ചുബിഷപ്പ് മാത്യു, ബിഷപ്പ് ഓർഡിനറി ടു ദി ഫോഴ്സസ്, നോർത്താംപ്ടൻ ബിഷപ്പ് പാർക്കർ, ഐറിഷ് അമ്പാസഡർ മുതലായ പ്രശസ്തവ്യക്തികൾ സൽക്കാരത്തിൽ പങ്കെടുത്തു. കർദ്ദിനാൾ ഗ്രിഫിൻ തിരുമേനി ടോസ്റ്റ്പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:- "ഈ വിവർത്തനത്തിനു വേണ്ടിവന്നിട്ടുള്ള കാലം വളരെ ദീർഘമാണ്. എന്നാൽ നോക്സിന്റെ ബൈബിൾ ഉപയോഗിക്കുന്നവരുടെ കൃതജ്ഞതയ്ക്കു അവസാനമുണ്ടാവുകയില്ല." ഈ സേവനംവഴി മോൺ. നോക്സ് രാജ്യത്തിന്റെ പ്രാഗത്ഭ്യത്തിനും തിരുസഭയുടെ സാഹിത്യശേഖരത്തിനും നൽകിയിട്ടുള്ള നേട്ടം ഈ നൂററാണ്ടിലെ അദ്വിതീയമായ ഒന്നായിരിക്കുമെന്നു തിരുമേനി അഭിപ്രായപ്പെട്ടു.

### മതനിഷ്പക്ഷതയെ ബവേറിയൻ മെത്രാന്മാർ അപലപിക്കുന്നു

ബവേറിയായിലെ സോഷ്യലിസ്റ്റ്ലിബറൽ ഗവർമ്മെണ്ടു ക്രോഡീകരിച്ചിട്ടുള്ള എലിമെന്ററി സ്കൂൾ അദ്ധ്യാപകന്മാരുടെ ട്രെയിനിംഗ് പദ്ധതിയെ അവിടത്തെ മെത്രാന്മാർ ഒരു സംയുക്ത ഇടയലേഖനത്തിൽ നിശിതമായി എതിർത്തിരിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുള്ള വിശ്വാസപരമായ വ്യത്യാസങ്ങളെ അവഗണിക്കുന്ന ഒരു പദ്ധതിയാണ് ഗവർമ്മെണ്ടു ആസൂത്രണം ചെയ്തിരിക്കുന്നതു്. തികച്ചും നിഷ്പക്ഷവും വിഭാഗീയമല്ലാത്തതുമായ ക്രിസ്തുമതം എന്നൊന്നില്ല എന്നു യുക്തിപൂർവ്വം അവർ സ്ഥാപിക്കുകയും നിഷ്പക്ഷവും അവിഭാഗീയവും എന്നു ഗവർമ്മെണ്ടു വ്യവഹരിക്കുന്ന ക്രിസ്തുമതത്തെ തങ്ങൾക്കു അനുകൂലിക്കുവാൻ നിവൃത്തിയില്ല എന്നു വിശദമാക്കുകയും ചെയ്തിരിക്കുന്നു. ഗവർമ്മെണ്ടിന്റെ ഈ കുത്സിതനയത്തെ അനുകൂലിക്കരുതെന്നു ജനങ്ങൾക്കു മുന്നറിയിപ്പുനൽകുന്നതിനും ഇടയലേഖനം നിഷ്കർഷിച്ചിട്ടുണ്ടു്. ഈ നയം ബവേറിയാ വത്തിക്കാനുമായി ഒപ്പുവച്ചിട്ടുള്ള ഉടമ്പടിയുടെ വ്യവസ്ഥയെ ലംഘിക്കുന്നതുമാണ്.

# കേരളസുറിയാനി കർമ്മലീത്താസഭയുടെ
## ശതാബ്ദജൂബിലി സമാപനം

ശതാബ്ദജൂബിലിപ്രമാണിച്ചു് പത്തുദിവസമായി സഭയുടെ പിള്ളത്തൊട്ടിയായ മാന്നാനത്തുവച്ചു നടന്നുകൊണ്ടിരുന്ന ആഘോഷപരിപാടികൾക്കു ഡിസമ്പർ 8-ാംതീയതിയിലെ മഹാചടങ്ങുകൾ മംഗളപൂർവ്വം മകുടം ചാർത്തിയിരിക്കുന്നു. ഇന്ത്യയുടെ അപ്പസ്തോലിക്ക് ഇന്റർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് തിരുമനസ്സുകൊണ്ടുതന്നെ അതിന്റെ പൂർത്തീകരണം നിർവ്വഹിച്ചുവെന്നുള്ളതു് ഏററവും സമുചിതമായിരിക്കുന്നു. കേരളത്തിലെ എല്ലാ മെത്രാന്മാരും, വൈദികപ്രധാനികളും, അൽമായനേതാക്കന്മാരും, മന്ത്രിമുതൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥവൃന്ദവും ഹൃദയപൂർവ്വകമായ സഹകരണമാണ് ഇതിന്റെ ഭാസുരമായ പരിപൂർത്തിക്കുവേണ്ടി നിർല്ലോഭം ചെയ്തുപോന്നതു്. ഇത്ര മഹത്തായ ഒരാഘോഷത്തിനു തികച്ചും അനുയോജ്യമായ വിധത്തിലാണ് മാന്നാനംകുന്നു പാടെ സജ്ജീകരിച്ചിരുന്നതെന്നു മൊത്തത്തിൽ പറയുകയല്ലാതെ അതിന്റെ അലങ്കാരങ്ങളുടേയും ഒരുക്കങ്ങളുടേയും ഒരു വിശദവിവരണം സാദ്ധ്യമല്ല. സമാപനദിനപരിപാടികൾ ചങ്ങനാശ്ശേരി മെത്രാൻ ഡോ: കാവുകാട്ടു് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടന്ന പോന്തിഫിക്കൽ പാട്ടുകുർബാനയോടുകൂടി സമാരംഭിച്ചു. തുടർന്നു എറണാകുളം സഹായമെത്രാൻ ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ജൂബിലിപ്രസംഗം പണ്ഡിതോചിതമായി നിർവ്വഹിച്ചു. 100 കൊല്ലംമുമ്പു നടന്ന ചരിത്രപ്രസിദ്ധമായ വ്രതവാഗ്ദാനത്തെ അനുസ്മരിച്ചു് ദേവാലയത്തിൽവച്ചു പ്രിയോർജനറാൾ വെരി റവ. ഫാദർ മാവുരുസ് നവസന്യാസികളുടെ വ്രതവാഗ്ദാനം സ്വീകരിച്ചു.

ജൂബിലിയാഘോഷത്തിലെ ഏററം പ്രധാനമായ ചടങ്ങു് ഉച്ചകഴിഞ്ഞു് 3 മണിക്കു നടന്ന ദിവ്യകാരുണ്യപ്രദക്ഷിണമായിരുന്നു. റോഡുകവലയിലെ ഫാത്തിമാചാപ്പൽമുതൽ ആശ്രമദേവാലയംവരെയുള്ള വീഥി ക്രിസ്തുരാജന്റെ ജൈത്രയാത്രയ്ക്കു യോജ്യമായ വിധം സമലംകരിച്ചിരുന്നു. വിശുദ്ധ കർബാന സ്ഥാപിക്കുന്നതിനുള്ള നയനാഭിരാമമായ ഹംസരഥം സാഗ്ലീയാതീർത്ഥിയുടെ പ്രവേശനത്തെ പാർത്തു് നിശ്ചലമായി അക്ഷമതയോടെ കാത്തുനിന്നു. ഇന്റർനൺഷിയോ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ചങ്ങനാശേരി, കോട്ടയം, കൊല്ലം, പാലാ, വിജയപുരം, ആലപ്പുഴ, തിരുവല്ല, മൈസൂർ രൂപതകളിലെ മെത്രാന്മാരുടേയും എറണാകുളം അതിരൂപതാ സഹായമെത്രാൻ തിരുമനസ്സിലേയും ശതക്കണക്കിനു ഇടവകവൈദികരുടേയും, സന്യാസവൈദികരുടേയും, സന്യാസാർത്ഥികളുടേയും, കേരളത്തിന്റെ നാനാഭാഗത്തുനിന്നും തടിച്ചുകൂടിയിരുന്ന ലക്ഷത്തിൽപ്പരം ഭക്തജനങ്ങളുടേയും അകമ്പടിയോടുകൂടി പ്രാർത്ഥനാനിർഭരമായി മന്ദംമന്ദം മുന്നോട്ടു നീങ്ങിയ ആ പ്രദക്ഷിണം സകലരേയും രോമാഞ്ചകഞ്ചുകിതരാക്കുന്ന ഒരു കൃതജ്ഞതാപ്രകടനമായിരുന്നു. കൃതജ്ഞതാസ്തോത്രത്തിനും പരിശുദ്ധ കർബാനയുടെ വാഴ്‌വിനുംശേഷം അതിവിശാലമായ ഹൈസ്കൂൾഗ്രൗണ്ടിലാണ് അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള സമാപനപൊതുസമ്മേളനം കൂടിയതു്. തിരുക്കൊച്ചി ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ എ. ജെ ജോൺ അവർകൾ അദ്ധ്യക്ഷതവഹിച്ചു. കർമ്മലസഭയോടു പലവിധത്തിൽ കേരളത്തിലെ കത്തോലിക്കർക്കുള്ള കടപ്പാടുകളെ ഉചിതമായവിധത്തിൽപ്രകടമാക്കുന്നതൊന്നായിരുന്നു അവരുടെ ഏകപൊതുസംഘടനയായ കോൺഗ്രസ്സിന്റെ ഈ സംരംഭം. അതിനുവേണ്ട പ്രാതിനിദ്ധ്യവും അന്തസ്സും സമ്യക്കായി സമ്മേളിച്ച ഒരു സമ്മേളനമായിരുന്നു ഈ പൊതുയോഗം. രാത്രി 9 മണിയോടുകൂടിയാണ് പൊതുയോഗം സമാപിച്ചതു്. 9-ാം തീയതി രാവിലെ ജൂബിലിയുടെ അനുബന്ധമായി സഭയിൽ മരിച്ചുപോയിട്ടുള്ളവർക്കും, പരേതരായ സഭയുടെ ഉപകാരികൾക്കുംവേണ്ടിയുള്ള കർമ്മങ്ങൾ നടന്നു.

കേരളസുറിയാനി കർമ്മലീത്താസഭ അതിന്റെ മഹത്തായ സേവനത്തെ കൂടുതൽ ശോഭനമായി തുടരുന്നതിനും അതു ഇന്ത്യയുടെ തന്നെ ഭാവിയെ പ്രോജ്ജ്വലമാക്കുന്നതിനും ഇടയാകട്ടെയെന്നു പ്രാർത്ഥിക്കാം. "നിങ്ങളുടെ സന്യാസസഭയുടെ ചുരുങ്ങിയ കാലത്തെ വളർച്ചയിലും അഭിവൃദ്ധിയിലും ഞാൻ വളരെ സന്തോഷിക്കുകയും നിങ്ങളെ ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സുകൃതജീവിതവും ആദ്ധ്യാത്മികമഹത്വവും അനുസരിച്ചു് ഒരു പുണ്യവാൻ നിങ്ങളുടെ ഇടയിൽ നിന്നുണ്ടായിട്ടില്ലല്ലോ. ഒരു പുണ്യവാനെയെങ്കിലുംകൂടി ലഭിച്ചാലേ മററു നേട്ടങ്ങളോടൊപ്പം നിങ്ങൾ പൂർണ്ണതപ്രാപിക്കുകയുള്ളു. അതിനായി നിങ്ങൾ ഉദ്യമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. അധികതാമസംവിനാ ഞാനതു പ്രതീക്ഷിക്കുകയും ചെയ്യുന്നു. കേരളപരിധിക്കപ്പുറത്തേക്കും വിശിഷ്യ ഉത്തരേന്ത്യയിലേക്കുമുള്ള നിങ്ങളുടെ സഭയുടെ പ്രവർത്തനങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ ആ വികസനപ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതോടൊപ്പം ഹൃദയപൂർവ്വം അനുമോദിക്കുകയും ഭാവുകങ്ങളാശംസിക്കുകയും ചെയ്യുന്നു. ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലും ക്രൈസ്തവികമായ പ്രകാശം പരത്തുവാൻ ദൈവം നിങ്ങളുടെ സഭയെ ധാരാളമായി അനുഗ്രഹിക്കട്ടെ" എന്നു് ഇന്റർനൺഷിയോ തിരുമേനി അവിടുത്തേക്കു സഭവകയായി നൽകിയ മംഗളപത്രത്തിനു മറുപടിയായി പറഞ്ഞ വാക്കുകളിൽ സഭയുടെ ലക്ഷ്യവും പ്രവർത്തനപദ്ധതികളും വിജയസാദ്ധ്യതകളും അവിടുന്നു മനോഹരമായി പ്രകടിപ്പിച്ചിരിക്കുന്നതു സഭയുടെ ഭാവിചരിത്രത്തിന്റെ വിഷയസൂചിയായി പരിണമിക്കുമെന്നും ഭാരതത്തിന്റെ പ്രത്യാശകൾ സഭവഴിയായി നിറവേറുമെന്നും പ്രതീക്ഷിക്കാം.

—o—


**മുതലക്കോടം പള്ളിയിൽ**

**നാല്പതുമണിആരാധന**

ഈ പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള നാല്പതുമണി ആരാധന ഇക്കൊല്ലം ഡിസംബർ 20, 21, 22 (ചൊവ്വ, ബുധൻ, വ്യാഴം) ഈ തീയതികളിൽ നടത്തുന്നു.

ടി.. പള്ളി വികാരി



**കമലവിലാസ് വാസനസാമാനങ്ങൾ**

ചാന്തു്, കൺമഷി, കളഭം, ദശാംഗം, ചുണ്ണാമ്പു്, നഖപോളിഷ്, ഫെയ്സ് പൗഡർ, ആനന്ദകുസുമം എന്ന വാസനപുകയില ഉണ്ടാക്കുവാനുള്ള തൈലം മുതലായവ.

എല്ലാ സ്ഥലങ്ങളിലും സ്റ്റോക്കിസ്റ്റ്മാരെ ആവശ്യമുണ്ടു്. ക്യാററ്ലോഗിനു് എഴുതുക.

പി. എ. അയ്യർ, കമലവിലാസ്
പരിമള തൊഴിൽശാല, തൃശ്ശൂർ (S. I.)


## ഇടവകവാർത്ത

**പെരിങ്ങഴ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററിയുടെയും മാതൃസംഘത്തിന്റെയും ആഭിമുഖ്യത്തിൽ പ: കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾദിനം കാലത്തു് 5-30നു് ഒരു മെഴുകുതിരിപ്രദക്ഷിണം നടത്തിയിരിക്കുന്നു.

സൊഡാലിററി ബാലവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, ഉദ്യോഗാർത്ഥം സ്ഥലം വിടുന്ന "കൈത്തിരി" മാസികയുടെ പത്രാധിപർ പി. സി. ലൂയിക്കു് ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു. പ്രീഫെക്ട് ശ്രീ കെ. എം. ചാക്കോയും സിക്രട്ടറി ശ്രീ പി. നിരോലിക്കലും ശ്രീ ജോൺ വറുഗീസും അനുമോദനപ്രസംഗങ്ങൾ നടത്തി.

## വിവാഹവാർത്ത

**പൊൻകുന്നം:** തമ്പലക്കാട്ടു ഇടവക വട്ടയ്ക്കാട്ടു ശ്രീ വി ജെ മാണി അവർകളുടെ പുത്രൻ ശ്രീ ഇട്ടിരാച്ചനും, ചെമ്മലമററം പി ഡി തോമസ് പെരിയത്തു് അവർകളുടെ പുത്രി കുട്ടിയമ്മയും തമ്മിലുള്ള വിവാഹവും, പുത്രൻ കുട്ടിയച്ചനും പൂവരണി, ചെലമ്പിൽ ആൻറണി തോമസിന്റെ പുത്രി പെണ്ണമ്മയും തമ്മിലുള്ള വിവാഹവും തമ്പലക്കാട്ടു് സെൻറു് തോമസ് ദേവാലയത്തിൽവച്ചു് നവ: 21-ാം, 24-ാം തീയതികളിൽ സമംഗളം നടത്തപ്പെട്ടിരിക്കുന്നു.


**THE CATHOLIC SYRIAN BANK LTD.,**

ESTD. 1920. — H. O. TRICHUR

| | |
|---|---|
| പിരിഞ്ഞ മൂലധനവും റിസർവ്വ് ഫണ്ടും | Rs. 9,78,540 |
| 1955 ജൂൺ 30-ാംനു-വരെ ഡെപ്പോസിററുകൾ | Rs. 162,00,000 |

ബ്രാഞ്ചുകൾ:— ചാലക്കുടി, ചിററൂർ, കൊച്ചി, എറണാകുളം, ഈറോഡ്, ഇരിഞ്ഞാലക്കുട, കണ്ടശ്ശാംകടവു്, കരൂർ, കൊടുങ്ങല്ലൂർ, കൊരട്ടി, കുന്നംകുളം, പാലാത്തോട്ടു്, തോപ്പുംപടി, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവനന്തപുരം, വളഞ്ഞമ്പലം.

ഡിപ്പോസിററ് നിരക്കുകൾ

| | | |
|---|---|---|
| 6 മാസത്തെ | F. D. | 3¾% |
| 12 „ | „ | 4 % |
| 24 „ | „ | 4½ % |
| 36 „ | „ | 4¾ % |
| ഡിമാൻറ് ഡിപ്പോസിററ് | | 1½ % |

സേവിങ്ങ് ഡെപ്പോസിററു് 3%

| | | |
|---|---|---|
| കറൻറ് | „ | 1½ % |
| 7 ദിവസത്തെ നോട്ടീസ് | | 2½ % |
| 15 „ | „ | 3 % |
| 1 മാസത്തെ | „ | 3¼ % |

**N. B. സേവിങ്ങ്സ് ബാങ്ക് കണക്കുകളിൽനിന്നും ഒരാഴ്ചയിൽ പരമാവധി വാങ്ങിക്കാവുന്ന സംഖ്യ 500ക. എന്നതു് 1000ക. എന്നാക്കി വർദ്ധിപ്പിച്ചിരിക്കുന്നു.**

മാനേജിംഗ് ഡയറക്ടേഴ്സ്

# അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി

(ഒരു പ്രസ്താവന)

ചങ്ങനാശ്ശേരി ഭദ്രാസനഇടവകയിൽ സമാരംഭിച്ചു പ്രവർത്തനം നടത്തിവരുന്ന അദ്ധ്യയനമണ്ഡലം ഇതിനകം പലരുടേയും ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. യുവജനങ്ങൾക്കു് മതാദ്ധ്യയനം നൽകുന്നതിനു് ആരംഭിച്ചിരിക്കുന്ന ഒരു സംഘടനയെന്ന നിലയിൽ ഇതു വളരെയധികം വിലമതിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ അദ്ധ്യയനമണ്ഡലത്തിന്റെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനു് ഒരു കഠിനയത്നംതന്നെ ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ള വസ്തുതയും വിഗണിക്കാവുന്നതല്ല.

## ഗ്രന്ഥപരമ്പരകൾ

പഠനക്കളരികൾ നടത്തേണ്ടതു് ഇന്നത്തെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരാവശ്യകതയാകുന്നു. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകയില്ല. പക്ഷെ പഠനക്കളരികൾ വിജയപ്രദമായും കാര്യക്ഷമതയോടുകൂടിയും ആരംഭിച്ചു തുടർന്നുകൊണ്ടുപോകുക പ്രയാസമുള്ള ഒരു കാര്യമാണു്. വിഷയങ്ങൾ തിരഞ്ഞെടുത്തു തയ്യാറാക്കുന്നതു പ്രയാസകരം. ഈ വിഷയത്തിൽ നമ്മെ സഹായിക്കുന്നതിനാണു് അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി എന്ന പേരിൽ ഒരു പ്രസിദ്ധീകരണപരമ്പര സമാരംഭിച്ചിരിക്കുന്നതു്.

പ്രധാനപ്പെട്ട എല്ലാ വിഷയങ്ങൾക്കും ഒന്നോ രണ്ടോ പേർ കൂടിമാത്രം ഗവേഷണപരമായ ഗ്രന്ഥങ്ങൾ തയ്യാറാക്കുക എന്നതു സാധാരണസാഹചര്യങ്ങളിൽ അത്ര സാദ്ധ്യതയുള്ള ഒരു കാര്യമല്ല. ഏതാനും വിഷയങ്ങൾക്കു് ഒരാൾ എന്നവിധം പലരുംകൂടി ഗ്രന്ഥനിർമ്മാണത്തിനു ശ്രമിക്കുന്നതാണു് കൂടുതൽ പ്രായോഗികമായിരിക്കുന്നതു്. ഇങ്ങനെ പ്രായോഗികവശം മുൻനിറുത്തി കേരളത്തിലെ പ്രശസ്തപണ്ഡിതന്മാരും ഗവേഷണപരമായ പരിശ്രമങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരുമായ പല വ്യക്തികളെക്കൊണ്ടു് മതാദ്ധ്യയനത്തിനു് ആവശ്യപ്പെടുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും ലഘുഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധംചെയ്യുന്നതിനു അദ്ധ്യയനമണ്ഡലം തീരുമാനിച്ചു

അദ്ധ്യയനമണ്ഡലം ഉൽഘാടനംചെയ്യുന്നതിനു ഏതാണ്ടു് ഒരു കൊല്ലംമുമ്പുതന്നെ ആവശ്യമായ വിഷയങ്ങൾ തിരഞ്ഞെടുത്തു് പലരെയായി ഏല്പിച്ചിട്ടുണ്ടു്. ചിലവ കിട്ടി. ശേഷിച്ചവ ക്രമേണ കിട്ടുമെന്നും പ്രതീക്ഷിക്കുന്നു.

## ഗ്രന്ഥങ്ങളുടെ പര്യാപ്തത

ഏതൊരു വിഷയത്തെപ്പറ്റിയും സമഗ്രമായ പ്രതിപാദനങ്ങൾ പ്രസിദ്ധംചെയ്യണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. പൊതുവായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണു് പ്രബന്ധങ്ങൾ തയ്യാറാക്കപ്പെടുന്നതു്. എന്നാൽ ഓരോരുത്തരായി പല വിഷയങ്ങൾ ചർച്ചചെയ്യുന്നതുകൊണ്ടു് പ്രതിപാദനങ്ങളിൽ വേണ്ടത്ര ഐകരൂപ്യം കണ്ടില്ലെന്നുവരാം. ചിലവ അദ്ധ്യയനമണ്ഡലത്തിന്റെ ഉപയോഗത്തിനു മതിയായവ എന്നും വരുന്നതല്ല. സാമാന്യമായിപ്പറഞ്ഞാൽ തന്നത്താൻ ഒരു ഗ്രന്ഥം എഴുതുന്നതിനേക്കാളും, മറ്റൊരാളിൽനിന്നു് ഒന്നെഴുതി വാങ്ങിച്ചു പ്രസിദ്ധംചെയ്യുന്നതാണു് പ്രയാസകരമായിരിക്കുന്നതു്. ഈ വസ്തുത കുറവുകളെ സഹിഷ്ണുതാപൂർവ്വം വീക്ഷിക്കുന്നതിനും സൃഷ്ടിപരങ്ങളായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രേരിപ്പിക്കാതിരിക്കുകയില്ല.

ഒരു വിഷയത്തെപ്പറ്റി ഒരു ഗ്രന്ഥം അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലിയുടെ പേരിൽ പ്രസിദ്ധംചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിലും, ആ വിഷയത്തെപ്പറ്റി ക്രമീകരണത്തിലും ഉള്ളടക്കത്തിലും വ്യത്യസ്തമായ മറ്റൊരു ഗ്രന്ഥം ലഭിക്കുമ്പോൾ അതും പ്രസിദ്ധംചെയ്യുന്നതാണു്. ഒരു വിഷയത്തെപ്പറ്റി ഒന്നിലധികം പുസ്തകങ്ങൾ ഉണ്ടാകുന്നതും നല്ലതാണല്ലോ.

## ഉപയോഗം

ഗ്രന്ഥത്തിന്റെ കോപ്പികൾ ഏവർക്കും ലഭ്യമാകണം. അദ്ധ്യയനമണ്ഡലത്തിൽ ഒരു വിഷയം ചർച്ചചെയ്യുമ്പോൾ ആ വിഷയത്തെപ്പറ്റിയുള്ള ഒരു ചെറിയ പാഠപുസ്തകമെങ്കിലും ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. ഈ ആവശ്യകത പരിഗണിക്കുമ്പോൾ അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങൾ പ്രയോജനകരമാകാതെ വരികയില്ല.

അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങൾകൊണ്ടുദ്ദേശിക്കുന്നഫലം സിദ്ധിക്കണമെങ്കിൽ ആ പുസ്തകങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സംഘടിതമായ ഒരു ശ്രമം എല്ലാ ഇടവകകളിലും ക്രൈസ്തവവിദ്യാലയങ്ങളിലും നടത്തേണ്ടതായിട്ടിരിക്കുന്നു. ഓരോ ഇടവകയിലും പത്തുപന്ത്രണ്ടു യുവാക്കന്മാരെങ്കിലും നമ്മുടെ മതത്തെ സംബന്ധിച്ച മൗലികവിഷയങ്ങൾ സമഗ്രമായി പഠിക്കുന്നതിനു് ഇടവരുന്നതു ഒരു നിസ്സാരസംഗതിയുമല്ല.

പ്രസിദ്ധീകരണങ്ങൾ അദ്ധ്യയനമണ്ഡലം അംഗങ്ങൾക്കു മാത്രമല്ല പ്രയോജനം ചെയ്യുന്നതു്. അദ്ധ്യയനമണ്ഡലം തീർത്തും ഒരിടവകസംഘടനയായിട്ടാണു് ഇപ്പോൾ വിഭാവനചെയ്തിരിക്കുന്നതും. അതൊരു സംഘടനയായി വിദ്യാലയങ്ങളിൽ നടത്തുന്നതിനു സൗകര്യവും സമയവും ലഭിക്കുന്നതല്ല. എന്നാൽ എം. സി. എസ്. എൽ. പോലെയുള്ള സംഘടനകൾക്കു അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങൾ വളരെയധികം പ്രയോജനപ്പെടുത്താവുന്നതാണു്. പ്രസ്തുത സംഘടനയുടെ പ്രസിഡൻറായ പ്രൊഫസർ പി. ടി. തോമസ് എം. എ. തന്റെ ഒരു പത്രപ്രസ്താവനയിൽ ഈ വസ്തുത പ്രത്യേകം ചൂണ്ടിക്കാണിച്ചതായി കാണുന്നു.

## പുസ്തകവില

പ്രസിദ്ധീകരണങ്ങളുടെ വിലയെപ്പറ്റിയും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. നമ്മുടെ മതസാഹിത്യഗ്രന്ഥങ്ങൾ ഏറ്റം കുറഞ്ഞ വിലയ്ക്കു പ്രചരിപ്പിക്കണമെന്നുള്ളതാണു് പൊതുവായ അഭിപ്രായഗതി. പുസ്തകം തീരെ വിലകുറച്ചു വിറ്റാൽ അതിന്റെ ഉള്ളടക്കത്തിന്റെ ഈടിനേയും പ്രയോജനത്തേയുംപറ്റി അനുവാചകർ സംശയിക്കുമെന്നു യുക്തിപൂർവ്വം വാദിക്കുന്നവരും വിരളമല്ല. പുസ്തകം സൗജന്യമായി വിതരണംചെയ്യുന്നതു അവിഹിതവും അപ്രായോഗികവുമായ നടപടി ആയിത്തീരാൻ ഇടയുണ്ടു്.

അദ്ധ്യയനമണ്ഡലത്തിന്റെ അസന്ദിഗ്ദ്ധമായ നയം കത്തോലിക്കാ മതസാഹിത്യഗ്രന്ഥങ്ങൾ ഏറ്റം കുറഞ്ഞവിലയ്ക്കു, അല്ല, നാമമാത്രമായ വിലയ്ക്കു പ്രചരിപ്പിക്കണമെന്നതാണു്. ഇപ്പോൾ പ്രസിദ്ധംചെയ്തുകഴിഞ്ഞിരിക്കുന്ന അദ്ധ്യയനമണ്ഡലം ലഘുഗ്രന്ഥങ്ങളുടെ വില താരതമ്യേന വളരെ കുറവാണു്. ചിലവയുടെ പ്രസിദ്ധീകരണച്ചിലവു നിർവ്വഹിക്കുവാൻ ഇപ്പോൾ അവയ്ക്കു കൊടുക്കുന്ന വില പര്യാപ്തമല്ലെന്നുള്ളതു സ്പഷ്ടവുമാകുന്നു. പ്രസ്തുതവ്യവസ്ഥകളനുസരിച്ചു് പുസ്തകങ്ങൾ വാങ്ങിക്കുന്നവർക്കു 25% കമ്മീഷനും കൊടുത്തുവരുന്നു. സംഗതികൾ ഇപ്രകാരമെങ്കിൽ ആരു നഷ്ടം വഹിക്കും? എന്നൊരു ചോദ്യവും ഇവിടെയുണ്ടാകുന്നു. പുസ്തകവില്പനയിൽനിന്നു ലഭിക്കുന്നതു കഴിഞ്ഞു് തികയാതെ വരുന്ന സംഖ്യ അദ്ധ്യയനമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ അചിരേണ ഒരു മൂലധനം ശേഖരിച്ചു്, അതിൽനിന്നു് എടുക്കണമെന്നു കരുതുന്നു.

## ഗൗരവാവഹമായ ഒരു ന്യൂനത

ഈ പുസ്തകങ്ങൾക്കു നൽകിക്കൊണ്ടിരിക്കുന്ന വിലനിരക്കും സാമാന്യജനങ്ങളുടെ സാമ്പത്തികകഴിവും തമ്മിൽ പൊരുത്തമില്ല; പ്രധാനപ്പെട്ട അനേകം വിഷയങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങൾ ഇന്നു ഭാഷയിലില്ല; ഈ രണ്ടു സംഗതികളെ മതസാഹിത്യപ്രചരണവിഷയത്തിലുള്ള പ്രതിബന്ധങ്ങളായി ഉന്നയിക്കാറുണ്ടു്. പക്ഷെ ഇതിലും ഗൗരവാവഹമായ ഒരു ന്യൂനതയേയും നാം തരണംചെയ്യേണ്ടിയിരിക്കുന്നു. മതസാഹിത്യഗ്രന്ഥങ്ങൾ വായിക്കുവാനുള്ള വിരസത—താല്പര്യമില്ലായ്മ—ഇതാണു് മേൽവിവരിച്ച ന്യൂനത. അതുകൊണ്ടു് നല്ല നല്ല പുസ്തകങ്ങൾ വിലകുറച്ചു പ്രസിദ്ധംചെയ്യുന്നതുകൊണ്ടുമാത്രം ഫലസിദ്ധിയുണ്ടാകുമെന്നു വിചാരിക്കേണ്ടതില്ല. അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി എന്ന പേരിൽ, നാമമാത്രമായ വിലയ്ക്കു പ്രസിദ്ധംചെയ്യുവാൻ സമാരംഭിച്ചിരിക്കുന്ന ഗ്രന്ഥപരമ്പരയെ പൊതുജനദൃഷ്ടിയിൽ കൊണ്ടുവരുന്നതിനും ഗ്രന്ഥപാരായണാഭിരുചി വർദ്ധിപ്പിക്കുന്നതിനും സാർവ്വത്രികമായ പിന്തുണയും സഹകരണവും ആവശ്യമായിരിക്കുന്നു.

## സാദ്ധ്യതകൾ

മണ്ഡലംപ്രസിദ്ധീകരണപ്രസ്ഥാനത്തിനു വളരെയധികം സാദ്ധ്യതകളുണ്ടെന്നു കാണുവാൻ പ്രയാസമില്ല. ഇതിനകം ഏഴു ഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുവാൻ കഴിഞ്ഞു. വിലയേറിയ വേറെയും ചില ലേഖനങ്ങൾ ഞങ്ങൾക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. സന്മാർഗ്ഗശാസ്ത്രം, വേദശാസ്ത്രം, സാമൂഹികശാസ്ത്രം, തിരുകർമ്മം, വേദപുസ്തകം, സഭാചരിത്രം മുതലായവ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട എല്ലാം വിഷയങ്ങളേയും ചർച്ചചെയ്യുന്ന ലഘുഗ്രന്ഥങ്ങൾ ഒരു നാലഞ്ചുകൊല്ലംകൊണ്ടു് പ്രസിദ്ധംചെയ്യുവാൻ അദ്ധ്യയനമണ്ഡലത്തിനു കഴിയും.

അദ്ധ്യയനമണ്ഡലം സമാരംഭിച്ചിരിക്കുന്നതു യാതൊരു മൂലധനവും കൂടാതെയാണു്. പൊതുജനങ്ങളുടെയിടയിൽ മതഗ്രന്ഥങ്ങൾ പാരായണംചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിച്ചുവരുന്നെങ്കിൽ അതുതന്നെ ഒന്നാമത്തെ മൂലധനമായി ഞങ്ങൾ പരിഗണിക്കും.

അനുഭവജ്ഞാനംകൊണ്ടു് അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങളുടെ വസ്തുനിഷ്ഠമായ പ്രയോജനവും ആവശ്യകതയും ഗ്രഹിച്ചു് ബഹുജനങ്ങൾ ഞങ്ങളെ—ഞങ്ങളുടെ ഭാഗത്തുനിന്നുള്ള അഭ്യർത്ഥന കൂടാതെതന്നെ—സാമ്പത്തികമായി പരമാവധി സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഇതിനകം പ്രസിദ്ധംചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ വിവരങ്ങൾകൂടി താഴെ ചേർക്കുന്നു:-

1. ദൈവമുണ്ടോ? (വില 2 ണ) ഗ്രന്ഥകർത്താ: വെരി റവ. ഫാദർ തോമസ് വടശ്ശേരി എൽ. ഡി.
2. മനുഷ്യനും സന്മാർഗ്ഗബോധവും (1 ണ) റവ. ഫാ. തോമസ് മൂത്തേടൻ എം എ ഡി. ഡി.
3. ആത്മാവുണ്ടോ? (2 ണ) മോൺ: നടുവത്തുശേരി.
4. മതം ആവശ്യമോ? (1 ണ) റവ. ഫാദർ ലൂയിസ് നേര്യംപറമ്പിൽ.
5. നാസ്തികന്റെ എതിർചോദ്യങ്ങൾ (2 ണ) മോൺ: നടുവത്തുശേരി.
6. തൊഴിലിന്റെ മാഹാത്മ്യം (2 ണ) ഫുൾട്ടൻ ഷീൻ.

അദ്ധ്യയനമണ്ഡലം സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ മാന്നാനം പ്രസ്സിൽനിന്നു് ആവശ്യപ്പെടുക.

ഫാദർ മാത്യു നടയ്ക്കൽ

വിശുദ്ധ വ്യാകുലമാതാവിന്റെയും ഒല്ലൂർ വിശുദ്ധ റഫായേൽമാലാഖായുടേയും സഹായത്താൽ എന്റെ കുഞ്ഞിന്റെ സുഖക്കേടു് മാറിയതിനു ഉപകാരസ്മരണ.

S. M., Trichur




രാഷ്ട്രീയവീഥി

# നമ്മുടെ ജനാധിപത്യം

[ദേവസ്യാ അഞ്ഞൂറ്റിമംഗലം

രാജവാഴ്ച, പ്രഭുവാഴ്ച, സ്വേച്ഛാധിപത്യം, സർവ്വാധിപത്യം തുടങ്ങിയ ഭരണരീതികൾ പരീക്ഷിച്ചു പരാജയമടഞ്ഞ പുരോഗമനോന്മുഖമായ ലോകജനത ഇന്നുറ്റുനോക്കുന്നതു് ജനാധിപത്യത്തിലേക്കാണു്. പഴയ സമ്പ്രദായങ്ങൾ ഇനിയും അങ്ങിങ്ങായി അവശേഷിക്കുന്നുണ്ടെങ്കിലും അവ അനുനിമിഷം തകർന്നുകൊണ്ടേയിരിക്കുന്നു. ജനാധിപത്യത്തിന്റെ വിശാലവീഥിയിലൂടെ പ്രബുദ്ധഭാരതം മുന്നേറുകയാണു്.

'പാർലിമെൻററിഡമോക്രസി' അതാണു് ഇൻഡ്യാ സ്വീകരിച്ചിട്ടുള്ള ഭരണമാതൃക. ഡമോക്രസിയുടെ അന്യൂനമായ നിലനിൽപിനു് അനുപേക്ഷണീയമായി നാലു കാര്യങ്ങളാണു് അതിന്റെ ഉപജ്ഞാതാക്കൾ ആവിഷ്കരിച്ചിട്ടുള്ളതു്.

## പ്രായപൂർത്തി വോട്ടവകാശം

ജാതി, മത, വർഗ്ഗവിവേചനങ്ങൾക്കതീതമായി, പ്രായപൂർത്തി വന്ന എല്ലാ സ്ത്രീപുരുഷന്മാർക്കും സമ്മതിദായകത്വവും, സ്വയം നിർണ്ണയാവകാശവുമുണ്ടായിരിക്കണമെന്നതു് ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വമാണു്. രാഷ്ട്രീയസമത്വത്തിലേക്കുള്ള ചവിട്ടുപടിയാണു് പ്രായപൂർത്തി വോട്ടവകാശം എന്നു പറഞ്ഞാൽ, ദേശീയതയിലും, പൗരത്വത്തിലും തജ്ജന്യമായ ഉത്തരവാദിത്വങ്ങളിലും ഓരോ വ്യക്തിക്കുമുള്ള തുല്യമായ പങ്കാളിത്തം അസന്ദിഗ്ദ്ധമായി അനുവദിക്കപ്പെടുകയെന്നതാണതിന്റെ അർത്ഥം. ഏതൊരാൾക്കും തനിക്കിഷ്ടമുള്ള പാർട്ടിക്കോ, വ്യക്തിക്കോ ആശയഗതിക്കോവേണ്ടി തന്റെ വോട്ടവകാശം വിനിയോഗിക്കുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവുമുണ്ടാവണം. തെരഞ്ഞെടുപ്പുകൾമൂലം സംപ്രാപ്യമായ ഏതൊരു സ്ഥാനത്തിനും സ്വന്തനിലയിലോ പാർട്ടി അടിസ്ഥാനത്തിലോ സ്ഥാനാർത്ഥിയായി നിൽക്കുവാനുള്ള അവകാശവും ഇതിലുൾപ്പെടുന്നു. ഇവയെല്ലാം നിരാക്ഷേപമായി സംരക്ഷിക്കപ്പെടുന്നതിനുള്ള എല്ലാ വ്യവസ്ഥകളും ഇൻഡ്യൻ ഭരണഘടനയിലുണ്ടു്.

അതിരറ്റ അവശതകളും അസമത്വങ്ങളും ജന്മസിദ്ധമായി അനുഭവിച്ചുപോരുന്ന അനേകമനേകം ന്യൂനപക്ഷജനവിഭാഗങ്ങൾ അധിവസിക്കുന്ന ഒരു രാജ്യത്തു്, പൊതുതെരഞ്ഞെടുപ്പുകളെ അതിജീവിക്കുവാൻ അക്കൂട്ടർക്കു സാദ്ധ്യമല്ലെന്ന ഒരു വാദമുണ്ടാകാം. ഇൻഡ്യയുടെ രാഷ്ട്രശില്പികൾ ഈ വസ്തുത അതർഹിക്കുന്ന ഗൗരവത്തിൽ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് ന്യൂനപക്ഷങ്ങൾക്കു് ഒരു നിശ്ചിതകാലഘട്ടംവരെ സംവരണവ്യവസ്ഥകൾ കൂടിയേ തീരൂ എന്നു തീരുമാനിച്ചതു്. ഉയർന്നജാതിയിൽ ജനിച്ചതുകൊണ്ടോ, സാമ്പത്തികമായ സമുന്നതികൊണ്ടോ മാത്രം ഒരുവൻ രാഷ്ട്രീയരംഗത്തോ, ഭരണക്കൂടത്തിലോ പ്രത്യേകമായ പരിഗണനയ്ക്കർഹനായിരിക്കണമെന്ന ആ ദുഷിച്ച ഏർപ്പാടിന്റെ വേരറുക്കുകയാണു് ഈ വ്യവസ്ഥകൾകൊണ്ടു സാധിച്ചിരിക്കുന്നതു്. ഒരു കാര്യം തീർച്ചയാണു്: പരിപുഷ്ടമായ കഴിവും, വ്യക്തിത്വവും, പ്രതിഭയും ഏതു വ്യവസ്ഥിതിയിലും മാനിക്കപ്പെടുകതന്നെ ചെയ്യും.

## ഭൂരിപക്ഷകക്ഷിയുടെ ഭരണം

പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന സ്വതന്ത്രമായ പൊതുതിരഞ്ഞെടുപ്പുകൾ മൂലം ഭൂരിപക്ഷമായി വരുന്ന പാർട്ടിയെ ഭരണമേല്പിച്ചുകൊടുത്തുകൊണ്ടു് അധികാരത്തിലിരിക്കുന്ന പാർട്ടി മാറിക്കൊടുത്തേ തീരൂ. ഒരു കക്ഷിക്കു മാത്രമായി കേവലഭൂരിപക്ഷം ലഭിക്കുന്നില്ലെങ്കിൽ ഒന്നിലധികം പാർട്ടികൾ യോജിച്ചു

# ക്രൂഷെവിൻെറ വികത്ഥനങ്ങൾ

ഇന്ത്യയിൽ പര്യടനത്തിൻെറ ഒരു ഭാഗം നിർവ്വഹിച്ചശേഷം ബർമ്മയിലേക്കു കടന്ന സോവ്യററ് നേതാക്കന്മാർ, പ്രജായത്ത വൻകിടശക്തികളെ ഭത്സിച്ച് ചീപ്പ് പോപ്പുലാരിററി നേടുവാനുള്ള ഒരു ശ്രമം നടത്തുകയുണ്ടായി ഇന്ത്യയിലായിരുന്നപ്പോൾ അവരുതുകണ്ടു ഭത്സനപരമായ ഒരു പ്രചരണരീതി കൈക്കൊള്ളാതിരുന്നതു് ഇന്ത്യയിൽ ഈ ചരക്കു എളുപ്പത്തിൽ വിലപ്പോകുകയില്ലെന്നു കണ്ടതുകൊണ്ടായിരിക്കണം. കുട്ടബ്മിനാർ സ്തംഭത്തിൻെറ മുൻപിൽ നിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റുപാർട്ടി ഒന്നാം സെക്രട്ടറി ക്രൂഷെവ്, "സഞ്ചി അഴിക്കാൻ" ഉദ്യമിക്കുകയുണ്ടായെങ്കിലും, തൽക്ഷണം കിട്ടിയ തിരിച്ചടികൊണ്ടു് ശേഷിച്ച അസ്ത്രങ്ങളത്രയും ആവനാഴിയിലിടുകയാണു ചെയ്തതു്. ഇന്ത്യയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചപ്പോൾ "സമാധാന"ത്തിൻെറ കാഹളധ്വാനിയും അവർ മുഴക്കിക്കൊണ്ടിരുന്നു. അതിനിടയിലാണു് റഷ്യയിൽ വൻപിച്ച ഒരു ഹൈഡ്രജൻബോംബു പരീക്ഷണത്തെപ്പററിയുള്ള റിപ്പോർട്ടുകൾ ലോകമെങ്ങും പ്രചരിച്ചതു്. സമാധാനം സമാധാനം എന്നു ഉരുവിട്ടുകൊണ്ടിരിക്കുന്ന സോവ്യററു യൂണിയൻ, അന്തരാഷ്ട്രീയനിരോധനത്തിനു വിധേയമാക്കണമെന്നു പറയുന്ന ആയുധോപകരണങ്ങൾ നിർമ്മിച്ചിറക്കുന്നതിൻെറ പൊരുളെന്താണു്? പ്രജായത്തരാഷ്ട്രങ്ങളെ മയക്കി അവരുടെ പ്രതിരോധസജ്ജീകരണങ്ങൾ മന്ദീഭവിപ്പിച്ച് ലോകാധിപത്യം നേടുന്നതിനുള്ള കുതന്ത്രമാണു് ഈ സമാധാനത്തട്ടിപ്പെന്നു് എല്ലാവർക്കുമറിയാം. ഈ തലമുറയിൽ നടന്ന രണ്ടാം ലോകമഹായുദ്ധം സംബന്ധിച്ച ചരിത്രവസ്തുതകൾ മാററിമറിക്കുവാനുള്ള സോവ്യററ് കമ്മ്യൂണിസ്റ്റ് പാർട്ടി മേധാവികളുടെ പരിശ്രമം രസാവഹമായിരിക്കുന്നു. ചരിത്രവസ്തുതകളെ മാററിമറിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകാർക്കുള്ള വിരുതു് കുപ്രസിദ്ധമാണു്. ബ്രിട്ടനും ഫ്രാൻസുമാണു് കഴിഞ്ഞ ലോകമഹായുദ്ധം ഇളക്കിവിട്ടതു്; റഷ്യക്കെതിരായി യുദ്ധം ചെയ്യാൻ ഹിററ്ലറെ പ്രേരിപ്പിച്ചതു് പാശ്ചാത്യ പ്രജാധിപത്യരാജ്യങ്ങളാണു് എന്നൊക്കെയാണു് ക്രൂഷേവിൻെറ ഭാഷ്യം. ഏഷ്യൻ രാജ്യങ്ങളിലെ തൻെറ ശ്രോതാക്കളത്രയും പരമവിഡ്ഢികളാണെന്നു കരുതിക്കൊണ്ടല്ലെങ്കിൽ പട്ടാപ്പകൽ ഇങ്ങനെയൊരു പച്ചപ്പൊളി പറയുവാൻ അദ്ദേഹത്തിനു ധൈര്യമുണ്ടാകുമായിരുന്നോ? രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതാരാണു്? സാമ്രാജ്യദുർമ്മോഹിയായ ഹിററ്ലർ യൂറോപ്പിലെ ചെറുകിട രാഷ്ട്രങ്ങളെ ഓരോന്നായി വിഴുങ്ങുകയും പോളണ്ടിൻെറ നേർക്കു ചാടിവീഴുകയും ചെയ്തപ്പോൾ ഈ കൈയേററത്തെ തടയുവാൻ യൂറോപ്യൻരാഷ്ട്രങ്ങളുമായി പരസ്പര സഹായസഖ്യത്തിൽ ഏർപ്പെട്ടിരുന്ന ബ്രിട്ടനും ഫ്രാൻസും ഈ കൈയേററങ്ങൾക്കെതിരായി യുദ്ധരംഗത്തേക്കിറങ്ങേണ്ടിവന്നു. അങ്ങനെ ഹിററ്ലറുടെ സ്വേച്ഛാപ്രമത്തതയും സാമ്രാജ്യദുർമ്മോഹവുമാണു് രണ്ടാംലോകമഹായുദ്ധം ഇളക്കിവിട്ടതെന്ന ചരിത്രവസ്തുത ക്രൂഷേവ് വിചാരിച്ചാൽ മായിച്ചുകളയുവാൻ സാധിക്കുമോ? ക്രൂഷേവിൻെറ വികത്ഥനങ്ങളെ അതേപടി വിഴുങ്ങുന്ന വെറും അജ്ഞന്മാരുടെ നാടാണു് ഈ ഏഷ്യൻപ്രദേശമെന്നായിരിക്കാം ക്രൂഷേവ് പ്രഭൃതികൾ കണക്കാക്കുന്നതു്. ഹിററ്ലറെ റഷ്യക്കെതിരായി ഇളക്കിവിട്ടതു് പാശ്ചാത്യപ്രജായത്ത രാഷ്ട്രങ്ങളാണെന്നുള്ള അപവാദം മറെറാരു ഹിമാലയൻ നുണയാണു്. നാസി വിമാനങ്ങൾ ബ്രിട്ടനിലെയും ഫ്രാൻസിലെയും സംസ്കാരകേന്ദ്രങ്ങളത്രയും രാപകൽ ഇളവില്ലാതെ ബോംബിട്ടു തകർത്തുകൊണ്ടിരിക്കുകയും നാസിപ്പട ബെൽജിയത്തിലൂടെയും ഫ്രാൻസിലൂടെയും ഇരമ്പിപ്പാഞ്ഞുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ നാസി ജർമ്മനിയുമായി ഒരു അനാക്രമണസന്ധിയുമായി ഹിററ്ലറുടെ പിന്നാലെ ചെന്ന സോവ്യററ് നേതൃത്വമാണോ അതോ ഹിററ്ലറുടെ കഠിന പ്രഹരത്തിനു വിധേയമായിക്കൊണ്ടിരുന്ന പ്രജായത്തരാഷ്ട്രങ്ങളാണോ കൈയേററങ്ങൾ തുടരുവാൻ ഹിററ്ലർക്കു പ്രോത്സാഹനമരുളിയതു്? പ്രജായത്ത വൻകിടശക്തികളുടെ കോളണിവാഴ്ചയെയും ക്രൂഷേവ് അപലപിക്കുകയുണ്ടായി. കൊളോണിയലിസം ആരുടേതായാലും അപലപനീയമാണു്. ഓരോ രാഷ്ട്രത്തിനും സ്വാതന്ത്ര്യത്തിനും സ്വന്തം ഹിതമനുസരിച്ചുള്ള ഭരണക്രമം സ്വീകരിക്കുവാനും അവകാശമുണ്ടു്. സോവ്യററുയൂണിയൻ ഭുജബലം കൊണ്ടു് കൈയടക്കിവച്ചിരിക്കുന്ന രാഷ്ട്രങ്ങൾ എത്രയാണു്? അവിടത്തെ ജനതയ്ക്കു സ്വാതന്ത്ര്യവായു ശ്വസിക്കുവാൻ സൗകര്യം നൽകാത്ത സോവ്യററ്മേധാവികളാണു് മററു രാഷ്ട്രങ്ങളെ സാമ്രാജ്യപ്രഭുക്കളെന്നു് അപവദിക്കുന്നതു്! കമ്മ്യൂണിസ്റ്റ് ഇമ്പീരിയലിസമാണു മറെറല്ലാ ഇമ്പീരിയലിസത്തെക്കാളും വിപൽക്കരവും പ്ലേഗിനേക്കാളും ഭീതിജനകമായിട്ടുള്ളതും. ലിത്വേനിയാ, എസ്തോണിയാ, ലാററ്വ്യ, ചെക്കോസ്ലോവാക്യ, ഹിൻലൻഡ്, പോളണ്ടു്, പൂർവ്വജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ സോവ്യററ് ഇമ്പീരിയലിസത്തിൻ കീഴ് കിടന്നുപിടയുന്ന ജനവിഭാഗങ്ങൾക്കു സ്വാതന്ത്ര്യമനുവദിച്ചിട്ടാണു് സോവ്യററ്മേധാവികൾ മററു രാഷ്ട്രങ്ങളെ പഴിക്കുവാൻ മുതിർന്നതെങ്കിൽ അതിൽ വല്ലതും കഴമ്പുണ്ടെന്നു കരുതാമായിരുന്നു. ക്രൂഷേവിൻെറയും ബുൾഗാനിൻെറയും കുപ്രചരണങ്ങളാൽ വഴിതെററിപ്പോകുന്നവരല്ല ഇന്ത്യാക്കാരെന്നവർ ധരിച്ചിട്ടില്ലായിരിക്കാം. മഹാത്മാഗാന്ധി പ്രസ്താവിച്ചിട്ടുള്ളതുപോലെ, കമ്മ്യൂണിസം ഒരു കാലത്തും ഇന്ത്യയിൽ വേരൂന്നുകയില്ലതന്നെ.

(മലബാർമെയിൽ)

---

ണ്ടാകുന്ന സംയുക്തകക്ഷികളുടെ ഭരണസമിതി രൂപീകരിക്കാവുന്നതാണു്. പ്രതിനിധിസഭയുടെ തീരുമാനങ്ങൾക്കു് ഭരണസമിതി എപ്പോഴും വിധേയമാണു്. ഏതുഗവണ്മെൻറിനേയും ഏതുനിമിഷത്തിലും മറിച്ചിടുവാൻ നിയമസഭയുടെ ഒരുഭൂരിപക്ഷതീരുമാനത്തിനു കഴിയും. ബോധപൂർവ്വം മുന്നേറുന്ന ജനസാമാന്യത്തിൻെറ ഹിതാഹിതങ്ങളെ ഈ നിലയിൽ അവഗണിക്കുവാൻ ഒരു ഭരണകൂടത്തിനും സാദ്ധ്യമല്ലെന്നു സാരം.

### നിശ്ചിതകാലത്തേക്കു മാത്രമുള്ള ഭരണം

ഒരു തെരഞ്ഞെടുപ്പുമൂലം അധികാരത്തിൽ വരുന്ന പാർട്ടിക്കു് എന്നെന്നും ഭരിക്കാമെന്നു വന്നാൽ അതു് സ്വേച്ഛാധിപത്യത്തിലേക്കോ സർവ്വാധിപത്യത്തിലേക്കോ നീങ്ങുമെന്നതു് വെറുംസ്വാഭാവികം മാത്രമാണു്. ആകയാൽ ഒരു കാലക്ലിപ്തി എപ്പോഴും ആവശ്യമാണു്. ഒരു നിശ്ചിതകാലയളവിനുശേഷം വീണ്ടും തെരഞ്ഞെടുപ്പു നടക്കണം. തങ്ങളുടേതു സൽഭരണമല്ലെങ്കിൽ, തങ്ങളുടെ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ലെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ തങ്ങൾ ബഹിഷ്കൃതരാകുമെന്ന ഭയം ഭരണകക്ഷിക്കു എപ്പോഴുമുണ്ടായിരിക്കണം. അഞ്ചുകൊല്ലത്തിൽ ഒരിക്കൽ പൊതുതെരഞ്ഞെടുപ്പു നടത്തുന്ന രീതിയാണു് ഇൻഡ്യ സ്വീകരിച്ചിട്ടുള്ളതു്.

### ഏതു പാർട്ടിക്കും പ്രവർത്തനസ്വാതന്ത്ര്യം

വ്യവസ്ഥാപിതപരിപാടികളുള്ള ഏതു പാർട്ടിക്കും ബാലററു പെട്ടിയിലൂടെ അധികാരം പിടിച്ചുപററാമെന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും ജനാധിപത്യത്തിൻെറ വിവിധതത്തിനും മനോഹാരിതയ്ക്കും അനുപേക്ഷണീയമാണു്. തങ്ങൾക്കിഷ്ടമുള്ള ഏതു പാർട്ടിയിലും അണിനിരക്കുവാൻ ജനങ്ങൾക്കുള്ള അവകാശം ചോദ്യം ചെയ്യപ്പെടാവുന്നതല്ല. പ്രതിനിധിസഭയിൽ ഭൂരിപക്ഷമായി വരുന്ന പാർട്ടി ഏതായിരുന്നാലും, അവർക്കായി അധികാരം വച്ചൊഴിഞ്ഞു് ഭരണകക്ഷി മാറിക്കൊടുത്തേ മതിയാവൂ. വിപ്ലവാത്മക പരിപാടികളോടുകൂടിയ അട്ടിമറിപ്പൻപാർട്ടികൾക്കു പോലും ഈ അവകാശങ്ങൾ ഇൻഡ്യയിൽ നിഷേധിക്കപ്പെട്ടിട്ടില്ല.

മേൽപ്രസ്താവിച്ച ഏതിൻെറ എങ്കിലും അഭാവത്തിൽ ജനാധിപത്യം പൂർണ്ണമാവുകയില്ല; സുരക്ഷിതവുമല്ല. ആലങ്കാരികമായി പറഞ്ഞാൽ ജനാധിപത്യസൗധത്തിൻെറനാലുനെടുംതൂണുകളാണവ. ബുൾഗാനിൻെറയും മാവോയുടേയും നാട്ടിൽ ഈ വ്യവസ്ഥകൾ എത്രമാത്രം ആദരിക്കപ്പെടുന്നുണ്ടു് എന്നാരായുന്നതു് കൗതുകകരവും അതിലേറെ വിജ്ഞാനപ്രദവുമായിരിക്കും.

---


സാഹിത്യതിലകൻ
സി. കെ. മാററത്തിൻെറ
ഏററവും പുതിയ കൃതി
"കരയുന്നമരം്"
214 പക്ഷങ്ങൾ—വില $1\frac{1}{2}$ രു.
മാനേജർ, മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം





"ഇതെന്താ മകളെ, കോളേജിൽ പോകുമ്പം പുസ്തകം പേനം കൊണ്ടുപോകുന്നതു മാററി ഇപ്പോൾ തൂമ്പായാക്കിയോ?"

"കോളേജി തൊഴിൽവാരമാവല്യൂപ്പാ"

x x x

ഒന്നാംക്ലാസിൽ വേദപാഠം പ

---

# പ്രൈവററ് സ്കൂളദ്ധ്യാപകന്മാരുടെ പുതിയ ശമ്പളനിരക്ക്

പേക്കമ്മീഷൻെറ ശുപാർശയിന്മേലുള്ള ഗവണ്മെൻറിൻെറ ഉത്തരവിൽ, പ്രൈവററ്സ്കൂളദ്ധ്യാപകരെ സംബന്ധിച്ച് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:-

പ്രൈവററ്സ്കൂൾ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യം കഴിഞ്ഞ കുറേക്കാലമായി ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുകയായിരുന്നു. പ്രശ്നത്തിൻെറ എല്ലാ വശങ്ങളെപ്പററിയും പരിചിന്തനംചെയ്തശേഷം ഗവണ്മെൻറു് താഴെക്കാണുന്ന ഉത്തരവ് പാസാക്കിയിരിക്കുന്നു. ഈ ഉത്തരവു് 1955 ഏപ്രിൽ 1-ാം തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതാണു്.

അദ്ധ്യാപകന്മാർ ദേശീയനിർമ്മാണപരമായ ഒരു ജോലിയിലാണു് ഏർപ്പെട്ടിരിക്കുന്നതു്. അതിലേക്കു് അവർക്കു ന്യായമായ വേതനം നൽകേണ്ടതുണ്ടു്.

സെക്കണ്ടറിസ്കൂളുകളിൽ ഇപ്പോൾ 45-5-150 ക. ഗ്രേഡിലുള്ള ഗ്രാഡ്വേററ് അദ്ധ്യാപകർക്കു് 55-5-75-$7\frac{1}{2}$-150 ക. ഗ്രേഡ് അനുവദിച്ചിരിക്കുന്നു. ശമ്പളത്തിൻെറ 15 ശതമാനമോ 15 ക. യോ (ഏതാണു കൂടുതലെന്നുവച്ചാൽ അതു്) ആണു് ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഡിയർനെസ് അലവൻസ്. അവർക്കു പുതിയ ഉത്തരവനുസരിച്ച് 55-150 ക. ഗ്രേഡിലുള്ള ഗവ: അദ്ധ്യാപകന്മാർക്കു തുല്യമായ ഡിയർനെസ് അലവൻസ് ലഭിക്കും. ഇതിൻെറ ഫലമായി പ്രൈവററ് സെക്കണ്ടറിസ്കൂൾ പദ്ധതിയനുസരിച്ച് പ്രൈവററ്സ്കൂളിൽ ഏററവും കുറഞ്ഞ 60 ക. ശമ്പളവും അലവൻസിനത്തിൽ ലഭിക്കുന്ന തുകയും ഉൾപ്പെടെ പ്രതിമാസം 88 ക. ലഭിക്കും.

### ഹെഡ്മാസ്റ്റർമാരുടെ വേതനം

ഇപ്പോൾ പ്രൈവററ് സെക്കണ്ടറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു് 150-200 ക. യാണു് ലഭിക്കുന്നതു്. പുതിയ ഉത്തരവനുസരിച്ച് 150-250 ക. ശമ്പളസ്കെയിൽ അവർക്കു ലഭിക്കും. എന്നാൽ ഒരു ഗ്രാഡ്വേററ് അദ്ധ്യാപകനെന്ന നിലയിൽ പത്തുകൊല്ലത്തിൽ കുറയാത്ത സർവ്വീസുള്ളവർക്കേ ഇതു ലഭിക്കുകയുള്ളു. മററുള്ളവർക്കു് അദ്ധ്യാപകനെന്നനിലയിൽ കിട്ടുന്ന ശമ്പളത്തിനുപുറമെ യുക്തമായ ഒരലവൻസ് നൽകുന്നതായിരിക്കും. അവർക്കു നിശ്ചയിക്കേണ്ട അലവൻസ് സംബന്ധിച്ച നിർദ്ദേശങ്ങൾ വിദ്യാഭ്യാസഡയറക്ടർ അയക്കേണ്ടതാണു്.

### മിഡിൽസ്കൂളുകളിൽ

മിഡിൽസ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് സർക്കാർമിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ശമ്പളവും അലവൻസും ലഭിക്കും.

### പ്രൈമറി സ്കൂളദ്ധ്യാപകന്മാർ

പ്രൈവററ്പ്രൈമറിസ്കൂളദ്ധ്യാപകർക്കു് ഗവണ്മെൻറു് പ്രൈമറി സ്കൂളദ്ധ്യാപകർക്കു ലഭിക്കുന്ന 35-80 ക. ഗ്രേഡ് ലഭിക്കും.

### രൂപാ 14 ണ

അവർക്കു ശമ്പളത്തിനു ഗ്രാൻറ് -ഇൻ-എയിഡായി രൂപാ 14 ണ. ട്രെയിൻഡ് അദ്ധ്യാപകരുടെ കാര്യത്തിൽ ഗവണ്മെൻറു് അനുവദിക്കുന്നതാണു്. അവർക്കു നൽകേണ്ട ഡിയർനെസ് അലവൻസ് ഗവണ്മെൻറു് പ്രൈമറിസ്കൂളുകളിലെ നിരക്കിലായിരിക്കും. അതിലേക്കും രൂപാ 14 ണ. പ്രകാരമുള്ള സംഖ്യ ഗ്രാൻറായി നൽകും.

പ്രൈവററ്പ്രൈമറിസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർക്കുള്ള സൂപ്പർവിഷൻ അലവൻസ് ഗവണ്മെൻറ്സ്കൂൾ ഹെഡ്മാസ്റ്റർമാർക്കുള്ള നിരക്കിനു തുല്യമായിരിക്കും.

പ്രൈവററ് ഹൈസ്കൂളുകളിലെയും മിഡിൽസ്കൂളുകളിലേയും പ്രൈമറിസ്കൂളുകളിലെയും അദ്ധ്യാപകന്മാരുടെ ശമ്പളവും ഡിയർനെസ് അലവൻസും പരിഷ്കരിക്കുന്നതുമൂലം 86 ലക്ഷം ക യോളം അധികച്ചെലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

പ്രൈമറി, മിഡിൽസ്കൂൾ അദ്ധ്യാപകർക്കു ശമ്പളം 40-100ക. സ്കെയിലിലായിരിക്കണമെന്നും ഇതു വിദ്യാഭ്യാസവകുപ്പിലേക്കുള്ള രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ഒരുകോടി 56 ലക്ഷം ക. ആയിരിക്കുമെന്നുമാണു പേക്കമ്മീഷൻ റിപ്പോർട്ടുചെയ്തിട്ടുള്ളതു്. ശമ്പളസ്കെയിൽ പരിഷ്കരിക്കാമെന്നു ഇന്ത്യാഗവണ്മെൻറു് വാഗ്ദാനംചെയ്തിട്ടുണ്ടു്. അതുസംബന്ധിച്ച അവസാനഉത്തരവു പ്രതീക്ഷിക്കപ്പെടുന്നു.

---

ഠിപ്പിക്കാൻ വന്ന സിസ്റ്റർ:-കുഞ്ഞുങ്ങളേ, മനുഷ്യൻെറ അന്ത്യമെന്താണു്? ആർക്കു പറയാം.

ലിസ്സി: (കുറേനേരം ആലോചിച്ചിട്ട്) സിസ്റ്ററേ, ഞാൻ പറയാം.

സിസ്റ്റർ:- കൊള്ളാം ലിസ്സി പറയൂ. എല്ലാവരും ശ്രദ്ധിച്ചുകേൾക്കുക.

ലിസ്സി:-കാലിലെ നടുവിരൽ.

* * *

മനശ്ശാസ്ത്ര ചികിത്സകൻ:-(രോഗിയോടു) ഒരു ചെറിയ ബാലനും ഒരു കുള്ളനും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകാമോ?

രോഗി:- ഓഹോ, പല വ്യത്യാസങ്ങളുമുണ്ടാകും.

ചികിത്സകൻ:- കൊള്ളാം. ഒന്നു പറയൂ കേൾക്കട്ടെ.

രോഗി-:കുള്ളൻ ഒരു സ്ത്രീയായിരിക്കാം!

---


സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0



തൈക്കാട്ടു് മൂസ്സ് വക
ഇ. റ്റി. എം. വൈദ്യശാല
ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

(2-ാംപേജു തുടർച്ച)

ചെറുസംഘത്തിന്റെ താവളത്തിൽ മദ്ധ്യാഹ്നമായപ്പോൾ ബാറാബാസെത്തി. അവരെ അസ്വസ്ഥരായിട്ടാണയാൾ കണ്ടതു്. പിരിഞ്ഞുപോയ സമറായർ അവരുടെ വക ഒട്ടുവളരെ ആടുകളെ തട്ടിക്കൊണ്ടുപോയി. തലേരാത്രി ജോയലും മൂന്നു സഹയാത്രികന്മാരും അവരുടെ താവളത്തിൽവന്നു് തിന്നും കുടിയും കഴിഞ്ഞു് ഒട്ടൊന്നും കൊടുക്കാതെ കടന്നുകളയുകയും ചെയ്തു. ബാറബാസ് താവളത്തിലുണ്ടായിരുന്നവരെ സമാധാനപ്പെടുത്തി. നഷ്ടപ്പെട്ട ആടുകളുടെ വിലയും പണംകൊടുക്കാമെന്നു വാഗ്ദാനംചെയ്തു.

"എങ്ങോട്ടുതിരിഞ്ഞാണു് ആ നാലുപേർ പോയതു്?" ബാറാബാസ് ചോദിച്ചു ബാറാബാസിനു അവരെ കണ്ടുപിടിക്കണമെന്നാഗ്രഹമില്ലായിരുന്നു. അവരുമായി കൂട്ടിമുട്ടാതിരിക്കുവാൻ സാധിക്കുമോയെന്നറിവാനാണു് ചോദ്യം ചോദിച്ചതു്.

"ഞങ്ങൾ ഇരുട്ടാകുന്നതുവരെ അവരുടെ പിറകെ ചെന്നു. അവർ രക്ഷപെട്ടു. തെക്കോട്ടു തിരിഞ്ഞാണു് അവർ പോയതെന്നു തോന്നുന്നു." അവർ മറുപടി പറഞ്ഞു.

ഈ അറിവു് ബാറാബാസിന്നാശ്വാസപ്രദമായിരുന്നു. അയാൾ യാത്രതുടർന്നു. ജോയലിനും കൂട്ടർക്കും സമാറിയായിൽ സ്വാഗതം ലഭിക്കുക സാദ്ധ്യമല്ലാതിരുന്നതിനാൽ അവർ അങ്ങോട്ടു പോകാനിടയില്ലെന്നു് ബാറാബാസ് തീരുമാനിച്ചു. അതുകൊണ്ടു് അവരുമായി കണ്ടുമുട്ടുവാനുള്ള സാംഗത്യവും കുറഞ്ഞു. സായംകാലമായപ്പോൾ ബറാബാസ് സമതലം കടന്നു്, കുറെ പൊങ്ങിയും പിന്നീടു് താഴ്ന്നും കിടന്ന ഒരു പ്രദേശത്തെത്തി. അകലെ ഏതാനും കുന്നുകളും കാണാറായി. വളരെ ക്ലേശിച്ചു് മണ്ണിൽ വേലചെയ്തു് ഉപജീവനംകഴിച്ച ആളുകളുടെ പാർപ്പിടങ്ങളായ ചില കുടിലുകൾ മുരടിച്ചുനിന്ന ഏതാനും സൈത്തുവൃക്ഷങ്ങൾക്കു സമീപം കാണപ്പെട്ടു. ഈ ആളുകളും ബറാബാസിന്റെ പരിചയക്കാരായിരുന്നു. അവർ അയാൾക്കു പലപ്പോഴും ആതിഥ്യം നൽകിയിട്ടുണ്ടു്. ഇവരിൽനിന്നും ചില വിവരങ്ങൾ ബറാബാസ് ഗ്രഹിച്ചു.

"ബറാബാസ്", സൂക്ഷിച്ചുകൊള്ളണം. റോമൻഭടന്മാരുടെ ഒരു വലിയ സംഘം ഈവഴി ഇന്നു വടക്കോട്ടു കടന്നിട്ടുണ്ടു്" അവരിൽ ഒരുവൻ പറഞ്ഞു.

അപസർപ്പകരായ ഭടന്മാരുടെ ഒരു സംഘമാണു് ആ വഴി കടന്നുപോയതെന്നു ബറാബാസ് ഊഹിച്ചു. ഈ ഗണത്തിൽപ്പെട്ടവർ പല സംഘങ്ങളായി രാജ്യം മുഴുവൻ ചുററിസഞ്ചരിക്കുക പതിവായിരുന്നു. എന്നാൽ ഈ ഭടസംഘത്തിന്റെകൂടെ രണ്ടു യഹൂദത്തടവുകാരുണ്ടായിരുന്നുവെന്നറിഞ്ഞതു് ബറാബാസിനെ ചിന്താകുലനാക്കി. "തടവുകാരിൽ ജോയലുണ്ടായിരുന്നോ?" ബറാബാസ് ചോദിച്ചു.

കുടിലിലെ ആളുകൾക്കു ജോയലിനെയും ബറാബാസിന്റെ മററു പ്രധാനസഹപ്രവർത്തകരേയും പരിചയമുണ്ടായിരുന്നു. "ഇല്ല. എന്നാൽ രണ്ടുപേരും നിങ്ങളുടെ ആളുകളാണു്. നിങ്ങളുടെകൂടെ അവരെ പലപ്രാവശ്യം ഞാൻ കണ്ടിട്ടുണ്ടു്" ഒരു കിഴവൻ ഉത്തരംനൽകി.

ജോയലിന്റെ അനുചരന്മാരിൽ രണ്ടുപേർ റോമന്മാരുടെ കൈയിൽ അകപ്പെട്ടുവെന്നു ബറാബാസിനു ബോദ്ധ്യമായി. ജോയലിനു എന്തു സംഭവിച്ചിരിക്കാം? അയാളും മററു ഉപസേനാനിയും വധിക്കപ്പെട്ടുവോ? ഈ ചോദ്യങ്ങൾ ബറാബാസ് ചവച്ചിറക്കുകയായിരുന്നു. ജോയൽ റോമന്മാരുമായി സഖ്യത്തിലേർപ്പെടുവാൻ തുനിയുകയില്ലായിരുന്നുവെന്നു ബറാബാസ് വിശ്വസിച്ചു. റോമന്മാരോടുകൂടി യോജിക്കുവാനല്ലെങ്കിൽ ആരുമായി സഹകരിക്കുവാനായിരുന്നു അയാൾ ഒളിച്ചോടിയതു്?

ഈ ചോദ്യങ്ങൾക്കുത്തരം ലഭിക്കാതെ ചിന്താമഗ്നനായി ബറാബാസ് സവാരിതുടർന്നു. സന്ധ്യക്കടുത്തു് ഒമ്പതുമണിയായപ്പോൾ ബറാബാസും, ക്ഷീണിച്ചവശായ അയാളുടെ അശ്വതരവും, സമറായനഗരമായിരുന്ന ശേഖേമിനു സമീപം യാക്കോബിന്റെ കിണററിങ്കലെത്തി. തങ്ങളുടെ താഴ്‌വരയിലെ പ്രധാനസ്ഥാനങ്ങൾക്കെല്ലാം പൂർവ്വപിതാക്കന്മാരെ അനുസ്മരിപ്പിക്കുന്ന നാമങ്ങൾ നൽകുകയായിരുന്നു സമറായരുടെ മുറ. പ്രസ്തുത കിണർ യാക്കോബ് സ്വപുത്രൻ ജോസഫിനു ദാനംചെയ്തതായിരുന്നുവെന്ന വിശ്വാസംമൂലമത്രെ ആ പേരുണ്ടായതു്. ദേശരീതിയനുസരിച്ചു് അപ്പോഴും സൂര്യപ്രകാശം ശേഖേമിനും ഗെറിസ്സിംമലയ്ക്കും മദ്ധ്യേ കാണപ്പെട്ട കേദാരങ്ങളിൽ വിലസി. നിമ്നോന്നതങ്ങളായ കൃഷിസ്ഥലങ്ങൾ ഉത്സാഹഭരിതരായ സ്ത്രീപുരുഷന്മാരുടെ പ്രവർത്തനരംഗമായി വിളങ്ങി. മുളകൊടുക്കുന്ന വിളഭൂമിയിലെ സുരഭിയും, സാനന്ദഗാനത്തിന്റെ മനോമോഹനനിനദവും കാററിലേറിപ്പാറി. (തുടരും)

---

ആത്മകഥാകഥനം

# ഞങ്ങളും സഭയെ ആശ്ലേഷിച്ചു

[മിസ്സിസ്സ് മേരിക്കുട്ടി, കണ്ടനാട]

എന്റെ പ്രിയ ഭർത്താവിന്റെ മാനസാന്തരകഥയാണു് എന്റെയും മാനസാന്തരകഥ. ഭാര്യാഭർത്തൃബന്ധത്തെപ്പോലെ സുദൃഢമായ ബന്ധമേതാണു വേറേ? 1925ൽ ആയിരുന്നു ഞങ്ങളുടെ വിവാഹം. അദ്ദേഹം യാക്കോബായ സഭയിൽ തീക്ഷ്ണതയേറിയ ഒരു ശെമ്മാശനായിരുന്നു. ഒരുകാലത്തും കത്തോലിക്കരോടു മതപരമായി ചേരുകയില്ലെന്നു പ്രതിബദ്ധനായിരുന്നു കണ്ടനാട്ടു കരവട്ടുവീട്ടിൽ സൈമൺ ശെമ്മാശൻ — ആഭിജാത്യവും ആജ്ഞാശക്തിയും മുററിനിന്നിരുന്ന ഒരു യാക്കോബായവിശ്വാസി. ഇതര ക്രൈസ്തവസഭകളുമായി പലപ്പോഴും പലതിലും മൈത്രീബന്ധം പാലിച്ചിരുന്നു അദ്ദേഹമെങ്കിലും റോമൻ കത്തോലിക്കരുമായി ഒരിക്കലും വേഴ്ചയുണ്ടായിരുന്നില്ല.

സ്വപൂർവ്വജരായി രണ്ടു മെത്രാപ്പോലീത്തമാർ ഉണ്ടായിരുന്ന കുടുംബത്തിലാണു് അദ്ദേഹം ജാതനായതു്. മുൻഗാമികളുടെ നിലയേയും വിലയേയും നിലനിറുത്തുവാനായി ദൈവത്താൽ വിളിക്കപ്പെട്ടവനെന്ന നിലയിൽ അദ്ദേഹം 14 വർഷത്തോളം ഒരു ശെമ്മാശനായിത്തന്നെ കഴിഞ്ഞു.

സ്വജീവിതത്തിലെ എല്ലാ പരിവർത്തനങ്ങളെക്കുറിച്ചും ശരിയായ ഒരു ഡയറി എഴുതി സൂക്ഷിക്കുക അദ്ദേഹത്തിനു പതിവായിരുന്നു തന്മൂലം ഞങ്ങളുടെ വിവാഹത്തിനുമുമ്പുള്ള അനേക വസ്തുതകളും ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. തികഞ്ഞ ദൈവഭക്തനും മതാനുഷ്ഠാനപ്രിയനുമായിരുന്ന അദ്ദേഹത്തിന്റെ ഡയറി വിലയേറിയ ഒരു നിക്ഷേപമായിത്തന്നെ ഞാൻ കരുതുന്നു. കഴിഞ്ഞൊരു ദിവസം മേശ തുറന്നു പരിശോധിച്ചപ്പോൾ കണ്ട ഒരുതുണ്ടുകടലാസാണു് ഈ ലേഖനമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്.

"1100 ഇടവമാസം ഇരുപത്തിഅഞ്ചാംതീയതി പെന്തിക്കോസ്തിഞായറാഴ്ച കണ്ടനാട്ടു മർത്തമറിയം പള്ളിയിൽവച്ചു കരവട്ടുവീട്ടിൽ ശെമഓൻ ശെമ്മാശന്റെ വിവാഹം മാന്നാത്തു മാത്തിൽ നൈനാച്ചൻ മേരിക്കുട്ടിയുമായി നടന്നു.

"1926നു് 1102 തുലാമാസം ഇരുപത്തിനാലാംതീയതി മലങ്കരയുടെ പാലൂസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായാൽ കരോട്ടുവീട്ടിൽ മാത്തു ശെമഓൻ ശമ്മാശ്ശൻ തന്റെ ഇരുപത്തിആറാമത്തെ വയസ്സിൽ കത്തനാരുപട്ടം കെട്ടപ്പെട്ടു, ആലുവാതൃക്കുന്നത്തു സെമിനാരിയിൽവച്ചു ഞായറാഴ്ചദിവസം.

"അടുത്ത ഞായറാഴ്ച കൂദാ



പരേതനായ കോർ എപ്പിസ്ക്കോപ്പാ
സൈമൺ കരോട്ടുവീട്ടിൽ

ഈത്തോദിവസം (1-4-102) കണ്ടനാട്ടു മത്തമറിയം പള്ളിയിൽ നവപൂജ അർപ്പിച്ചു."

ഇന്നു "ഭവനത്തിന്റെ മുകളിൽ ഏകാകിയായിരിക്കുന്ന കുരികിലിനെപ്പോലെ" തനിച്ചിരിക്കുന്ന ഞാൻ കഴിഞ്ഞ കാലങ്ങളെ ഓർത്തു തപ്തബാഷ്പം പൊഴിക്കയാണു്. ഇന്നേക്കു അഞ്ചുവർഷം മുമ്പു അദ്ദേഹം ഞങ്ങളോടു് യാത്രപറഞ്ഞു അതേ 1950 ഡിസംബർ മുപ്പതാംതീയതി, ദുഃഖവും പ്രയാസവും നെടുവീർപ്പുമുള്ള ഈ ലോകത്തിൽനിന്നു നിത്യതയുടെ പ്രശാന്തസുന്ദരമായ തീരത്തേക്കു് അദ്ദേഹം മടങ്ങിപ്പോയി. നിർവൃതിദായകമായ കഴിഞ്ഞ കാൽ നൂററാണ്ടുകാലത്തെ ഞങ്ങളുടെ കുടുംബജീവിതം അനുദിനം ഞാൻ സ്മരിക്കയാണു്. പകലിന്റെ പകുതിസമയവും ഏകയായി കഴിച്ചുകൂട്ടുമ്പോൾ കഴിഞ്ഞ കാലങ്ങളിലേക്കു ചിന്ത തനിയേ പറന്നുപോകും. ആനന്ദത്തിന്റേയും ആഹ്ലാദത്തിന്റേയും വേലിയേററം സൃഷ്ടിച്ചു, സുന്ദരസ്വപ്നങ്ങളുടെ മധുവൂറുന്ന സുവർണ്ണകാലങ്ങളെ അയവിറക്കയാണു ഞങ്ങൾ— ഞാനും ഞങ്ങളുടെ പ്രിയ കുഞ്ഞുങ്ങളും.

മരിക്കുന്നതിനു നാലുവർഷം മുമ്പു മാത്രമാണു് അദ്ദേഹം ക. തിരുസഭയിൽ ചേന്നതു്. കൊച്ചി ഇടവകയുടെ പ്രഥമമെത്രാപ്പോലീത്തായായിരുന്ന കരവട്ടുവീട്ടിൽ ശെമഓൻമാർ ദിവന്നാസിയൂസ് തിരുമേനിയുടെ സഹോദരപൗത്രനും 1926ൽ കാലം ചെയ്ത കരവട്ടുവീട്ടിൽ യൂവാക്കിം മാർ ഈവാനിയോസു തിരുമനസ്സിലേ സഹോദരപുത്രനുമായിരുന്നു കഥാപുരുഷൻ. "പുതിയ യരുശലേം" എന്നു പുകഴ്ച്ചയുള്ള കണ്ടനാട്ടെ മർത്തമറിയം പള്ളിയുടെ വികാരിയായി ഭരിച്ചു വരുമ്പോഴാണു് 1946മേയ്മാസത്തിൽ അദ്ദേഹം ക. തിരുസഭയിൽ ചേന്നതു്. വേറേ ആറു വൈദികർ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായി പ്രസ്തുതപള്ളിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിനു നേരിടേണ്ടിവന്ന എതിർപ്പുകളേയും പ്രയാസങ്ങളേയും കാണിപ്പാനാണു് ഇത്രയും പറഞ്ഞതു്.

ഞങ്ങളുടെ വിവാഹത്തിനു മൂന്നു നാലു വർഷങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു കണ്ടനാട്ടു തിരുമേനി ക. സഭയിൽ ചേരുവാൻ മുതിർന്നതു്. അന്നു ഇദ്ദേഹവും കണ്ടനാട്ടു കർമ്മേലിലെ ഇപ്പോഴത്തെ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും (അന്നു ശെമ്മാശൻ) കൂടി ചതിവുമൂലം ആ ആലോചന നിഷ്ഫലമാക്കി. സാധുവായ മാർ ഈവാനിയോസ് തിരുമേനിയെ ഒരു വള്ളത്തിലാക്കി അവർ തെക്കോട്ടു വച്ചുപിടിച്ചു. ആരും അറിയാതെ എറണാകുളത്തു് എത്താമെന്നും കാറിൽ അങ്ങോട്ടു പോയാൽ ജനങ്ങൾ അറിഞ്ഞു ബഹളം കൂട്ടുമെന്നും അവർ വഞ്ചനാപൂർവ്വം തിരുമേനിയെ ഗ്രഹിപ്പിച്ചു. അങ്ങനെ "ചതിവുചെയ്തു കളംകൈ" ആ പുനരൈക്യശ്രമത്തെ വിഫലമാക്കി. അതിന്റെ പരിഹാരത്തിനുവേണ്ടി കൂടിയാണു് അദ്ദേഹം തിരുസഭയിൽ ചേന്നതു്. പുനരൈക്യാനന്തരം ഈ വസ്തുതകൾ അദ്ദേഹം പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടു്.

മററു പലരേയും പോലെ യാക്കോബായസഭയുടെ സമുന്നതിക്കായി അക്ഷീണം പരിശ്രമിച്ച ഒരു വൈദികനായിരുന്നു അദ്ദേഹം. കേരളത്തിൽ സുവിശേഷപ്രസംഗത്തിനായി അങ്ങോളമിങ്ങോളം അനേകംതവണ അദ്ദേഹം സഞ്ചരിച്ചിട്ടുണ്ടു്. അനേകം പ്രസംഗയോഗങ്ങളും ധ്യാനപ്രസംഗങ്ങളും നടത്തിയിട്ടുണ്ടു്. അല്ലാംപ്രതി സുവിശേഷവേല, സൺഡേസ്കൂൾ, സ്ത്രീസമാജങ്ങൾ മുതലായവ ഫലപ്രദമായി നടത്തി, അനേകരെ ക്രിസ്തുവിനു ആദായപ്പെടുത്തുവാൻ. അദ്ദേഹത്തിന്റെ സുവിശേഷതല്പരതയും കർമ്മകുശലതയും പരിഗണിച്ചു, 1940 ജനുവരി 5-ാം തീയതി തിമോത്തിയോസ് ഔഗേൻ മെത്രാപ്പോലീത്താ "കോർ എപ്പിസ്ക്കോപ്പാ" സ്ഥാനം നൽകി ബഹുമാനിച്ചു.

യാക്കോബായസഭയിൽ ചെയ്യാവുന്നതെല്ലാം ചെയ്തിട്ടും ഒരു വിശേഷവും കണ്ടില്ല. കക്ഷിവഴക്കും അധികാരധിക്കാരവും അനുരണനക്കേടുമേ അവിടെയുള്ളു. ആദ്ധ്യാത്മികമായ അഭിവൃദ്ധിയോ ഉത്കർഷമോ അവിടെ കണ്ടുകാണാൻപോലുമില്ല. പള്ളി പള്ളിക്കെതിരായും ജനം ജനത്തിനെതിരായും വൈദികർ വൈദികക്കെതിരായും മെത്രാന്മാർ മെത്രാന്മാക്കെതിരായും പ്രവർത്തിച്ചുപോരുകയാണവിടെ. ഇതെല്ലാം കണ്ടു മനസ്സുനൊന്തു് അദ്ദേഹം പ്രാർത്ഥിച്ചു: "ദൈവമേ, സത്യത്തിന്റെ സമാധാനതുറമുഖത്തു എന്നെ അടുപ്പിക്കേണമേ. ലൗകികമായ എല്ലാ കെട്ടുപാടുകളേയും വിച്ഛേദിപ്പാനും സുവിശേഷത്തെപ്രതി നാട്ടുകാരുടേയും വീട്ടുകാരുടേയും അവഗണനകളേയും അവഹേളനങ്ങളേയും സഹിപ്പാനും എന്നെ ശക്തനാക്കണമേ."

"യഹോവ ഭവനം പണിയുന്നില്ലെങ്കിൽ വേലക്കാർ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ വൃഥാജാഗരിക്കുന്നു." യാക്കോബായസഭയ്ക്കു പററിയ വിനാശം വേറൊന്നല്ല. ദുരാഗ്രഹികളും അഹങ്കാരികളുമായവർ ദൈവവരപ്രസാദത്തെ ദുർവിനിയോഗിക്കുന്ന ലജ്ജാകരവും ബീഭത്സവുമായ കാഴ്ചയാണവിടെ.

സർവ്വശക്തികളും പ്രയോഗിച്ചു കത്തോലിക്കരെ എതിർത്തിരുന്ന അദ്ദേഹം അതിന്റെ ഒരു കിടയററ പ്രചാരകനായി മാറി. നാലുവർഷമേ പിന്നീടു ജീവിച്ചിരുന്നുള്ളു. എങ്കിലും നാല്പതുവർഷത്തെ ജോലി അതിനിടകൊണ്ടു ചെയ്തുതീർത്തു.

സ്വന്തം മാതാവും സഹോദരീസഹോദരന്മാരും ബന്ധുക്കളുമെല്ലാം അദ്ദേഹത്തെ എതിർത്തു. തികഞ്ഞ ക്ഷമയോടും പ്രശാന്തമനോഭാവത്തോടും അതെല്ലാം സഹിച്ചു. 1950ന്റെ അന്തിമദിനത്തിൽ അദ്ദേഹം നിത്യസമ്മാനത്തിനായി യാത്ര തിരിച്ചു.

ഇന്നും കഴിഞ്ഞവയെ ഓർത്തു രണ്ടുതുള്ളികണ്ണീർ ഞാൻ വീഴ്ത്തുന്നു. ഈ സ്നേഹോപഹാരം അനുദിനം ഞാൻ അർപ്പിക്കും. അദ്ദേഹത്തിനുവേണ്ടിയും പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടിയും പ്രാർത്ഥിക്കണേ.

---



അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. വി. ചുമ്മാർ
തൃശ്ശൂർ

Reg. NM. 2293

# Sathya Deepam

Vol. 29 Ernakulam December 14, 1955 No. 19




# ബാലരംഗം



## "ചുവന്ന ലില്ലി"

### വിശുദ്ധ മരിയഗൊരേററി

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

മരിയേററായുടെ ബാല്യകാലം അവളുടെ സഹോദരങ്ങളെ ക്രിസ്തീയമുറകൾ പഠിപ്പിക്കുന്നതിലാണ് സർവ്വപ്രധാനമായി ചിലവഴിച്ചിരുന്നത്. സന്ധ്യാജപം ചൊല്ലുന്നതിനു അവരെ പരിശീലിപ്പിക്കുക; ദേവാലയത്തിൽ ഭക്തിയായി ആചരിക്കേണ്ട പരിപാടികളെ അവർക്കു പറഞ്ഞുകൊടുക്കുക എന്നിങ്ങനെ നിത്യോപയോഗത്തിൽ വരുന്ന ഭക്തമുറകളെ കുട്ടിക്കാലത്തുതന്നെ ഭംഗിയായി അവരെ അവൾ പഠിപ്പിച്ചുപോന്നു. ബാലികാബാലന്മാർക്കു എത്ര പ്രായോഗികമായ ഒരു പ്രേഷിതരംഗമാണ് ഇവിടെ ദൃശ്യമാകുന്നതു്! നിങ്ങളും മരിയേററായെ അനുകരിച്ചു ഭക്തകാര്യങ്ങൾ ഗ്രഹിക്കുന്നതിനും അതു നിങ്ങളുടെ സഹോദരങ്ങളെ പഠിപ്പിക്കുന്നതിനും ക്ഷമാപൂർവ്വം പരിശ്രമിക്കുമോ? നിങ്ങൾ നിങ്ങളുടെ വീടുകളിൽ ഈ വിധത്തിൽ കുഞ്ഞു മിനഷറിമാരാകുമോ?

വല്യേട്ടൻ.




## വഴിപോക്കരെത്തുവിൻ

[ടി. വി. കുര്യൻ, തകടിപ്പുറത്തു്]

തെളിവേറും സത്യത്തെയെണ്ണിയെണ്ണി
വെളിവോടെയേവർക്കും കാട്ടിടുവാൻ,
കനകാഭചിന്തുന്ന കാന്തിയോടെ
പ്രതിവാരമോരോരോ വീടുതോറും
മടിയററൊരുത്സാഹമോടെത്തിടുന്ന
മധുരിമയേറിടും "സത്യദീപം";
തടവെന്യേ കത്തിജ്വലിച്ചിടുന്നീ
മലനാടിൻ മദ്ധ്യത്തിലാത്തമോദം.
ഇരുളേറിടുന്നോരു കാരണത്താൽ
വഴിചേലിൽ കാണാതുഴറിടുന്ന
വഴിപോക്കരൊക്കയുമെത്തിടുവിൻ
അതിവേശാലി ദീപകാന്തിതന്നിൽ.

**51-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

a) എന്റെ പേർ = ഉറക്കം

b) എന്റെ പേർ = മനസ്സ്

**പ്രശ്നം നമ്പ്ര 52**

(പീചിഃപ്ലാസ് സി. ററി. Reg. No 5)

ഞാൻ ഒരു വന്യമൃഗമാണ്. വലിയ കാട്ടിലാണെന്റെ വാസം. എന്റെ പേരിനു മൂന്നക്ഷരം ഒന്നും രണ്ടും കൂടിയാൽ മൃഗവർഗ്ഗത്തിന്റെ വാസസ്ഥലമാകും; ഒന്നും മൂന്നും ചേർന്നാൽ മൃഗങ്ങളും ചില വികൃതിക്കുട്ടികളും പകവീട്ടുന്ന പ്രവൃത്തിയാകും. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

## പന്ത്രണ്ടുവയസ്സുള്ള അല്ലന്റെ വിനോദം

ചില കുട്ടികളുടെ ഇഷ്ടവിനോദങ്ങൾ പക്ഷികളുടെ മുട്ട ശേഖരിക്കുക, പട്ടം പറത്തുക, മീൻ പിടിക്കുക മുതലായവയാണ്. എന്നാൽ അമേരിക്കയിൽ വെർജീനിയാ സ്റ്റേററിലെ റിച്ച്മണ്ടിൽ താമസിക്കുന്ന പന്ത്രണ്ടുവയസ്സുള്ള അല്ലൻ ബോറിൻജറിന്റെ ഇഷ്ടവിനോദം, പള്ളികളുടെ മണിമാളികകളിലും പബ്ലിക്ക് കെട്ടിടങ്ങളുടെ മുകളിലും സ്ഥാപിച്ചിട്ടുള്ള വലിയ നാഴികമണികൾ നന്നാക്കുകയാണ്.

ഒരിക്കൽ അല്ലനു് ഇൻഫ്ളുവൻസാപിടിപെട്ടു് സ്കൂളിൽപോകാൻ നിവൃത്തിയില്ലാതെ വീട്ടിൽ താമസിക്കേണ്ടിവന്നപ്പോൾ അയാളുടെ അച്ഛൻ ഉപയോഗശൂന്യമായ ഒരു നാഴികമണി കളിക്കാൻ കൊടുത്തു. അതിൽപ്പിന്നെ, നിന്നുപോയ നാഴികമണികൾ കാണുമ്പോളൊക്കെ അല്ലനു് മനഃസമാധാനമില്ലാതാകും. അത്തരം നാഴികമണികളുടെ വലിപ്പവും പഴക്കവും അവ വച്ചിരിക്കുന്ന സ്ഥലത്തു് ചെന്നെത്താനുള്ള വൈഷമ്യവും വർദ്ധിക്കുന്നതോടൊപ്പം അവ നന്നാക്കുന്നതിനു് അല്ലനുള്ള മോഹവും വർദ്ധിക്കും.

കഴിഞ്ഞ വേനല്ക്കാലത്തു് ഒരു ദിവസം അടുത്തുള്ള ഒരു പള്ളിയുടെ മണിമാളികയിൽ വച്ചിരുന്ന നാലു മുഖമുള്ള നാഴികമണിയുടെ സൂചികൾ നിശ്ചലമായി നില്ക്കുന്നതു അല്ലൻ കണ്ടു. ആ നാഴികമണി ഇനി ഒരുകാലത്തും നടക്കുകയില്ലെന്നു് പള്ളിയിലെ അച്ചൻ പറഞ്ഞു. കാരണം, അതു് നന്നാക്കാൻ രണ്ടായിരം ഡോളർ വേണം, പള്ളിക്കു് അതിനു പണമില്ല. അതു് നന്നാക്കാൻ അല്ലൻ അനുവാദം മേടിച്ചു.

കഴിഞ്ഞ ആഗസ്റ്റിൽ ഓരോ ശനിയാഴ്ചയും ആ കുട്ടി 130 അടി പൊക്കമുള്ള മണിമാളികയുടെ മുകളിലെത്തി നാഴികമണി കുറേശ്ശെ നന്നാക്കിക്കൊണ്ടിരുന്നു. ചക്രങ്ങൾ മുതൽ ഭീമാകാരമായ പെൻഡുലംവരെയുള്ള ഓരോ ഭാഗവും അഴിച്ചെടുത്തു് എണ്ണയിട്ടു. അങ്ങനെയിരിക്കെ ഒരു ശനിയാഴ്ച രാവിലെ, 1885 ൽ സ്ഥാപിച്ചതും 11 കൊല്ലക്കാലമായി നടക്കാതിരുന്നതുമായ ആ നാഴികമണി അടിച്ചുതുടങ്ങി. മണിയുടെ ശബ്ദംകേട്ടു് ഇടവകക്കാരെല്ലാം വളരെ ആഹ്ളാദിച്ചു.

ജെഫേഴ്സൻ ഹോട്ടലിന്റെ മുകളിൽ സ്ഥാപിച്ചിരുന്ന നാഴികമണി വളരെക്കാലമായി കേടായിട്ടിരിക്കയായിരുന്നു. അതിനു മുമ്പു് ആ മണി നോക്കിയാണു് അവിടങ്ങളിൽ പലരും തങ്ങളുടെ വാച്ചിന്റെ സമയം ശരിപ്പെടുത്തിവന്നതു്. കഴിഞ്ഞ ഡിസംബറിൽ, 150 അടി പൊക്കമുള്ള ഹോട്ടൽമണിമാളികയിൽ സ്ഥാപിച്ചിരുന്ന നാഴികമണി പരിശോധിക്കാൻ അല്ലൻ അനുവാദം വാങ്ങി. നാഴികമണിയുടെ മുഖങ്ങൾ ഓരോന്നിനും ആറടി വ്യാസമുണ്ടു്; പെൻഡുലങ്ങൾക്കു് 13 അടി നീളവും.

നാഴികമണി പരിശോധിച്ചപ്പോൾ കണ്ട കാഴ്ചയെപ്പററി അല്ലൻ പറയുന്നു: "എല്ലാം തകരാറായിക്കിടക്കുകയായിരുന്നു. ഉരുക്കുകൊണ്ടുള്ള ഭാഗങ്ങൾ തുരുമ്പു പിടിച്ചിരുന്നു. അതിനിടയ്ക്കു് പ്രാവുകൾ കൂടുവച്ചിട്ടുണ്ടായിരുന്നു. എണ്ണയും ഗ്രീസും ഉറച്ചു് കട്ടിയായിരുന്നു."

ആ നാഴികമണി നന്നാക്കാൻ അനേകായിരം ഡോളർ ചെലവു വരുമായിരുന്നു. വേനലവധികഴിഞ്ഞു് ആറാംക്ലാസ്സിൽ ചേർന്നു പഠിത്തം തുടങ്ങാറായപ്പോൾ അല്ലൻ മണി നന്നാക്കിക്കഴിഞ്ഞു.

കുറെക്കഴിഞ്ഞു്, വാച്ചും ക്ലോക്കും ശേഖരിക്കുന്നവരുടെ ദേശീയസംഘടനയുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ അല്ലനെ വാഷിംഗ്ടണിലേക്കു് ക്ഷണിച്ചു. അവിടെവച്ചു് അല്ലൻ പ്രസിഡണ്ടു് ഐസൻഹോവറിനെ കാണുകയും അമേരിക്കയിലെ ഏററവും ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട ക്ലോക്കുകൾ ശേഖരിച്ചിരിക്കുന്ന നേവൽ ഒബ്സർവേററി സന്ദർശിക്കുകയും ചെയ്തു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1